# 4
# ക്രിസ്തു, നമ്മുടെ മഹാപുരോഹിതൻ (ഭാഗം 1)
# (4:1-16)

**ക്രിസ്തുവിന്റെ വിശ്രമം (3:7-4:13)**
**(തുടരുന്നു)**

എബ്രായ ലേഖനത്തിൽ പതിമൂന്നു പ്രബോധന പ്രസ്താവനകൾ ഉൾപ്പെടുന്നു. “നമുക്ക്” എന്ന് സാധാരണ ഗ്രീക്ക് പ്രയോഗത്താൽ അടയാളപ്പെടുത്തിയിരിക്കുന്നവയാണ് ആ പ്രബോധനങ്ങൾ (4:1, 11, 14, 16; 6:1; 10:23, 24; 12:1, 28; 13:13, 15). ആദ്യം പറയുന്നത് “ഭയം” ആണ്, അത് നിഷേധ വികാരത്തെയാണ് കാണിക്കുന്നത്; എങ്ങനെയായാലും, ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും ആരംഭമാണ് ഭയം (സദൃശ. 1:7, 9:10), അവ ക്രിയാത്മകമായ ഗുണങ്ങളാണ്. ഓരോ പ്രബോധനവും വായനക്കാരെ ജീവിതത്തിന്റെ ഉയർന്ന നിലവാരത്തിലേക്ക് നയിക്കുന്നു. ആ ഭാഗത്തിന്റെ ഉച്ചസ്ഥാനം ആരംഭിക്കുന്നത് 3:1 ഉം 4:1-13 ഓടുകൂടിയുമാണ്. യെഹൂദ മതം വിട്ട് ക്രിസ്ത്യാനികളായി തീർന്ന ആദ്യവായനക്കാരോട് ക്രിസ്തു മോശെയെക്കാൾ ഉയർന്നവനാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

**യിസ്രായേലിന് നൽകിയ വാഗ്ദാനങ്ങൾ ക്രിസ്ത്യാനികൾക്കുമുള്ളത് (4:1-13)**

ശബ്ബത്ത് വിശ്രമത്തെ കുറിച്ച് മൂന്നു പ്രബോധനങ്ങൾ (4:1-4)

**1അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്ക
യാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്നു വരാ
തിരിപ്പാൻ നാം ഭയപ്പെടുക. 2അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം
കെട്ടവർ ആകുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കാതി
രിക്കകൊണ്ട്, കേട്ട വചനം അവർക്ക് ഉപകാരമായി വന്നില്ല. 3വിശ്വസിച്ച
വരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു; ലോകസ്ഥാപനത്തിങ്കൽ
പ്രവൃത്തികൾ തീർന്നുപോയ ശേഷവും,**
**“അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്ന് ഞാൻ എന്റെ
കോപത്തിൽ സത്യം ചെയ്തു എന്ന് അരുളിച്ചെയ്തിരിക്കുന്നുവല്ലോ.”**
**4ഏഴാം നാളിൽ ‘‘ദൈവം തന്റെ സകല പ്രവൃത്തികളിൽ നിന്ന് നിവൃ
ത്തനായി’’ എന്ന് ഏഴാം നാളിനെ കുറിച്ച് ഒരേടത്ത് പറഞ്ഞിരിക്കുന്നു.”**

4:1-4 വരെയുള്ള വേദഭാഗം, ശബ്ബത്ത് വിശ്രമത്തെ കുറിച്ച് വായനക്കാർക്ക് മൂന്നു പ്രബോധനങ്ങൾ നൽകിയിരിക്കുന്നു. നമുക്ക് അതിനെ “നമ്മുടെ ശബ്ബത്ത് വിശ്രമത്തിന്റെ പ്രബോധനം” എന്നു വിളിക്കാം.

**വാക്യം 1.** അദ്ധ്യായം 3 ലെ വാദം അദ്ധ്യായം 4 ലും തുടരുന്നതായിട്ടാണ് ആകയാൽ എന്നു പറഞ്ഞത് സൂചിപ്പിക്കുന്നത്. 3:12-19 ലെ മുന്നറിയിപ്പുകൾ

അവസാനിപ്പിച്ചിരിക്കുന്നത്, അദ്ധ്യായം 4 ലെ ചിന്തക്ക് വൈപരീത്യം വരുത്തുന്നില്ല. ഇതിനേക്കാൾ മോശമായ സാഹചര്യം വന്നാലും, "നാം തെറ്റായി നയിക്കപ്പെടുവാനിടയാകരുത്" എന്നതിന് മാത്രമാണ് **നാം ഭയപ്പെടുക** എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്നു കരുതരുത്.

*ആദ്യത്തെ ചുമതല "ഭയപ്പെടുക" എന്ന നിർദ്ദേശം നിഷേധമായ അർത്ഥത്തിലുള്ളതാണ്. അവന്റെയോ അവളുടെയോ സാഹചര്യത്തെ ബഹുമാനിക്കുന്ന മനോഭാവത്തെയാണ് അത് പറയുന്നത്.*

എബ്രായ ലേഖനത്തിലെ പ്രധാനപ്പെട്ട ആശയമാണ് "ഭയപ്പെടുക" എന്നത്. വാസ്തവത്തിൽ ഒരാൾ ദൈവത്തെ ഭയപ്പെടുന്നു എങ്കിൽ വിശ്വസ്തമായി ജീവിക്കുകയും **അവന്റെ സ്വസ്ഥത** നഷ്ടമാക്കാതിരിക്കുകയും ചെയ്യും.

"വിശ്രമം" (*കാറ്റാപൗസിസ്*) എന്ന വാക്ക് വാക്യം 1 മുതൽ 4 വരെ ഉപയോഗിച്ചിരിക്കുന്നതിന് പല അർത്ഥങ്ങൾക്ക് സാധ്യത ഉണ്ട്. ഒന്ന്, വാക്യം 3 ലെ വർത്തമാനകാലം ക്രിസ്തീയകാലത്തെ മുഴുവൻ കാണിക്കുന്നുവെങ്കിൽ പിന്നെ "ദൈവത്തിന്റെ സമാധാനം" എന്ന പ്രയോഗവും ഉൾപ്പെട്ടിരിക്കാം (ഫിലി 4:7). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് വർത്തമാനകാലത്തിൽ അവകാശമാക്കുന്നതാണ്. എഫ്. എഫ്.ബ്രൂസ് ആ ആശയത്തെ നിഷേധിച്ചു പറഞ്ഞത് 4:1-3 മായി "ലഭിക്കുവാനുള്ള ഒന്നായി," കണക്കാക്കാം, "വർത്തമാനകാലം സൂചിപ്പിക്കുന്നത് (അത്) വിശ്വസിച്ചിരിക്കുന്നവനുള്ള വിശ്രമമാണ്."[1] രണ്ട്, 6 ദിവസത്തെ സൃഷ്ടിപ്പിന് ശേഷം ദൈവം വിശ്രമിച്ചതിനെക്കുറിച്ച് പറഞ്ഞതുമാകാം. മൂന്ന്, യിസ്രായേലിന് വാഗ്ദാനം ചെയ്ത ദേശത്തിന് അത് ഉപയോഗിച്ചിരിക്കുന്നു. "എന്റെ വിശ്രമം" എന്നാണ് വാക്യം 3 ൽ നാം വായിക്കുന്നത്, അത് സങ്കീർത്തനങ്ങൾ 95:11 ൽ നിന്നും എടുത്തതാണ്. ഇവിടെ, "എന്റെ വിശ്രമം," ദൈവം സൃഷ്ടിത്വം തീർത്തശേഷം വിശ്രമിച്ചതിനെ കുറിച്ചും (ഉല്. 2:2), വാഗ്ദാനദേശത്തെ കുറിച്ചും പറയുന്നു. നാല്, ആ വാക്കിന്റെ ഈ ഉപയോഗത്തിന് പുറമെ, ഒരു വിശ്രമം കൂടെ **അവശേഷിക്കുന്നു.**[2] ആ വിശ്രമം ക്രിസ്തീയകാലത്തിലെ വിശ്വസ്തരായ ക്രിസ്ത്യാനികൾക്കുള്ളതാണ്.

ഉൽപ്പത്തിയിൽ ഏഴാം ദിവസം വൈകുന്നേരത്തെ കുറിച്ച് പറയാതിരിക്കുന്നതിനാൽ ദൈവത്തിന്റെ വിശ്രമം തുടരുന്നു എന്നാണ് ചില റബ്ബിമാർ വിശ്വസിച്ചിരുന്നത്.[3] ദൈവം എല്ലാ ശബ്ബത്ത് നാളിലും വിശ്രമിക്കുന്നു എന്നാണ് മറ്റുള്ളവർ വിശ്വസിക്കുന്നത്.[4] അതുകൊണ്ട് "വിശ്രമ ദിവസം" എന്നതിന് അവസാനമില്ല. എബ്രായലേഖകൻ വിചാരപ്പെടുന്നത് നാലാം ദിവസത്തെ "വിശ്രമം"-അത് നിത്യമായ സ്വർഗ്ഗീയ വിശ്രമമാണ്. ലേഖനത്തിൽ പ്രാഥമികമായ ഊന്നൽ ഈ "വിശ്രമത്തിനാണ്."

വാക്യം 1 ലെ "അവന്റെ വിശ്രമം" എന്ന് പറയുന്നത് ദൈവം വിശുദ്ധന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പ്രതിഫലമാണ് അത് സ്വർഗ്ഗീയ വിശ്രമമാണ്. അതിന് പുറമേ ക്രിസ്ത്യാനികൾക്ക് വാസ്തവത്തിൽ ദൈവത്തിന്റെ വിശ്രമത്തിൽ ഇപ്പോൾ പ്രവേശിക്കുവാൻ കഴിയും. "ഇത് ദൈവം നൽകുന്ന വെറുമൊരു വിശ്രമമല്ല; അത് ദൈവത്തിന്റെ തന്നെ വിശ്രമം വീണ്ടെടുക്കപ്പെടുന്നവരുമായി പങ്കിടുന്നതാണ്."[5] വിശ്രമത്തിന്റെ ഉറപ്പ് ഇപ്പോൾ നമുക്ക് ഉണ്ട് (മത്താ. 11:28-30), അതിനെ "ദൈവത്തിന്റെ സമാധാനം" എന്ന് വിളിക്കാം (ഫിലി. 4:7), അത് നിത്യവുമാണ് (വെളി. 14:13). പഴയ നിയമകാലത്തെ യിസ്രായേൽ ജനം പ്രവേശിച്ചത് ദൈവത്തിന്റെ നിത്യമായ വിശ്രമത്തിന്റെ നിഴലിൽ

മാത്രമായിരുന്നു.

മിസ്രയീം വിട്ടുപോയ യിസ്രായേലിലെ ഭൂരിഭാഗം പേർക്കും സംഭവിച്ചത് നോക്കിയാൽ-അതായത് അവർക്ക് വാഗ്ദാനം ചെയ്ത വിശ്രമത്തിൽ പ്രവേശിക്കുവാൻ കഴിയാതിരുന്നത്-നമ്മെ ഭയപ്പെടുത്തുന്നു. ഈ പ്രബോധനങ്ങൾക്ക് എന്തെങ്കിലും അർത്ഥമുണ്ടാകണമെങ്കിൽ ദൈവത്തിന്റെ കൃപയിൽ നിന്ന് വീണുപോകാൻ സാധ്യതയുണ്ടെന്ന് നാം സമ്മതിക്കണം. യിസ്രായേലിലെ ഒരു തലമുറയ്ക്ക് കനാൻ ദേശത്ത് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ നിത്യമായ "വിശ്രമം" നഷ്ടപ്പെടുകയില്ലെങ്കിൽ ദൈവശ്വാസിയായ എഴുത്തുകാരന്റെ പ്രബോധന മുന്നറിയിപ്പിന്റെ ആവശ്യം ഉദിക്കുന്നില്ല.

ഓരോ ക്രിസ്ത്യാനിയുടെയും പ്രാഥമികമായ ലക്ഷ്യം ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കുക എന്നതാണെങ്കിൽ തുടർച്ചയായി പരിശോധിച്ചുകൊണ്ടിരിക്കണം (2 കൊ. 13:5). ഭൂതകാലത്തിൽ നിന്ന്, പ്രത്യേകിച്ച് ദൈവം തന്റെ ജനവുമായി ഇടപെടുന്നത് മനസ്സിലാക്കിയാൽ, അത് വളരെ പ്രയോജനം ചെയ്യും.[6] ദൈവവുമായുള്ള യിസ്രയേലിന്റെ ബന്ധത്തിൽ, ആശ്രയ വിശ്വാസത്തിന്റെ കുറവ് നിമിത്തം അവർ വീഴുകയും നശിക്കുകയും ചെയ്തു. നമുക്കും അങ്ങനെ സംഭവിച്ചേക്കാം എന്നാണ് ആ വസ്തുത സൂചിപ്പിക്കുന്നത്. അതാണ് 1 കൊരിന്ത്യർ 10:1-13 ൽ പൗലൊസ് പറയുന്ന പോയിന്റ്. കരുതലോടും നിർണ്ണയത്തോടും അവന്റെ തീർപ്പ് നാം സ്വീകരിക്കണം: "നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (വാ. 12). അവന്റെ പ്രയോഗം യുക്തിപരമായി എടുത്താൽ യിസ്രായേലിന് ഭൗതീകമായി സംഭവിച്ചത് നമുക്ക് ആത്മീയമായി സംഭവിച്ചേക്കാം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നമ്മുടെ വിശ്വാസം കുറയുമ്പോൾ സ്വർഗ്ഗത്തെകുറിച്ചുള്ള നമ്മുടെ മനസ്സിലാക്കൽ നഷ്ടമാകും.

മിസ്രയിമിൽനിന്നു വിട്ടുപോയ ജനത്തിന്റെ പിൻഗാമികൾ വാഗ്ദാനദേശത്തേയ്ക്ക് നേരിട്ടു പോയില്ല. അവർ മരുഭൂമിയിൽ വച്ച് നിരവധി പരീക്ഷണങ്ങൾക്ക് വിധേയമായി, അവയിൽ മിക്കതിലും അവർ പരാജയപ്പെട്ടു. അതുപോലെ ഉടനെ നാം നമ്മുടെ സ്വർഗ്ഗീയവിശ്രമത്തിൽ പ്രവേശിക്കുകയില്ല. മരുഭൂമിയിൽ അനേകർ നഷ്ടപ്പെട്ടതു പോലെ ഇന്നത്തെ സമൂഹത്തിലും, പലരുടെ ജീവിതവും നഷ്ടപ്പെട്ടു പോയേക്കാം.

ക്രിസ്തു വിട്ടുപോയശേഷം, ഈ എബ്രായ ക്രിസ്ത്യാനികൾ മുപ്പത്തി-അഞ്ച് വർഷത്തിലധികമായി ക്ഷീണിതരായി തീർന്നു, അതുപോലെ രണ്ടായിരം വർഷങ്ങൾക്ക് ശേഷവും ക്രിസ്ത്യാനികൾ വിശ്രമം അന്വേഷിച്ച് മടുത്തുപോകാൻ സാധ്യതയുണ്ട്. ഒരാളുടെ മനസ്സ് മടുത്തു, ശീതോഷ്ണവാനായി, ദൈവത്തിന്റെ നിത്യമായ വാഗ്ദാനങ്ങൾ നഷ്ടപ്പെടുത്തിയേക്കാം. ലവൊദിക്യർ ശീതോഷ്ണവാന്മാരായതിനാൽ അവരെ രക്ഷകൻ "ഉമിണ്ണുകളെയും" (വെളി. 3:14-16). വാഗ്ദാന നിറവേറലിന്റെ ഭാഗമായി തങ്ങൾക്ക് നൽകുവാനിരിക്കുന്നത് പൂർണ്ണമായി മനസ്സിലാക്കുവാൻ അബ്രഹാമിനും മറ്റ് വിശ്വസ്തരായവർക്കും കഴിഞ്ഞില്ല എന്ന് നാം ഓർക്കണം. എങ്കിലും, "അവയെ ദൂരത്ത് നിന്ന് കാണുവാനും സ്വാഗതം ചെയ്യുവാനും അവർക്ക് കഴിഞ്ഞു" (എബ്ര. 11:13), അവർ വിശ്വാസത്തിൽ ആത്മാർത്ഥമായി നിലകൊണ്ടു.

ഈ ലേഖനത്തിലെ ഏതെങ്കിലുമൊരു ഗുണഭോക്താവിന് അതിൽ നിന്ന് **കുറവ് സംഭവിച്ചാൽ വീണുപോകുവാൻ** സാധ്യതയുണ്ട്. അങ്ങനെയല്ലെങ്കിൽ മുന്നറിയിപ്പിന്റെ ആവശ്യമില്ല. എൻഐവിയിൽ "നിങ്ങളിൽ ആർക്കും"

അങ്ങനെ സംഭവിക്കാതിരിക്കുവാൻ "ശ്രദ്ധിച്ചു കൊൾവിൻ" എന്നാണ്. ഈ വേദഭാഗത്തിന്റെ ശരിയായ വീക്ഷണം "പരാജയപ്പെടാതിരിക്കുവാൻ തീർച്ചയുള്ള ചില തീരുമാനങ്ങളെ കുറിച്ചുള്ള അറിവ്"[7] ആവശ്യമാണെന്ന് കാണിക്കുന്നു, അത് അദ്ധ്യായം 3 ൽ തുടരുന്ന വാദം, അദ്ധ്യായം 4 ൽ കാരണം വെളിപ്പെടുത്തുകയും ചെയ്യുന്നു. 3:12-19 ലെ മുന്നറിയിപ്പുകൾ, അദ്ധ്യായം 4 ലെ ചിന്തകൾക്ക് വിപരീതമല്ല. "നാം ഭയപ്പെടുക" എന്ന് വാക്യം 1 ൽ പറയുന്നത് "നാം തെറ്റായി നയിക്കപ്പെടുവാനിടയാകരുത്" എന്നതിന് മാത്രമാണ് **നാം ഭയപ്പെടുക** എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്നു കരുതരുത്. ദൈവത്തിന്റെ വിശ്രമത്തിൽ പ്രവേശിക്കുവാനുള്ള അവസരം നഷ്ടമാക്കി എന്ന തിരിച്ചറിവ് ദൈവസിംഹാസനത്തിൽ എത്തുമ്പോൾ എത്ര അപകടകരമാണ്! നാം എല്ലാവരും "ക്രിസ്തുവിന്റെ ന്യായവിധിക്ക്" നിൽക്കേണ്ടതാണ് എന്ന ഉറപ്പ് വരുത്തേണ്ടതാണ് (2 കൊ. 5:10).

**വാക്യം 2.** *രണ്ടാമത്തെ ചുമതല നമുക്ക് നൽകപ്പെട്ട വചനം കേട്ട് ജീവിക്കുക എന്നതാണ്. നമ്മോടു പ്രസംഗിച്ച വചനം നമുക്ക് ഉണ്ട്*, അത് നാം കൈക്കൊള്ളുകയും അനുസരിക്കുകയും വേണം.

നമുക്ക് **സുവാർത്ത** ഉള്ളതായി ലേഖകൻ പറഞ്ഞു. കെജെവിയിൽ "നമ്മോടു സുവിശേഷം പ്രസംഗിച്ചു" എന്നാണ്. "സുവിശേഷം" എന്ന വാക്ക് ആംഗ്ലോ-സാൻസണിൽ നിന്ന് വന്നതാണ്. "ദൈവത്തിന്റെ ഉച്ചാരണം," അല്ലെങ്കിൽ "സന്തോഷവാർത്തകൾ" എന്നാണ് അർത്ഥം. ദൈവത്തിന് മനുഷ്യരോടുള്ള പുതിയ നിയമവചനമാണ് അത്. ഈ അർത്ഥത്തിൽ പഴയനിയമകാലത്ത് ഉള്ളവരോട് പ്രസംഗിച്ച "സുവിശേഷം" എന്ന് ഉപയോഗിക്കാം, അവരുടെ "സുവാർത്ത" ഭൗമീകമായ വിശ്രമമായിരുന്നു. എന്നാൽ പുതിയ നിയമ "സുവിശേഷം" വ്യത്യസ്ത സ്വഭാവമുള്ളതും രണ്ട് നിയമത്തിലും ഉള്ളവർക്ക് ബാധകവുമാണ്. അതിനർത്ഥം പഴയനിയമത്തിൽ നിന്ന് പുതിയ നിയമത്തിലേക്ക് വരുമ്പോൾ ഒരൊറ്റ നിയമമേയുള്ളു എന്ന് വിചാരിക്കരുത്.

"അവരെപോലെ നമ്മെയും സുവിശേഷം അറിയിച്ചിരിക്കുന്നു" എന്നാണ് അക്ഷരീകമായി തർജിമ ചെയ്തിരിക്കുന്നത്. അതേ ആശയം 1 കൊരിന്ത്യർ 10:3, 4-ൽ പറയുന്നത്, "എല്ലാവരും ഒരേ ആത്മീയ ആഹാരം ഭക്ഷിക്കുകയും; എല്ലാവരും ഒരേ ആത്മീക പാനീയം കുടിക്കുകയും ചെയ്തു, കാരണം അവർ ആത്മീയ പാറയിൽ നിന്നാണ് കുടിച്ചത്; ആ പാറ ക്രിസ്തുവായിരുന്നു." തീർച്ചയായും ചില അടിസ്ഥാന മൂലകങ്ങൾ ഒന്നു തന്നെയാണ്-പ്രത്യേകിച്ച് യിസ്രായേലിനും ക്രിസ്ത്യാനികൾക്കും ആവശ്യമായിരുന്നത് ഒരു രക്ഷകനായിരുന്നു, അവനിൽ മാത്രം അവർ ആശ്രയിക്കണം. നൽകിയ ഒന്ന് താല്ക്കാലിക ദേശമായിരുന്നു, നൽകിയ മറ്റൊന്ന് നിത്യജീവൻ ആയിരുന്നു.

"സുവിശേഷം അറിയിച്ചു" എന്ന് പറഞ്ഞിരിക്കുന്ന ആശയം വ്യക്തമാക്കുന്നത് ഒരു ടൗണോ പ്രദേശമോ സന്ദേശം കേട്ടവരിൽ കുറച്ച് പേരെങ്കിലും പരിവർത്തനം ചെയ്തിരിക്കുന്നു എന്നാണ്. സുവിശേഷം അറിയിച്ചു എങ്കിൽ ഒരു നിശ്ചിത ശതമാനം ഒരു പ്രദേശത്ത് പരിവർത്തനം ചെയ്തു എന്നു വരാം. പക്ഷെ, സുവിശേഷം ആളുകൾക്ക് ലഭ്യമാക്കി.[8]

യിസ്രായേൽ അധികവും കേട്ട സന്ദേശം, തള്ളിക്കളഞ്ഞതിനാൽ അവർക്ക് **പ്രയോജനം ചെയ്തില്ല**. കേട്ടവർ **അത് വിശ്വസിക്കാതിരുന്നതിനാലായിരുന്നു** ലേഖകൻ ആ തീർപ്പിലെത്തുവാൻ കാരണം.[9] കേട്ടവർ സന്ദേശത്തെ വിശ്വാസത്തോട് ചേർത്തില്ല, അവരുടെ ഉത്തരവാദിത്തം അവർ നി

റവേറ്റിയില്ല. വിശ്വാസം എന്നത് ദൈവത്തിന്റെ ദാനമാണ്, അല്ലാതെ മനസിന്റെ പ്രയത്ന ഫലമല്ല എന്ന ആശയത്തെ തള്ളിക്കളയുന്നതാണ് ഈ വാക്യം.

സംഖ്യാപുസ്തകം 14:26–34 പറയുന്നത് വിശ്വാസത്താൽ തീരുമാനമെടുത്ത യോശുവയെയും കാലേബിനേയും ആളുകൾ കല്ലെറിയുവാനായി ഭീഷണിപ്പെടുത്തിയപ്പോൾ, ജനങ്ങൾ മൽസരിച്ചു എന്നാണ്. പിന്നെ, ദൈവം എന്തിനാണ് ഇരുപതു വയസിൽ താഴെയുള്ളവരെ ശേഷിപ്പിക്കുവാൻ പറഞ്ഞത്? യോശുവയോടും കാലേബിനോടും കൂടെ പ്രവേശിക്കുവാൻ ആഗ്രഹിച്ച യുവാക്കൾക്ക് പ്രായമായവരേക്കാൾ വിശ്വാസം (അല്ലെങ്കിൽ ശക്തമായ വിശ്വാസം) ഉണ്ടായിരുന്നതുകൊണ്ടാണോ? ഒരാൾ ദൈവത്തിന്റെ വചനം കേട്ടിട്ടുവേണം വിശ്വസിക്കുവാനും, പ്രവർത്തിക്കുവാനും, അത് വിശ്വാസവുമായി ചേർക്കുവാനും. സാർവ്വലൗകിക രക്ഷ എന്ന ഉപദേശം ബൈബിളിന് അന്യമാണെന്നാണ് ഈ വേദഭാഗം ഉപദേശിക്കുന്നത്.

പലരും ഇന്ന് സുവിശേഷം കേൾക്കുകയും സഭയിൽ ആരാധനക്കായി പോകുകയും ചെയ്തേക്കാം, എന്നാൽ ഒരിക്കലും സുവിശേഷം അനുസരിക്കുവാൻ കൂട്ടാക്കുകയില്ല, അക്കാരണത്താൽ അവർക്ക് സുവിശേഷത്തിന്റെ പ്രയോജനം ലഭിക്കുകയില്ല. സുഭിക്ഷമായ ആഹാരം വിളമ്പി മുൻപിൽ വെച്ചിട്ടും അത് കഴിക്കാതെ പട്ടിണി കിടന്ന് മരിക്കുന്നത് എത്ര ഖേദകരമായ അവസ്ഥയാണ്! സുവിശേഷ സദ്യ ഒരുക്കിവെച്ച ശേഷം, ആത്മാവിന് പോഷണം നൽകാതെ ആത്മീയമായി മരിക്കുക എന്നത് വലിയ വിപത്ത് തന്നെയാണ്. അവർ കേട്ടതായ സുവിശേഷം വിശ്വാസം ജനിപ്പിക്കുവാൻ ശക്തമാണ്, അതനുസരിച്ച് അയാൾ പ്രവർത്തിക്കുമ്പോൾ രക്ഷ ലഭിക്കയും ചെയ്യുന്നു (റോമർ. 10:17; 6:17, 18).

**വാക്യം 3.** *തുടർച്ചയായി വിശ്വസിക്കുക എന്നതാണ് മൂന്നാമത്തെ ചുമതല.* കർത്താവിലുള്ള ആത്മാർത്ഥ വിശ്വാസത്തോട്, നമ്മോട് കൽപിച്ചിരിക്കുന്നത് അനുസരിച്ചുള്ള നടപ്പും തുടർച്ചയായുള്ള നടപ്പുമായിരിക്കണം ക്രിസ്ത്യാനിയുടെ ലക്ഷ്യം.

നമുക്ക് ഒരു വിശ്രമം ഉള്ളതായി വാക്യം 1 പറയുന്നു, അത് ദൈവത്തിന്റെ വിശ്രമമാണ്. മരുഭൂമിയിൽ വെച്ച് യിസ്രായേലിനോടും നമ്മോടും പ്രസംഗിച്ച സുവിശേഷമാണ് വാക്യം 2 ൽ പറഞ്ഞിരിക്കുന്നത്. മനുഷ്യർ ആ സ്വസ്ഥതയിൽ പ്രവേശിച്ച് ആസ്വദിക്കുവാനായിരിക്കണം ദൈവം ആഗ്രഹിച്ചത്, അല്ലെങ്കിൽ ആളുകൾ അതിൽ പ്രവേശിക്കുവാൻ ഒരുങ്ങുകയില്ല. വാക്യം 3 ൽ എല്ലാ വിശ്വാസികളോടും പ്രഖ്യാപിച്ചത്, വിശ്വസ്തരാണ് വാസ്തവത്തിൽ **സ്വസ്ഥതയിൽ പ്രവേശിക്കുന്നത്** എന്നാണ്. **വിശ്വസിച്ചു** എന്നത് ഭൂതകാലത്തിലും, "പ്രവേശിക്കുക" എന്നത് വർത്തമാനകാലത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്. "അവൻ ചിന്തിക്കുന്ന വിശ്രമത്തിന്റെ നടപടി അനുഭവത്തിലാക്കി നിറവേറ്റിക്കൊണ്ടിരിക്കുന്നു എന്നർത്ഥം."[10]

"വിശ്വസിച്ചവരായ" എന്ന വാക്ക് വർത്തമാനകാലത്തിലല്ല, മറിച്ച് ഭൂതകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അത് ലേഖന വായനക്കാരുടെ പരിവർത്തനത്തെയായിരിക്കാം പറയുന്നത്.[11] ഈ വാക്യം പ്രത്യേകമായി ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തവരെ കുറിച്ച് പറയുന്നതാണ്. പത്രൊസ് ആദ്യം പ്രസംഗിച്ചത് കേട്ടവർ, അവന്റെ വാക്ക് കൈക്കൊണ്ടു പരിവർത്തനം ചെയ്തത് യേശുവിന്റെ സ്വർഗാരോഹണത്തിനു ശേഷമായിരുന്നു എന്ന് പ്രവൃത്തികൾ 2 വിവരിക്കുന്നു. അവർ സ്നാനം ഏറ്റിരുന്നു (പ്രവൃ. 2:38–41). ഫിലിപ്പിയയിലെ

കാരാഗൃഹപ്രമാണിയും കുടുംബവും വിശ്വസിപ്പാൻ പറഞ്ഞപ്പോൾ, അവർ യേശുവിൽ വിശ്വസിച്ചു (പ്രവൃ. 16:31). കർത്താവിന്റെ വചനം അവരോട് അറിയിച്ച ഉടനെ അവർ സ്നാനം ഏറ്റു (പ്രവൃ. 16:33). "ദൈവത്തിൽ വിശ്വസിച്ചു" എന്ന പ്രയോഗത്തോടെ ആണ് അവരുടെ പരിവർത്തനത്തെ വിവരിച്ചിരിക്കുന്നത് (പ്രവൃ. 16:34). ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു എന്നു പറയാതെ തന്നെ "വിശ്വസിച്ചു" എന്ന പറയുന്നതിൽ അത് അന്തർലീനമാക്കിയിരിക്കുന്നു. "നാം വിശ്വസിച്ചതിനേക്കാൾ രക്ഷ ഇപ്പോൾ അടുത്തിരിക്കുന്നു" എന്നാണ് പൗലൊസ് റോമർ 13:11–ൽ പറഞ്ഞത്. പൗലൊസ് 6:3–5 ൽ പറഞ്ഞതുപോലെ, അവർ "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റപ്പോൾ" രക്ഷ അവർക്ക് സമീപമായിരുന്നു. വിശ്വസിക്കുന്ന പ്രവൃത്തിയിൽ അനുസരണവും സ്നാനവും ഉൾപ്പെടുന്നു, അത് ക്രിസ്തുവിനോട് ചേരുവാനുള്ള വിശ്വാസ പ്രവൃത്തിയാണ്, കാരണം ക്രിസ്തുവിലാണ് രക്ഷ കാണുന്നത്.

അടുത്ത പ്രയോഗത്തിന് കെജെവിയിൽ, "അവർ എന്റെ വിശ്രമത്തിൽ പ്രവേശിക്കുന്നു എങ്കിൽ" എന്നാണ്. അതൊരു ഭാഷാശൈലി അർത്ഥമാക്കുന്നു എങ്കിലും ഗ്രീക്കിൽ അർത്ഥം അക്ഷരീകമാണ്. ആചാരമനുസരിച്ച്, ചെയ്യാത്ത കാര്യങ്ങളെക്കുറിച്ച് പറയുന്ന രീതിയാണിത്. "ഞാൻ അപ്പം *എങ്കിലും* മറ്റു യാതൊന്നെങ്കിലും ആസ്വാദിച്ചാൽ ദൈവം എന്നോടു തക്കവണ്ണവും അധികവും ചെയ്യട്ടെ" എന്നു പറഞ്ഞത് ആ വിധത്തിലാണ് (2 ശമു. 3:35; എംഫസിസ് ആഡഡ്). സൂര്യാസ്തമയം വരെ അവൻ ഭക്ഷിക്കുകയില്ല എന്ന പ്രതിജ്ഞയാണ് ചെയ്തത്. അതുകൊണ്ട് നല്ല തർജ്ജിമ എൻഎഎസ്ബിയുടെതാണ്: "**അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ല**."[12] ലേഖകൻ ഉദ്ധരിക്കുന്നത് സങ്കീർത്തനം 95:11 ആണ്, അവിടെ പറയുന്നത് മത്സരിച്ചവർ കാദേശ്-ബർണിയായിൽ അവന്റെ സ്വസ്ഥതയിൽ ഒരിക്കലും പ്രവേശിക്കുകയില്ല എന്നാണ്. "വിശ്രമം" യഹൂദന്മാർക്ക് (കനാൻ) വിശ്വസ്തരായവർക്ക് സ്വർഗ്ഗീയ നിഴലായിരുന്നു; എന്നാൽ നമുക്കും, നാം വിശ്വസ്തരായില്ലായെങ്കിൽ, നമ്മുടെ യാത്രയുടെ അവസാനം പ്രവേശിക്കുവാൻ കഴിയുകയില്ല. ദൈവം "പ്രതിജ്ഞ ചെയ്ത" സമയത്തുള്ളവരെയാണ് അത് ബാധിക്കുന്നത് അല്ലാതെ അന്തിമ വിധിസമയത്തേയ്ക്കുള്ളതല്ല. അതുപോലെ ക്രിസ്തു ന്യായവിധിക്കായി മടങ്ങിവരുന്നതിന് മുൻപ് സൂക്ഷിച്ചില്ലായെങ്കിൽ നമ്മുടെ നിത്യാവകാശം നഷ്ടപ്പെട്ടേക്കാം.[13]

**ലോകസ്ഥാപനം മുതൽ അവന്റെ പ്രവൃത്തികൾ തീർന്നശേഷവും**, എന്നാണ് ലേഖകൻ പറഞ്ഞത്. ദൈവം തന്റെ സൃഷ്ടിത്വ പ്രവൃത്തികൾ തീർന്നശേഷം, അന്നുമുതൽ അവൻ വിശ്രമിച്ചു കൊണ്ടാണിരിക്കുന്നത്. "അടിസ്ഥാനം" എന്ന വാക്കിന് സാധാരണ "സൃഷ്ടി," *ക്റ്റിസിസ്*, എന്നതിന് പകരം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് *കാറ്റബോലെ* എന്നാണ്. "ലോകസ്ഥാപനം" (*കാറ്റബോളസ് കൊസ്മൗ*) പുതിയ നിയമത്തിൽ സൃഷ്ടിത്വത്തിനാണ് ഉപയോഗിച്ചിരുന്നത്.[14]

**വാക്യം 4**. പിന്നെ ലേഖകൻ ഉല്പത്തി 2:2 ഉദ്ധരിച്ചിരിക്കുന്നു: "ദൈവം ഏഴാം ദിവസം തന്റെ സകല പ്രവൃത്തികളിൽ നിന്നും വിശ്രമിച്ചു." ഇതിനർത്ഥം ക്ഷീണിച്ചത് കൊണ്ട് ദൈവത്തിന് വിശ്രമം ആവശ്യമാണ് എന്നല്ല. അവന്റെ വിശ്രമം മുഴുവനായി ഉള്ളതല്ല, കാരണം തന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു എന്നാണ് യേശു പറഞ്ഞത് (യോഹ. 5:17). ദൈവം ഇപ്പോഴും തന്റെ കരുണാധിക്യ പ്രവർത്തികളാൽ അനുഗ്രഹം പകർന്നു

കൊണ്ടാണിരിക്കുന്നത് (റോമ. 8:28 നോക്കുക). അതുകൊണ്ട് ശബ്ബത്ത് എന്ന് പറയുന്നത് പൂർണ്ണമായ വിശ്രമമല്ല പക്ഷെ "സാധാരണ 6 ദിവസം ചെയ്യുന്ന ജോലികൾ" നിർത്തുക എന്നാണ് അർത്ഥം.[15] യേശു ശബ്ബത്തിൽ സൗഖ്യമാക്കിയത്, ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള പ്രവൃത്തിയായിരുന്നു. (യോഹ. 5:16, 17). ദൈവം സകല സൃഷ്ടികൾക്കും ശേഷം മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് പറഞ്ഞു, "മനുഷ്യൻ എന്റെ നേട്ടത്തിന്റെ കിരീടമാണ്. സ്വതന്ത്രമായ ആത്മാവിനെ നൽകുന്ന പ്രക്രിയയുടെ ലക്ഷ്യമായിരുന്നു അത്, എന്റെ പ്രതിരോധം വഹിക്കുന്നതിനും എന്നോട് കൂട്ടായ്മ ആചരിക്കുന്നതിനും ആയിരുന്നു."[16]

"ശബ്ബത്ത് നാൾ വിശ്രമം" യെഹൂദന്മാർക്ക് അവരെ മിസ്രയിമിൽനിന്ന് വിടുവിച്ചതിന്റെ ഓർമ്മയ്ക്കായി നൽകിയതാണ് (ആവ. 5:15). വിശ്രമിക്കുവാനുള്ള കല്പന ഏഴാം ദിവസം ദൈവം വിശ്രമിച്ചതിനെയാണ് ഓർമ്മിപ്പിക്കുന്നത്. എങ്ങനെയായാലും, ശബ്ബത്തുകാർ അവകാശപ്പെടുന്നതു പോലെ വിശ്രമ നിയമം ധാർമ്മിക നിയമമായതിനാൽ എന്നേക്കും നിലനില്ക്കുന്നതാണ് എന്ന വാദം തിരുവെഴുത്തിൽ കാണുന്നതല്ല. ആവർത്തന പുസ്തകം 5:14,15 ലെ വേദഭാഗം പറയുന്നത് ആഴ്ചതോറുമുള്ള ശബ്ബത്ത് പ്രമാണിക്കൽ മിസ്രയീം അടിമത്വത്തിൽ നിന്ന് വിടുവിച്ച് കൊണ്ടു വന്നതിന്റെ ഓർമ്മയ്ക്കായിരുന്നു. പുറമെ നെഹെമ്യാവു 9:13, 14 സൂചിപ്പിക്കുന്നത് ദൈവം സീനായ് പർവ്വതത്തിൽ വച്ച് "[അവന്റെ] വിശുദ്ധ ശബ്ബത്ത് അവർക്ക് വെളിപ്പെടുത്തി." അവർക്ക് അത് വെളിപ്പെടുത്തിയത് സീനായ് മലയിൽ വച്ച് ആയതിനാൽ, അതൊരു ധാർമ്മിക നിയമമായി ഏദെൻ തോട്ടം മുതൽ നിലനിന്നിരുന്നില്ല.

അവൻ ഒരേടത്തു പറഞ്ഞു എന്ന പ്രയോഗം ആ വേദഭാഗം ലേഖകന് എവിടെ ആണെന്ന് അറിയില്ല എന്ന് അർത്ഥമാക്കരുത്, മറിച്ച് അത് സാധാരണ "നമുക്ക് അറിയാവുന്നത് പോലെ" അല്ലെങ്കിൽ "പരിചയമുള്ള വാക്കുകൾ ഉദ്ധരിച്ചാൽ," എന്നെല്ലാം പറയുന്നതു പോലെയാണ്.[17]

നമ്മുടെ വിശ്രമം നഷ്ടമാക്കാതിരിപ്പാൻ നാം എല്ലാ പരിശ്രമവും നടത്തണം. നാം ഭയപ്പെടണം, വചനം കൈക്കൊള്ളണം, അത് പ്രയോജനപ്പെടുത്തണം, തുടർച്ചയായി നാം വിശ്വസിക്കുകയും വേണം. ഈ മൂന്ന് നിർദ്ദേശങ്ങൾ നാം കേട്ടാൽ നമുക്ക് ഇപ്പോൾ ദൈവസമാധാനവും വിശ്രമവും ലഭിക്കും-അവന്റെ നിത്യസമാധാനം-നിത്യതയിൽ ആണ്.

ശബ്ബത്ത് വിശ്രമം ശേഷിക്കുന്നു (4:5-11)

**5"എന്റെ സ്വസ്ഥതയിൽ അവർ പ്രവേശിക്കയില്ല" എന്നു ഇവിടെ പിന്നെയും അരുളിച്ചെയ്യുന്നു. 6അതുകൊണ്ടു ചിലർ അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സദ്വർത്തമാനം കേട്ടവർ അനുസരണക്കേടുനിമിത്തം പ്രവേശിക്കാതെ പോകയാലും ഇത്ര കാലത്തിന്റെ ശേഷം ദാവീദ് മുഖാന്തരം:**

**7"ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്"**

**എന്നു മുമ്പെ പറഞ്ഞതുപോലെ "ഇന്നു" എന്നൊരു ദിവസം പിന്നെയും നിശ്ചയിക്കുന്നു. 8യോശുവ അവർക്കു സ്വസ്ഥത വരുത്തി എങ്കിൽ മറ്റൊരു ദിവസത്തെക്കുറിച്ചു പിന്നത്തേതിൽ കല്പിക്കയില്ലായിരുന്നു; 9ആകയാൽ**

**ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. [10]ദൈവം തന്റെ പ്രവൃത്തികളിൽനിന്നു എന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനായി തീർന്നു. [11]അതുകൊണ്ടു ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിന് നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക.**

**വാക്യങ്ങൾ 5, 6.** വാഗ്ദാനദേശത്ത് പ്രവേശിക്കാതിരിപ്പാൻ യിസ്രായേൽ ജനത്തിന് മറ്റാരെയും പഴിചാരാൻ കഴിയുകയില്ല-അവരുടെ വ്യക്തിപരമായ അനുസരണക്കേടായിരുന്നു കാരണം. സങ്കീർത്തനം 95:11 ലെ മുന്നറിയിപ്പ് എബ്രായർ 3:4 ൽ കാണാം, അത് 4:5, 6 ൽ ആവർത്തിച്ച് ഊന്നി പറയുന്നു. യുവതലമുറ കനാനിൽ പ്രവേശിച്ചതായി ഇവിടെ പറയുന്നില്ല, അതല്ല ഇവിടെ ലേഖകൻ ഊന്നിപറയുന്ന പോയിന്റ്.

യോശുവയുടെ കീഴിൽ ലഭിക്കുമെന്ന് വാഗ്ദാനം ചെയ്ത ദേശത്തെകുറിച്ചല്ല സങ്കീർത്തനം 95 ലെ വിശ്രമം എന്ന് പറയുന്നത്, കാരണം യിസ്രായേൽ ജനം അത് പറയുന്നതിന് മുൻപ് ചിലർക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നു. ദൈവം വൃഥാവായി ഒന്നും വാഗ്ദാനം ചെയ്യുന്നില്ല; അതുകൊണ്ട് ചിലർ കനാനിൽ "തീർച്ച"യായും പ്രവേശിക്കേണ്ടതായിരുന്നു (കെജെവി),[18] ചിലർ സ്വർഗ്ഗത്തിൽ പ്രവേശിക്കാനിരിക്കുന്നു. ദൈവത്തിന്റെ വചനം ഒരിക്കലും വൃഥാവായി പോകയില്ല (യോഹ. 10:35). നമ്മുടെ ദൈവം ഒരിക്കലും പരാജയപ്പെടുകയില്ല, അവന്റെ വചനം ഒരിക്കലും നിറവേറാതിരിക്കുകയുമില്ല, നമ്മുടെ ഇടുങ്ങിയ ചിന്താഗതിയ്ക്കോ സമയത്തിനോ അനുസരിച്ചായിരിക്കുകയില്ല.

ക്രിസ്ത്യാനിയായ ശേഷം **അനുസരണക്കേടിലായാൽ** സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള നമ്മുടെ ലക്ഷ്യം തെറ്റി പോകും, എന്നാൽ വിശ്വസ്തരായവരെ പ്രവേശിപ്പിക്കുന്ന ദൈവത്തിന്റെ ഉദ്ദേശം ഇല്ലാതാകുകയില്ല.[19] അവസാന നഷ്ടത്തെകുറിച്ച് അവന് ചിന്തയില്ല കാരണം ആരംഭം മുതൽ അവസാനം വരെ അവൻ അറിയുകയും അവസാന ജയം അവന്റേതാകുകയും ചെയ്യും. തനിക്കുള്ളവർ ആ വിജയത്തിൽ പങ്കു ചേരുകയും ചെയ്യും (വെളി. 17:14).

ദൈവം തനിക്ക് യോജിച്ചത് തന്റേതായ സമയത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കും. ഈ പരിമിതമായ ലോകത്തിൽ നിന്ന് സ്വർഗ്ഗീയ വിശ്രമത്തിലേക്ക് നോക്കിയായിരിക്കും വിശ്വസ്തർ സഞ്ചരിക്കുന്നതെന്ന് എബ്രായ ലേഖനം കാണിക്കുന്നു (11:13–16; 13:14). നമുക്ക്, യഥാർത്ഥത്തിൽ അറിവുള്ളതിനേക്കാൾ കൂടുതൽ അറിയാമെന്ന് കരുതുന്നതാണ് തെറ്റ്. നമുക്ക് ഭാവിയെകുറിച്ച് അറിയാത്തതിനാൽ നമ്മുടെ അറിവ് പരിമിതമാണ്.

**വാക്യം 7.** ദൈവവും മനുഷ്യനും ഒരുമിച്ച് ചേർന്ന് സംസാരിക്കുന്നു. അവൻ ദൈവത്തെക്കുറിച്ച് ആയിരിക്കണം **ഉറപ്പി**[ച്ച] ദിവസം എന്ന് പറയുന്നത്, എന്നാൽ അത് **ദാവീദ് മുഖാന്തരമാണ്** ചെയ്തത്. അവിടെ കാണുന്നത് ദാവീദിന്റെ വാക്കുകൾ ആണെങ്കിലും, "ദൈവത്തിന്റെ ആത്മാവ് അവർ മുഖാന്തരം സംസാരിക്കുകയായിരുന്നു."[20] അത് ഒരിക്കൽകൂടി ദാവീദിന്റെ ദൈവശ്വാസീയത ഉറപ്പുവരുത്തുന്നു.

**വാക്യം 8.** ആ വാക്യം തുടങ്ങുന്നത്, **യോശുവ അവർക്ക് വിശ്രമം കൊടുത്തു** എങ്കിൽ എന്ന് പറഞ്ഞുകൊണ്ടാണ്. കെജെവിയിൽ "യോശുവ" എന്നതിന് പകരം "യേശു" എന്നാണ്. പഴയനിയമ എബ്രായ പുസ്തകത്തിലെ "യോശുവ" പുതിയ നിയമത്തിലെ ഗ്രീക്കിൽ "യേശു" എന്നതിന് തുല്യമാണ്.

“കർത്താവ് രക്ഷിക്കുന്നു,” എന്ന വാക്കിന്റെ അർത്ഥം രണ്ടു വിധത്തിലും ഉപമിക്കാം. ഇത് അറിഞ്ഞുകൊണ്ട് 1611 ലെ പണ്ഡിതന്മാർ ഉപയോഗിക്കുവാൻ ഇഷ്ടപ്പെട്ട വാക്ക് “യേശു” ആണ് അതാണ് കയ്യെഴുത്തു പ്രതികളിൽ കാണുന്നത്. തെറ്റിദ്ധാരണ അകറ്റുവാൻ, എല്ലാവരും അല്ലെങ്കിൽ മിക്കപേരും ആധുനിക തർജിമകളിൽ “യോശുവ” എന്നാണ് കൊടുത്തിരിക്കുന്നത്.[21] മൂലഗ്രന്ഥവായനക്കാർക്ക് ഈ വേദഭാഗത്തിന്റെ പ്രായോഗികതയുടെ നിഴലും പൊരുളും തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നു-പഴയനിയമത്തിലെ നിഴലായ യോശുവ ആണ് പുതിയ നിയമത്തിലെ പൊരുളായ “യോശുവ” (യേശു). അപ്പോഴും പുതിയ നിയമത്തിലെ “യോശുവ” എന്ന യേശുവിന് നൽകുവാൻ കഴിയുന്ന സ്വസ്ഥത പഴയനിയമത്തിലെ യോശുവ എന്ന “യേശുവിന്” നൽകുവാൻ കഴിഞ്ഞില്ല. എബ്രായ ഭാഷയിലെ ഈ വാഗ്പ്രയോഗവും, തിരുവെഴുത്തിലെ മറ്റു ഭാഗങ്ങളും പേരുകൾ തിരിച്ചറിയുവാൻ ആധുനിക-കാലത്തെ വായനക്കാർക്ക് പ്രയാസം നേരിട്ടേക്കാം.

യോശുവ 22:4-ൽ പറയുന്നത് ദൈവം യിസ്രായേലിന് വാഗ്ദാനം ചെയ്ത വിശ്രമം നല്കി എന്നാണ്. യോശുവയുടെ കീഴിൽ കനാൻ ദേശത്തേക്ക് സഞ്ചരിച്ച പൂർവ്വപിതാക്കന്മാർക്ക് വിശ്രമ വാഗ്ദാനം നിറവേറിയെന്ന് വാദിച്ചേക്കാം. എങ്ങനെയായാലും, യോശുവയ്ക്ക് ശേഷം 400 വർഷങ്ങൾ കഴിഞ്ഞ് മറ്റൊരു സ്വസ്ഥത ലഭിക്കാതിരിക്കുന്നത് കാണാം. സങ്കീർത്തനങ്ങൾ 95:7-11 മുന്നറിയിക്കുന്നത് ദാവീദിന്റെ കാലത്ത് അവിശ്വാസത്തെ മുന്നറിയിച്ചിരുന്നത് എബ്രായ ലേഖകന്റെ സമയത്ത് പ്രായോഗികമാക്കുവാൻ പറയുന്നു. അവന്റെ കാലത്ത് പറയുന്ന മുന്നറിയിപ്പ് ആധുനിക കാലത്തും ബാധിക്കുന്നതാണ്. ആകയാൽ വാക്യം 8 ഉം 9 ഉം പറയുന്നത് **മറ്റൊരു ദിവസത്തെയും,** മറ്റൊരു സ്വസ്ഥതയെയും ആണ്.

**വാക്യം 9**. സ്വസ്ഥത എന്ന വാഗ്ദാനം **ദൈവ ജനത്തിന്** മാത്രമുള്ളതാണ്. ഈ പ്രയോഗം പഴയ നിയമത്തിൽ യെഹൂദന്മാർക്കുള്ളതാണ്. പുതിയ നിയമത്തിൽ അത് എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണ്.

വാക്യം 9 ലെ **ശബ്ബത്ത് അനുഭവം** *ശബ്ബറ്റിസ്മോസ്* ആണ്, അത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. വാസ്തവത്തിൽ, ഇത് ഗ്രീക്ക് എഴുത്തുകളിൽ മറ്റൊരിടത്തും കാണുന്നില്ല.[22] ഇവിടെ മാത്രമാണ് *ശബ്ബറ്റിസ്മോസ്* ഉള്ളതെങ്കിലും, പലപ്പോഴായി LXX ൽ *ശബ്ബറ്റിസെയിൻ* ഉപയോഗിച്ചിരിക്കുന്നത് സമാനഗുണമുള്ള ക്രിയയായിട്ടാണ്. എബ്രായരോട് പറഞ്ഞിരിക്കുന്ന വാക്കിലെ ആശയം അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന എഴുത്തുകാരനായിരുന്ന പ്ലൂടാർക്ക് ഉപയോഗിച്ചിരുന്നു (സി. ഏ. ഡി. 46-120).[23] “ജീവിതത്തിലെ എല്ലാ വിഷമങ്ങളും പാപത്തോടുള്ള പോരാട്ടവും, പ്രയത്നങ്ങളും കഴിഞ്ഞ ശേഷം” ദൈവം തന്റെ ജനത്തിനായി ഒരു സ്വസ്ഥത ഒരുക്കിയിരിക്കുന്നു.[24]

നാം ഔദ്യോഗികമായി ശബ്ബത്ത് വിശ്രമം ഈ ജീവിതത്തിൽ ആചരിക്കുന്നില്ലെങ്കിലും, നിത്യതയിൽ ഒരു ശബ്ബത്ത് അനുഭവം നമുക്ക് ദൈവം ശേഷിപ്പിച്ചിരിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന വിശ്രമം അതാണ്, പാപം കൂടാതെയുള്ള ഒരവസ്ഥയാണ് അത്. നമുക്ക് അതിന്റെ മുന്നോടിയായി ക്രിസ്തു മത്തായി 11:28-30 പറഞ്ഞിരിക്കുന്നു. സൃഷ്ടിത്വ പ്രവൃത്തികളിൽനിന്നുമാത്രമാണ് ദൈവം വിശ്രമിച്ചതെങ്കിൽ, നാം നിത്യത ചെലവഴിക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികളായിരിക്കും ചെയ്യുവാനിരിക്കുന്നത് എന്ന് നമുക്ക് അറിയില്ല.

അങ്ങനെയാണെങ്കിലും, ഇവിടെ ക്രിസ്ത്യാനികൾ ചെയ്യുന്ന പ്രവൃത്തികളും പരീക്ഷണങ്ങളും നേരിട്ട ശേഷം ലഭിക്കുന്ന "വിശ്രമത്തെ" അപേക്ഷിച്ച് സ്വർഗത്തിൽ ലഭിക്കുന്ന "വിശ്രമം" ഉന്നതമായിരിക്കും. രാജ്യത്തിലുള്ളവർക്ക് മാത്രമാണ് ഈ അനുഗ്രഹം ഉള്ളത് (കൊലൊ. 1:13, 14).

**വാക്യം 10. അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ** എന്നു പറഞ്ഞുകൊണ്ടാണ് ഈ വാക്യം ആരംഭിക്കുന്നത്. "തന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ" എന്നാണ് കെജെവിയിൽ ഉള്ളത്, അത് തെറ്റിദ്ധരിക്കാവുന്നതാണ്. അവിടെ പറയുന്ന "താൻ" യേശുക്രിസ്തു അല്ല; എന്നാൽ "ഒരുവൻ" എന്നാണ് (എൻ ഏഎസ്ബിയിൽ) അന്തർലീനമാക്കിയിരിക്കുന്നത്. അതിനർത്ഥം ശരീരം വിട്ടു പോയ എല്ലാ വിശുദ്ധന്മാരും അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചു എന്നാണ് (വെളി. 14:13). ക്രിസ്തു കല്ലറയിൽ ആയപ്പോഴും അവന്റെ പ്രവൃത്തികൾ നിർത്തിയില്ല (യോഹ. 9:4 നോക്കുക),[25] അവൻ തന്റെ പക്ഷവാദ പ്രവൃത്തികൾ സിംഹാസനത്തിന് മുമ്പിൽ തുടർന്നുകൊണ്ടാണിരിക്കുന്നത് (എബ്രാ. 7:25). "അത് നിവൃത്തിയായി" എന്ന യേശുവിന്റെ പ്രസ്താവന (യോഹ. 19:30) സൂചിപ്പിക്കുന്നത് അവന്റെ ഭൗമിക പ്രവൃത്തികൾ നിവൃത്തിയായി എന്നാണ്, അല്ലാതെ സ്വർഗീയ പ്രവൃത്തികളല്ല. അതുപോലെ ക്രിസ്തുവിൽ മരിച്ചവരും തങ്ങളുടെ പ്രവൃത്തികൾ പൂർണ്ണമായും നിർത്തിയില്ല, നീതിമാന്മാരായി മരിച്ചവർ സിംഹാസനത്തിന് മുൻപിൽ ദൈവമഹത്വത്തെ വർണ്ണിച്ചു പാടിക്കൊണ്ടിരിക്കും. വെളിപ്പാട് 5:8, 9 പറയുന്നത് നാല് ജീവികളും ഇരുപത്തി-നാല് മൂപ്പന്മാരും പാടുന്നു എന്നാണ്; 14:3 ൽ 144,000 പേർ പാടുന്നതായി പറയുന്നു, 15:2, 3-ൽ, "മൃഗത്തെയും അവന്റെ പ്രതിമയെയും അതിജീവിച്ച് ജയിച്ചവർ" മോശെയുടേയും കുഞ്ഞാടിന്റേയും പാട്ടു പാടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

സ്വർഗത്തിൽ പ്രവൃത്തികളില്ലാത്ത "ഗാഢനിദ്ര" എന്ന ഒന്നില്ല. ലാസറിന്റെ ചിത്രം നമുക്ക് നൽകുന്ന വിവരം അനുസരിച്ച്, അവൻ മരിച്ചപ്പോൾ അബ്രഹാമിന്റെ മടി"യിലേക്ക്" (*എയിസ്*) പോയി (ലൂക്കൊ. 16:22). അവൻ അവിടെ എന്തു ചെയ്തു എന്ന് പ്രത്യേകമായി പറയുന്നില്ല, അവൻ അബ്രഹാമിന്റെ മടിയിൽ ഒന്നും ചെയ്യാതെ ഉറങ്ങുകയാണെന്നും പറയുന്നില്ല. മാനസാന്തരപ്പെട്ട കള്ളനോട് ക്രിസ്തു പറഞ്ഞത്, അവൻ അന്നു തന്നെ പറുദീസയിൽ ഇരിക്കും എന്നാണ് (ലൂക്കൊ. 23:43). അന്തർലീനമാക്കിയ അനുഗ്രഹങ്ങളിൽ, പ്രവൃത്തികൾ ഒന്നുമില്ലെങ്കിൽ, നമ്മുടെ യാത്ര വിലയില്ലാത്തതായി തീരുമല്ലോ. അപ്പോഴും, ജീവിതത്തിന്റെ എല്ലാ സമ്മർദ്ദങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും സ്വതന്ത്രരാവുന്നതായിട്ടാണ് ഈ വേദഭാഗവും മറ്റു വേദഭാഗങ്ങളും വ്യക്തമാക്കുന്നത്. ആൽബെർട്ട് ബാണെസ് പറഞ്ഞു, "നമ്മുടെ പ്രയത്നം എല്ലാം തീരും, തളർന്ന മനുഷ്യന്റെ ഭാരമെല്ലാം ഇറക്കി വെക്കും, ക്ഷീണിതനായ മനുഷ്യന്റെ ക്ലേശമെല്ലാം തീരും."[26] ദൈവത്തിന് നിത്യമായ മഹത്വം കൊടുക്കുന്ന സമയമാണ് നിത്യമായ ശബ്ബത്ത്, എന്നാൽ വിശ്രമത്തിനു വേണ്ടിയുള്ള കാത്തിരുപ്പ് നിറവേറുന്നതുകൂടെയാണ് അത്.

**വാക്യം 11.** ദൈവത്തിന്റെ അന്തിമ വിശ്രമത്തെ കുറിച്ചു പറഞ്ഞ ശേഷം ഈ വാക്കിൽ ഒരു അവസാന പ്രബോധനം കൂടെ നൽകുന്നു. സ്വർഗത്തിൽ **പ്രവേശിക്കു**[വാൻ] പരിശ്രമം ആവശ്യമാണ്, **ഉൽസാഹം (*സ്പൗഡാസോ* യിൽനിന്ന്)** കൂടാതെ അവിടെ പ്രവേശിക്കുവാൻ സാധ്യമല്ല. അതിനർത്ഥം എരിവുള്ളവരായി ഉൽസാഹത്തോടെ, ഉണർന്ന് ഏകാഗ്രതയോടെ ശ്രദ്ധിച്ചു

പരിശ്രമിക്കുക എന്നാണ്.[27] 2 പത്രൊസ് 1:10 ൽ അതേ വാക്ക് ഉപയോഗിച്ചാണ് "അധികം ... ശ്രമിപ്പിൻ." ഇടുങ്ങിയ വഴിയിൽ കൂടെ പോകുവാൻ പരിശ്രമം തീർച്ചയായും വേണം, രക്ഷാവഴിയിൽ പ്രവേശിക്കുവാൻ ലൂക്കൊസ് 13:24-ൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *അഗോണിസമായി* ആണ്, അർത്ഥം പ്രവേശിക്കുവാൻ എരിവോടെ പരിശ്രമിപ്പിൻ എന്നാണ്. എബ്രായർ 4:11-ൽ പറഞ്ഞിരിക്കുന്ന "ഉൽസാഹിക്ക" എന്നതിനേക്കാൾ പരിശ്രമം ആവശ്യമായ വാക്കാണ് ലൂക്കോസിലേത് എന്നു തോന്നുന്നു. ജാതികൾക്ക് ഇടുങ്ങിയ വഴിയിൽ പ്രവേശിക്കുന്നതിനേക്കാൾ പ്രയാസമാണോ എബ്രായ ക്രിസ്ത്യാനികൾക്ക് അതിൽ നിലനിൽക്കുന്നത്? ഒരുപക്ഷെ ആ ചിന്ത അന്തർലീനമാക്കിയതാകാം, എന്നാൽ ചുരുങ്ങിയത് "അത് നിസാരമായി ആകാശത്തിലേക്ക് പറത്തിവിടുവാൻ കഴിയുകയില്ല" എന്നു പ്രതീക്ഷിക്കാം. മറിച്ച് "നാം വാഴുമെങ്കിൽ, അതിനെ പോരാടുക തന്നെ വേണം."[28] ആരും യാദൃശ്ചികമായി സ്വർഗത്തിലേക്ക് എടുക്കപ്പെടുകയില്ല.[29] നിത്യമായ വീണ്ടെടുപ്പ് വിലയുള്ളതും മഹത്വകരവുമായതിനാൽ അതിനായി നാം പരിശ്രമിക്കണം. വിലയുള്ള മുത്ത് നഷ്ടപ്പെടുത്തുന്നത് വലിയതും ഭയങ്കരവുമായിരിക്കും.

"ഉൽസാഹിപ്പിൻ" എന്നു അപേക്ഷിക്കുന്നതിനു പകരം, പല വ്യാഖ്യാതാക്കളും ചേർത്തിരിക്കുന്നത്, "എന്നാൽ അത് പ്രവൃത്തികളാൽ നേടിയെടുക്കാമെന്ന് വിചാരിക്കരുത്" എന്ന ചിന്തയാണ്.[30] മറ്റുചിലർ സ്പഷ്ടമായും പറയുന്നത് അനുസരണമോ അല്ലെങ്കിൽ മാനുഷ പരിശ്രമമോ, വിശ്വാസത്തിൽ ചെയ്യുന്ന പ്രവൃത്തിയായാലും, ഈ മുന്നറിയിപ്പ് നൽകിയിരിക്കും: "ഈ സഹായങ്ങൾ നിങ്ങളെ സ്വർഗത്തിൽ എത്തിക്കും എന്ന് കരുതരുത്!" നാം എന്തിലെങ്കിലും ആശ്രയിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, രക്ഷ പ്രവൃത്തിയധിഷിഷ്ഠിതമായിരിക്കും എന്നതാണ് അവരുടെ ചിന്ത. അത് കാൽവിനിസത്തിന്റെ ഉപദേശത്തിന്റെ അനന്തരഫലമാണ്. "പ്രവർത്തികളാൽ" രക്ഷ നേടാമെന്ന് കരുതുന്നതിനെ ഖണ്ഡിക്കുന്ന വേദഭാഗങ്ങളിൽ ചിലതാണ് എഫെസ്യർ 2:8, 9 ഉം റോമർ 3:27-4:8 ഉം.

നമ്മുടെ വിശ്വസ്തത തുടരുവാൻ പരിശ്രമിക്കണം എന്നു പറയുകയും അതേസമയം രക്ഷക്കായി പ്രവൃത്തികൾ ആവശ്യമില്ലെന്നു പറയുകയും ചെയ്യുന്നത് എങ്ങനെ തിരിച്ചറിയുവാൻ കഴിയും? റോമർ 3:28 ൽ പറയുന്ന "ന്യായപ്രമാണ പ്രവൃത്തികൾ," മോശെയുടെ പ്രമാണങ്ങൾ എന്നറിയപ്പെടുന്നതാണ്. എഫെസ്യർ 2:8, 9 ൽ പറയുന്ന പ്രവൃത്തികളിൽ, യോഗ്യതാ പ്രവൃത്തികളും ഉൾപ്പെട്ടിരിക്കുന്നു, എന്നാൽ വിശ്വാസത്താലുള്ള അനുസരണം അതിൽ വരുന്നില്ല. "ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളുടെ ഫലമായി ലഭിക്കുന്നതല്ല, സൗജന്യമായി ലഭിക്കുന്നതാണ് രക്ഷ" (എഫെ. 2:9). വിശ്വാസം അല്ലെങ്കിൽ മാനസാന്തരം എന്ന പ്രവൃത്തിയാൽ പ്രശംസിച്ചവർ ആരാണ്? ഒരുപക്ഷെ ചിലർ പ്രശംസിക്കുവാൻ ശ്രമിച്ചേക്കാം, എന്നാൽ ക്രിസ്തു രക്തം ചിന്തി പാപമോചനം നൽകുവാൻ അവസരം ഒരുക്കിയില്ലായിരുന്നു എങ്കിൽ അവരുടെ ഒരു പ്രവൃത്തിയും ന്യായീകരിക്കുവാൻ കഴിയുമായിരുന്നില്ല. വിശ്വാസം തന്നെ ഒരു "പ്രവൃത്തി" ആണെന്നാണ് യേശു പറഞ്ഞത് (യോഹ. 6:28, 29), പക്ഷെ അത് രക്ഷ നേടുവാനുള്ള യോഗ്യതയല്ല.

റോമർ 13:11 പറയുന്നത്, "ഇത് ചെയ്യേണ്ടത് ഉറക്കത്തിൽനിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ, നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം

അടുത്തിരിക്കുന്നു" എന്നാണ്. [ആ ക്രിസ്ത്യാനികൾ] "വിശ്വസിച്ച സമയം" എന്നു പറയുന്നത് അവരുടെ പരിവർത്തന സമയത്തെയാണ് സൂചിപ്പിക്കുന്നത്. പൗലൊസ് അവരെ ഓർമ്മിപ്പിച്ചതുപോലെ അവരുടെ "വിശ്വാസത്തിൽ," "ക്രിസ്തുവിനോട്" ചേരുവാനുള്ള സ്നാനവും ഉൾപ്പെട്ടിരിക്കുന്നു (റോമർ 6:3, 4). പ്രവൃത്തികൾ 2 മുതലുള്ള എല്ലാ പരിവർത്തനങ്ങളിലും ആ പ്രവൃത്തികളാണ് നാം കാണുന്നത്.

ന്യായീകരണ പ്രവൃത്തികളോ യോഗ്യതാ പ്രവൃത്തികളോ ദൈവിക രക്ഷക്ക് ആവശ്യമില്ല, കാരണം അങ്ങനെയായിരുന്നുവെങ്കിൽ അവർ ന്യായപ്രമാണ പ്രവൃത്തികൾ മുഴുവനായും അനുസരിക്കണമായിരുന്നു. ഒരാളുടെ പ്രവൃത്തികൾ തികവുള്ളതായി തീരുന്നു എങ്കിൽ മാത്രമെ അയാൾ രക്ഷ "നേടുന്നു" എന്നു പറയുവാൻ കഴിയൂ എങ്ങനെയായാലും, യേശുവിനല്ലാതെ, മറ്റാർക്കും അത്തരത്തിൽ ജീവിക്കുവാൻ കഴിഞ്ഞില്ല. നമുക്ക്, അത്തരത്തിലുള്ള രക്ഷ അസാധ്യമാണ്. നേരെ മറിച്ച്, അനുസരണത്തിലുള്ള വിശ്വാസപ്രവൃത്തികൾ, നാം ചെയ്ത പാപങ്ങളിൽനിന്നു കുറ്റവിമുക്തരാകുവാനും രക്ഷ നിലനിർത്തുവാനും ഉള്ള ആവശ്യം നിലനിൽക്കുന്നു.

നാം യിസ്രായേൽ ജനത്തിന്റെ മാതൃക പഠിക്കേണ്ടതാണ്. എല്ലാ കാലത്തേക്കുമുള്ള ജനങ്ങൾക്ക് ശരിയായി ഉപയോഗിക്കുവാനുള്ള ധാർമ്മിക സ്വഭാവമായിട്ടാണ് എബ്രായ ലേഖകൻ പഴയ നിയമത്തെ ഉപയോഗിച്ചിരിക്കുന്നത്. യിസ്രായേലിന്റെ തെറ്റായ മനോഭാവത്തെ എടുത്ത് കാണിച്ച് കൊരിന്ത്യരെ 1 കൊരിന്ത്യർ 10:1–12 വരെ പൗലൊസ് ഒരു പാഠം പഠിപ്പിക്കുന്നു: "നാം രക്ഷിക്കപ്പെട്ടു എന്നു തീർച്ചയുണ്ടെങ്കിൽ, വിഴാതിരിപ്പാൻ "നോക്കിക്കൊള്ളട്ടെ." (വാ. 12). കൂടാതെ പൗലൊസ് എഴുതി, "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ *എന്ന്*; നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ" (2 കൊ. 13:5; എംഫസിസ് ആഡഡ്). ആ വാക്കുകൾ എബ്രായർ 4:11 ലേതുപോലെയുള്ളതാണ്: **അങ്ങനെ ആരും വീഴാതിരിക്കേണ്ടതിന്ന്. അതേ ദൃഷ്ടാന്തം** എന്ന പ്രയോഗം (*ഹൂപോഡെയിഗ്മാ*, അർത്ഥം "മോഡൽ" അല്ലെങ്കിൽ "പകർപ്പ്") വ്യക്തമാക്കുന്നത് പഴയനിയമത്തിലും പുതിയ നിയമത്തിലും ധാരാളം ദൃഷ്ടാന്തം നൽകുന്നതായിട്ടാണ്. ക്ഷീണിച്ച് മോശമായ ബലഹീനതയാൽ നാം വീണുപോകാതിരിപ്പാനുള്ള മുന്നറിയിപ്പാണ് ഇവിടെ നൽകുന്നത്, 2 പത്രൊസ് 2:6 ൽ സോദോമിനെയും ഗൊമോരയെയും ബന്ധപ്പെടുത്തി അതേ "ദൃഷ്ടാന്തം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. അഭക്തരായി ജീവിക്കുന്നവർക്ക് ആ പട്ടണങ്ങൾ ഇപ്പോഴും ഒരു ദൃഷ്ടാന്തമായിട്ടാണ് ഇരിക്കുന്നത്. ബൈബിളിൽ നിറയെ എങ്ങനെ ജീവിക്കണം, എങ്ങനെ ജീവിക്കരുത് എന്നതിനുള്ള ഉദാഹരണങ്ങളാണ്. പറയുകയാണെങ്കിൽ "ദൈവിക വെളിപ്പാടുകളിൽ അധികാരപ്പെടുത്താത്ത" ഒരു മാതൃകയുമില്ല.

മരിക്കുമ്പോൾ ഉടനെ നാം സ്വർഗത്തിൽ പോയില്ലെങ്കിൽ, അപ്പോഴും ഒരു "സ്വസ്ഥത" നമുക്കായി ശേഷിച്ചിരിക്കുന്നു എന്നു പറയാം. മരിച്ച ഉടനെ നാം സ്വർഗത്തിൽ പോകുകയാണെങ്കിൽ യേശുവിന്റെ ഉപദേശത്തിൽ അൽപം മാറ്റം വരുത്തിയെന്നു വേണം കരുതുവാൻ. കാരണം അവൻ ലാസറിന്റേയും ധനവാന്റേയും സംഭവത്തിൽ ലൂക്കൊസ് 16:19–31 പറയുന്നതു നമുക്ക് വായിക്കാം.

**[12]ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു. [13]അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്ന് നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്.**

ദൈവവചനത്തെ കാര്യമാക്കാതിരിക്കുന്നത് ഗൗരവമുള്ള തെറ്റാണെന്ന് 4:4-11 ലേയും 12 ഉം 13 ഉം വാക്യങ്ങളിലേയും പ്രബോധനം വ്യക്തമാക്കുന്നു. കാരണം അത് ദൈവത്തെ തന്നെ കണക്കാക്കാതിരിക്കുന്നതാണ്. സന്ദർഭം നോക്കിയാൽ വാക്യം 12-ൽ പറയുന്ന “വചനം” ദൈവത്തിന്റെ വചനം ആണ്-സംസാരിക്കുന്നതായാലും, സങ്കീർത്തനങ്ങൾ 95 ൽ അന്തർലീനമാക്കിയിരിക്കുന്നതായാലും, “ ‘തിരുവെഴുത്തിൽ എഴുതപ്പെട്ട’ ” തായാലും ശരി അതിനെ “ദൈവത്തിന്റെ വചനം” ആയി വേണം കണക്കാക്കുവാൻ.[31]

വാക്യം 12 ലെ നാല് ഗ്രീക്ക് പാർട്ടിസിപ്പിൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്: “ജീവിക്കുന്ന,” “കുത്തുകൊള്ളൽ,” “വിവേചിക്കൽ.” ബൈബിൾ “ജീവനുള്ള” ദൈവത്തിന്റെ വചനം ആണ്, കാരണം അത് ദൈവത്തിൽനിന്ന് ജീവൻ നൽകുന്നു. അത് “സജീവവും” ഊർജ്ജസ്വലതയും പ്രാപ്തിയും പ്രദാനം ചെയ്യുന്നു, അർത്ഥം അത് അതിന്റെ ഉദ്ദേശം നിറവേറ്റും. കൂടാതെ അത് “തുളച്ചു ചെല്ലുന്നതാണ്” അവന്റെ വചനം മുഖാന്തരമുള്ള സത്യത്തിനു നമ്മുടെ ഹൃദയത്തിന്റെ ഉൾഭാഗത്തേക്ക് തുളച്ചു ചെല്ലുവാൻ ശക്തിയുള്ളതാണ്. അവന്റെ സന്ദേശത്തിന് ബോധ്യമാക്കുവാനുള്ള ശക്തിയുണ്ട്. അങ്ങനെയാണ് പാപത്തെ ശിക്ഷിക്കുന്നതെങ്ങനെയെന്നും, നാം എവിടെയായിരിക്കുന്നു എന്നും തിരിച്ചറിയുന്നത്. പിന്നെ തിരുവെഴുത്ത് സന്ദേശത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന കൃപയാൽ, അവന്റെ നിത്യമായ സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള പ്രത്യാശയിലേക്ക് നാം വിശ്വാസത്തോടെ വരുന്നു. അവസാനമായി ദൈവത്തിന്റെ വചനം “വിവേചിക്കത്തക്കതാണ്,” കാരണം ദൈവത്തിനു നമ്മുടെ ഹൃദയങ്ങളെ അറിയാം (വാ. 13).

**വാക്യം 12.** എഴുതപ്പെട്ട വചനം ജീവനുള്ളതാണ് [സയാവോ], ചൈതന്യമുള്ളതാണ് (*എനെർജെസ്*). ഹൃദയങ്ങളെയും, ചിന്തനങ്ങളെയും വിവേചിക്കുവാൻ കഴിവുള്ളതാണ് വചനം. എന്തൊരു അത്ഭുതകരമായ അവകാശം! ദൈവ വചനം “ജീവനുള്ളതായി” പറഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല (പ്രവൃ. 7:38; 1 പത്രൊ. 1:23). ദൈവ വചനം ജീവനുള്ളതും ചൈതന്യമുള്ളതും ആണ്, ഉപയോഗിച്ചിരിക്കുന്ന കാലം വ്യക്തമാക്കുന്നത് തുടർച്ചയായി പ്രവർത്തിക്കുന്നു എന്നാണ്. അത് ശക്തിയുള്ളതാണ്.”[32] ദൈവ വചനം ജീവനുള്ളതും “ചൈതന്യവുമുള്ളത്” എന്നു പറയുന്നത് യെശയ്യാവ് 55:11 ൽ പറയുന്ന “ദൈവത്തിന്റെ വചനം” അതു “വെറുതെ” അല്ലെങ്കിൽ “വൃഥാ” എന്റെ അടുക്കൽ മടങ്ങി വരികയില്ല എന്നാണ് ദൈവം അരുളിച്ചെയ്തത് (കെജെവി) അത് അയച്ച ഉദ്ദേശം നിറവേറ്റുക തന്നെ ചെയ്യും. നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ ഭാഗത്തേക്കും സുവിശേഷം കടന്നു ചെന്ന് ശക്തമായി

സ്വാധീനിക്കത്തക്കവണ്ണമാണ് അതിനെ രൂപപ്പെടുത്തിയിരിക്കുന്നത്.

നമുക്ക് നമ്മെ വെളിപ്പെടുത്തി തരുന്നതുപോലെ വചനം ദൈവത്തെയും വെളിപ്പെടുത്തുന്നു. ദൈവവും തന്റെ "വചനവും" ആയി ഏറ്റവും അടുത്ത് ബന്ധപ്പെടുത്തിയിരിക്കുന്നു.[33] വാക്യം 12 ദൈവ വചനത്തെ ചുറ്റിപ്പറ്റി (അതിനു ചുറ്റും നിന്നു പറയുക) ദൈവത്തിന് വേണ്ടി സംസാരിക്കുന്നതാണ്, കാരണം വാക്യം 13 ദൈവത്തെ കുറിച്ചാണ് സംസാരിക്കുന്നത്.[34] ഒരാൾ ആത്മിയമായി എവിടെ നിൽക്കുന്നു എന്നും, ആത്മിയ രോഗ ശമനം എങ്ങിനെ ലഭിക്കുന്നു എന്നും വചനം തുറന്നു കാണിക്കുന്നു. ഭൂതകാലത്ത് നിർജീവമായ ഒന്നല്ല ദൈവത്തിന്റെ വചനം; അത് "ഇന്നും" നമുക്കായി ജീവിക്കുന്നു (വാ. 7).

വാക്യം 12 ലെ "വചനം" ലോഗോസ് എന്ന വാക്കിൽനിന്നു വന്നതാണ്, ആ വാക്ക് യേശുവിനെയാണ് പറയുന്നത്.[35] പുരാതന എഴുത്തുകാരിൽ ചിലരും ഇവിടെ യേശുവിനെ കാണുന്നു. അവർ അത് എടുത്തിരിക്കുന്നതിന്റെ കാരണം ആദ്യം അത് പറഞ്ഞവർ അതിന്റെ ശക്തി വെളിപ്പെടുത്താതിരുന്നതിനാലാകാം. എങ്ങനെയായാലും, ഇന്നത്തെ ചില സംശയാലുക്കളെ പോലെ എഴുതപ്പെട്ട വചനത്തിന് കുറച്ച് അല്ലെങ്കിൽ ശക്തി തന്നെ ഇല്ല എന്ന കാഴ്ച്ചപാട് അവർക്ക് ഇല്ലായിരുന്നു.

"ദൈവത്തിന്റെ വചനം ..." **ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുക്കും**. "വചനം" എന്നു പറയുന്നത് ക്രിസ്തു സംസാരിച്ച വചനം, സുവിശേഷ സന്ദേശം ആയിരിക്കുവാനാണ് സാധ്യത-തിരുവെഴുത്തിലെ ദൈവത്തിന്റെ മറ്റു സന്ദേശങ്ങളും അതിൽ ഉൾപ്പെടും-അല്ലാതെ യേശു എന്ന വ്യക്തിയെ കുറിച്ചല്ല ഇവിടെ പറയുന്നത്. വചനം "വിവേചിക്കുന്നത്, അല്ലെങ്കിൽ 'വിമർശിക്കപ്പെടുന്നത്' ആണ്. വചനം അവരെ വിധിക്കുവാൻ അനുവദിക്കുന്നതിനു പകരം യിസ്രായേൽ വചനത്തെ വിമർശിക്കുകയായിരുന്നു. തൽഫലമായി അവർക്ക് തങ്ങളുടെ അവകാശം നഷ്ടമായി."[36]

"തുളച്ചു ചെല്ലുന്നത്" (*ഡിക്നെയോമായി*) എന്നതിനർത്ഥം വചനത്തിൽ തന്നെ ജീവിതങ്ങളെ മാറ്റുവാൻ ശക്തിയുള്ളതിനാൽ, ആത്മിയമായും മാനസികമായും ആളുകളെ മാറ്റി രക്ഷിക്കുവാനുള്ള ശക്തി സുവിശേഷത്തിൽ ഉണ്ട് (റോമർ. 1:16). ഒരു വിത്തിന് പുനരുൽപാദനശേഷിയുള്ള ജീവൻ അതിൽ ദൈവം നൽകിയിരിക്കുന്നതുപോലെ, വിത്തായ ദൈവ വചനത്തിൽ തന്നെ ദൈവം ജീവിപ്പിക്കുവാനുള്ള ശക്തി നൽകിയിരിക്കുന്നു (1 പത്രൊ. 1:23). "[രാജ്യത്തിന്റെ വിത്ത്] ദൈവ വചനം ആണ്" (ലൂക്കൊ. 8:11). അതുകൊണ്ട്, ദൈവശ്വാസിയമായ ദൈവത്തിന്റെ വചനം ഒരു വിത്ത് മുളച്ചു ഫലം കായ്ക്കുമ്പോൾ, വിതെക്കുന്നവന് ആഹാരവും വിത്തും നൽകുന്നതുപോലെയാണ് ദൈവത്തിന്റെ വചനവും (യെശ. 55:10). ക്രിസ്ത്യാനികൾക്ക് പുതുജീവൻ പ്രദാനം ചെയ്യുന്ന കെടാത്ത ബീജമാണ് വചനം. "സുവിശേഷത്താലാണ് ... നാം. വീണ്ടും ജനിച്ചിരിക്കുന്നത്" (1 കൊ. 4:15; കെജെവി). അങ്ങനെയാണ് എൻഏഎസ്ബിയിൽ, പറയുന്നത്, പൗലൊസ് "സുവിശേഷത്താൽ നിങ്ങളുടെ പിതാവ്" ആയി തീർന്നു എന്ന്.

വചനം ജീവനുള്ളതാണ് കാരണം "അത് സകല ജീവന്റെയും ഉറവിടമായ ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു."[37] അത് ജീവനുള്ളതാണ് കാരണം, ഇപ്പോഴും അത്, ദൈവ വാഗ്ദാനങ്ങളും ഉദ്ദേശങ്ങളും നിറവേറ്റുന്നതാണ്. താൻ പിന്നിൽ നിന്ന്, തന്റെ വാഗ്ദാനങ്ങളുടെയും ഇഷ്ടങ്ങളുടെയും

മൂർത്തീഭാവമാണ് വചനം. ദൈവം അരുളിച്ചെയ്തതിനാൽ ലോകം ഉളവായി (എബ്രാ. 11:3). സ്വസ്ഥതയിൽ പ്രവേശിക്കുകയില്ല എന്ന് പറഞ്ഞിരിക്കുന്നത് ദൈവത്തിന്റെ വചനമാണ് (സങ്കീ. 95:7–11); പാപികളെ തന്റെ സന്നിധാന ത്തു നിന്നും അകറ്റുന്നതും വചനമാണ്! വചനത്തെ ദൈവത്തിൽനിന്ന് മാറ്റി നിർത്തുവാൻ ആരും ശ്രമിക്കരുത്.

പരിശുദ്ധാത്മാവ് വേറിട്ട് പ്രവർത്തിച്ചില്ലെങ്കിൽ വചനത്തിന് യാതൊരു ശക്തിയുമില്ല എന്നാണ് ജോൺ കാൽവിനിസ്റ്റിന്റെ പിൻഗാമികൾ വിശ്വസി ച്ചിരുന്നത്. ജോൺ കാൽവിൻ പറഞ്ഞു, "തന്റേതായ വചനത്തിന്, ദൈവ ത്തിന്റെ ശക്തി മാത്രം സാക്ഷ്യത്തിന് മതിയാകും, അതുകൊണ്ട് വചനം ആത്മാവിന്റെ നിത്യ സാക്ഷ്യത്തിലെത്തുന്നതുവരെ മനുഷ്യഹൃദയങ്ങളിൽ ബഹുമതി ഉയർത്തുന്നില്ല."[38] ഒന്നാം നൂറ്റാണ്ടിൽ വചനം മുഴുവനായും ഉറ പ്പിച്ചു കഴിഞ്ഞതായി അവർ കാണുന്നില്ല. വചനം വിശ്വസിക്കുവാനും, അനു സരിക്കുവാനും രക്ഷിക്കപ്പെടുവാനും മതിയായതത്രെ (മർ. 16:17–20; യോഹ. 20:30, 31; എബ്രാ. 2:1–4). വീണ്ടും ഉറപ്പിക്കുവാനുള്ള ഏതൊരു ശ്രമവും സുവി ശേഷത്തിന്റെ യഥാർത്ഥ ശക്തിയെ തള്ളിക്കളയുന്നതാണ്. വചനത്തിലുള്ള "ജീവൻ" മരിച്ചുകൊണ്ടിരിക്കുന്നവർക്ക് നൽകുന്നതിനെയാണ് അത്തരം അവകാശക്കാർ തള്ളിക്കളയുന്നത് (1 പത്രൊ. 1:23). തിരുവെഴുത്തിനെ തെറ്റായി വ്യാഖ്യാനിക്കുന്നതുകൊണ്ടാണ് ആ ആശയം അവർക്ക് ലഭിച്ചത്. ദൈവത്തിന്റെ വാഗ്ദാനങ്ങളെ അപ്പൊസ്തലന്മാർ ഉപയോഗിച്ചിരിക്കുന്നത് ആധുനിക കാലത്തെ ആളുകൾക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ് (യോഹ. 14:26; 16:12, 13; 1 കൊ. 2:10–13).

"തുളച്ചു ചെല്ലുക" എന്ന വാക്ക് എബ്രായ ലേഖനത്തിൽ ഇവിടെ മാത്ര മാണ് ഉള്ളത്. "കട്ട് ടു ദ ക്വിക്ക്" എന്നത് പോയിന്റിലേക്ക് വരുന്ന ലൂക്കൊ സിന്റെ ശൈലിയാണ് (പ്രവൃ. 5:33; 7:54). അത് ഹൃദയം കുറ്റം വിധിക്കുന്നത് അല്ലെങ്കിൽ, ഒരാൾക്ക് പ്രതിയോഗിയോട് ഉത്തരം പറയുവാനില്ലാതെ വരു മ്പോൾ ഉണ്ടാകുന്ന വിദ്വേഷം ജനിപ്പിക്കുന്നതിനെയാണ് പറയുന്നത്. സുവി ശേഷത്തിന് കുത്ത് കൊള്ളുന്ന ശക്തിയുള്ളതായി പ്രവൃത്തികൾ 2:36–38 ൽ കാണാം. ആ സദസ്യർ വചനം കേട്ടതിനാൽ, "പലരുടേയും ഹൃദയത്തിൽ കുത്ത് കൊണ്ടു." സുവിശേഷ സന്ദേശം ആളുകളിൽ ദൃഢ വിശ്വാസം ജനിപ്പിക്കും. പ്രവൃത്തികൾ 2:37 ൽ കെജെവി തർജിമ ചെയ്തിരിക്കുന്നത് *കാറ്റാനുസോ* ആണ്, "കുത്തുകൊണ്ടു" എന്നത് ബലഹീനമാണ്; അതേ വാക്ക് ഒരു പുരാതന കവിയായിരുന്ന ഹോമർ പറഞ്ഞത് ആ വാക്ക് ഒരു പടയാളി എതിരാളിയുടെ ശരീരത്തിലേക്ക് കുന്തം കുത്തിയിറക്കുന്നതു പോലെ ആണ് എന്നത്രെ. വചനത്തിന്റെ ശക്തി വിശദമായി വ്യക്തമാക്കുന്നത് താഴെ കൊടുത്തിരിക്കുന്നു:

> ഏറ്റവും ആഴത്തിലേക്ക് കുത്തിത്തുളച്ചു ചെല്ലുന്നതും ജീവിതത്തിലെ മറഞ്ഞിരിക്കുന്ന ഭാഗങ്ങളിലേക്കും ഭാവങ്ങളും ചിന്തനങ്ങളും വിവേചി ക്കുന്ന വിധത്തിലുള്ളതും, താഴ്ന്ന ഭാഗത്തു നിന്നും ഉയർന്ന ആത്മീയ തയിലേക്കു ചെല്ലുന്നതുമാണ്. അപ്പോൾ ദൈവവുമായുള്ള ആത്മബ ന്ധവും കൂട്ടായ്മയും ഊഷ്മളമായി തീരും. ഭൗതികമായ ഒരു വാൾ ഒരു ശരീരത്തിനുള്ളിലെ സന്ധി മജ്ജകളിലേക്ക് ഇറങ്ങിച്ചെല്ലുന്നതുപോ ലെയാണ് വചനം. അത് പ്രവർത്തിക്കുന്നത് പുറമെ കാണുന്നതിലല്ല,

മറിച്ച് ഹൃദയങ്ങളുടെ ചിന്തകളെയും ഉദ്ദേശങ്ങളെയുമാണ് നോക്കി പ്രവർത്തിക്കുന്നത്.[39]

പാപബോധം വരുത്തുന്നതും പരിവർത്തനം ചെയ്യിക്കുന്നതും ആത്മാവിന്റെ പ്രവൃത്തിയാണ് (യോഹ. 16:7); പ്രവൃത്തികൾ 2:36–41 ൽ പരിശുദ്ധാത്മനിയോഗത്താൽ പത്രൊസ് വചനം സംസാരിച്ചപ്പോൾ അതാണ് സംഭവിച്ചത്. അതുകൊണ്ട്, ആത്മാവ് വെളിപ്പെടുത്തിയ സന്ദേശത്താലാണ് നാം പരിവർത്തനം ചെയ്യപ്പെടുന്നത്. യേശു പറഞ്ഞു, "ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ. 6:63). ദൈവവചനത്തിൽ കൂടെയാണ് ആത്മാവ് ജീവൻ നൽകുന്നത്. ചിലർ വിചാരിക്കുന്നതുപോലെ, യേശുവിന്റെ ശിഷ്യന്മാർ കർത്തൃമേശയിൽ അവന്റെ മാംസം അക്ഷരികമായി തിന്നാൽ പോലും, അവർക്ക് ആത്മിയമായും നിത്യമായും ഒരു ഉപകാരവുമില്ല; കാരണം, മാംസമല്ല, വചനം ആണ് ജീവിപ്പിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ, ഒരാൾ വചനം കേട്ട്, വിശ്വസിക്കുകയും അനുസരിക്കുകയും വേണം. ആകയാൽ വചനത്തെ "ആത്മാവിന്റെ വാൾ" എന്നു വിളിച്ചിരിക്കുന്നതിൽ അതിശയിക്കുവാനില്ല (എഫെ. 6:17). അത് "ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ്" (വാ. 12), അതിനെ ക്രിസ്തു എന്ന വ്യക്തിയായും (വചനം/ലോഗോസ്) പറയാം. അവന്റെ വായിൽനിന്ന് ഒരു വാൾ പുറപ്പെടുന്ന ചിത്രീകരണമാണ് വെളിപ്പാട് 16 നൽകുന്നത്. അത് വ്യത്യസ്തമായ സന്ദർഭത്തിൽ ആലങ്കാരികമായി പറയുന്നതാണെങ്കിലും, ക്രിസ്തുവിന്റെ വചനത്തെയും ക്രിസ്തുവിന്റെ ശക്തിയെയുമാണ് കാണിക്കുന്നത്.

ദൈവത്തിന്റെ "വചനം" തിരുവചനത്തിനപ്പുറമായി ദൈവം നേരിട്ട് വ്യക്തികളോട് സംസാരിക്കുന്നു എന്ന ആശയം തിരുവെഴുത്തിൽ ഇല്ലാത്ത ആശയമാണ്.

"പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും തുളച്ചുചെല്ലുന്നതും" എന്ന പ്രയോഗം താൽപര്യം ജനിപ്പിക്കുന്നതാണ്. ഭാഗിക്കുന്നതിന് സജീവമായതാണ് വചനം! അത് കുടുംബങ്ങളെയും മുമ്പിലത്തെ സ്നേഹിതന്മാരെയും വേർപിരിക്കും. ലോകത്തിലെ പല അനാത്മികമായ വസ്തുക്കളെയും ആത്മാവാണെന്ന് കരുതുന്നതിനെ കാണിക്കുവാൻ ഈ വേദഭാഗം ആർ. സി. എച്ച്.ലെൻസ്കി ഉപയോഗിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു, "ലോകത്തിലെ പല കാര്യങ്ങളും ആളുകൾ നല്ലതാണെന്ന് കരുതുന്നു, പുകഴ്ച്ചായോഗ്യമാണെന്നും വിശ്വസിക്കുന്നു; ആത്മാവ് ആത്മാവിനോട് ചെയ്യുന്നതിനെ വചനം തുളച്ചു കയറി വെളിപ്പെടുത്തുകയാണ്."[40] അങ്ങനെ അത് തിന്മയിൽ നിന്നു നന്മയെ വേർപിരിക്കുന്നു, അതായിരിക്കാം അർത്ഥത്തിലെ ഒരു ഭാഗം.

കൂടാതെ, "ദൈവത്തിന്റെ വചനം, ..." ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ഏബിൾ ടു ജഡ്ജ്" (*ക്രിടികോസ്*) അർത്ഥം, "വിവേചിക്കൽ" (കെജെവി; ഏഎസ്‌വി നോക്കുക), ദൈവത്തിൽനിന്നും ഒന്നും മറച്ചു വെക്കുവാൻ സാധ്യമല്ല (വാ. 13).

**വാക്യം 13**. വചനത്തിന്റെ ന്യായവിധിയിൽനിന്ന് ആർക്കും രക്ഷപ്പെടാവുന്നതല്ല: **അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമാകുന്നു**. ഇത് മനുഷ്യന്റെ പ്രകൃതത്തെ കുറി

ച്ചാണോ പറയുന്നത് അതോ പൊതുവിലുള്ള പ്രസ്താവനയായ "ദൈവ വചനത്തിന്റെ ഏറ്റവും വലിയ ശക്തി തുളച്ചു ചെന്ന് മനുഷ്യന്റെ ആന്തരിക സങ്കീർണ്ണതകളെ തിരിച്ചറിയിക്കുകയാണോ ..."[41] ദൈവം നമ്മെ മുഴുവനായും അറിയുന്നു എന്നാണോ അത് ആലങ്കാരികമായി പറയുന്നത്?[42] മനുഷ്യന്റെ സത്തയെ കുറിച്ചുള്ള ആ ചിത്രീകരണത്തിന്റെ അതേ ചിന്തയിൽ പൗലൊസ് 1 തെസ്സലൊനിക്യർ 5:23 ൽ പറയുന്നു: "... നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ."

തുളച്ചു ചെല്ലുന്ന ആ വിവേചനം വരുന്നതിനാൽ നാം പാപബോധമുള്ളവരായി, ജീവിതത്തിൽ അങ്ങനെ തന്നെ തുടർന്നാൽ അവർക്ക് എന്തു പ്രയോജനമാണ് ലഭിക്കുന്നത്? അതിനുള്ള ഉത്തരം താഴെ പറയുന്നു. "വചനം" നമ്മുടെ ആത്മാക്കളെ കാക്കുന്നു, എങ്കിലും, നാം "ദൈവത്തോടാണ് കണക്ക് കൊടുക്കേണ്ടത്." വീണ്ടും ദൈവത്തെ തന്നെ വിപുലമാക്കിയിരിക്കുന്നതാണ് "വചനം." "വചനം" എന്ന വാക്കിന് പല രീതിയിലുള്ള അർത്ഥങ്ങളാണുള്ളത്, എന്നാൽ നമ്മുടെ ജീവിതം വചനപ്രകാരമാണോ നയിച്ചത് എന്നതിന് നാം കണക്ക് കൊടുക്കണം. നാം ഒരിക്കൽ ദൈവ മുൻപാകെ ചെന്ന് അവന്റെ നീതിയുള്ള പ്രതിഫലം വാങ്ങുന്നത് എത്ര മനോഹരമായിരിക്കും! ആ വേദഭാഗം പറയുന്നത് അവസാനം ഒരു കണക്കെടുപ്പ് ഉണ്ട് എന്നാണ് കാരണം ദൈവ മുൻപാകെ സകലവും "തുറന്നതും" (*ഗുംനോസ്*; അക്ഷരികമായി "നഗ്നവും") "മലർന്നതും" ആകുന്നു. അതുകൊണ്ട് നമ്മെ സഹായിക്കുവാൻ ഒരു വക്താവ് ആവശ്യമാണ്. ലേഖകൻ അടുത്തു പറയുവാൻ പോകുന്നത് ഈ പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്നു.

മനുഷ്യ ഹൃദയത്തെ കുറിച്ച് വളരെ കുറച്ചു മാത്രമാണ് നമുക്ക് അറിയാവുന്നത്, എന്നാൽ ആന്തരിക മനുഷ്യന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതാണ് വചനം, കാരണം നമ്മെ സൃഷ്ടിച്ചവനും നമ്മെ അറിയുന്നവനുമാണ് ദൈവം. അത് മനസിലാക്കി, അവനോടാണ് നാം കണക്കു കൊടുക്കേണ്ടത് എന്നും തിരിച്ചറിയുക (വാ. 13). താൻ നിയമിച്ച പുത്രൻ മുഖാന്തരമാണ് അവൻ അവസാനം ന്യായം വിധിക്കുന്നത് (പ്രവൃ. 17:30, 31). ദൈവത്തിന്റെ വചനവും (വാ. 12) വ്യക്തിപരമായി ദൈവവും (വാ. 13) വേർതിരിക്കുവാനാകാത്ത വിധത്തിൽ ചേർന്നാണിരിക്കുന്നത്. നാം ദൈവത്തെയും അവന്റെ വചനത്തെയും കുറച്ചു കാണുവാൻ ശ്രമിക്കരുത്. അവന്റെ വചനം അനുസരിച്ച്, നമുക്ക് അവന്റെ ഇഷ്ടം ചെയ്യാം, അങ്ങനെ നമുക്ക് അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കാം.

## മഹാപുരോഹിതനായ ക്രിസ്തു അഹരോനേക്കാൾ വലിയവൻ (4:14-5:10)

### ദൈവത്തോടുള്ള ക്രിസ്തുവിന്റെ സാമീപ്യം (4:14–16)

**14ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടെ കടന്നു പോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട്, നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക. 15നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല;**

**പാപം ഒഴികെ സർവ്വതിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്ക് ഉള്ളത്. [16]അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്ത് ചെല്ലുക.**

പ്രവാചകന്മാരേക്കാളും, ദൂതന്മാരേക്കാളും, മോശെയെക്കാളും, ക്രിസ്തു വലിയവൻ ആണെന്ന് കാണിച്ച ശേഷം, പഴയ നിയമകാലത്ത് മഹാപുരോഹിതനായിരുന്ന അഹരോനെക്കാളും അവൻ വലിയവൻ എന്നതിലേക്കാണ് എബ്രായ ലേഖകൻ തിരിയുന്നത്. 4:14-16 വരെ അവൻ എഴുതിയത്, നാം ഊഹിക്കുന്നതിനപ്പുറമായിട്ടാണ് ദൈവം പ്രവർത്തിക്കുന്നത്. ഈ മഹാപുരോഹിതനെ കുറിച്ച് മൂന്നു വാക്യങ്ങളിൽ നമ്മുടെ ഊഹങ്ങൾക്കപ്പുറമായി നാല് സത്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. (1) അവൻ ആകാശത്തിൽ കൂടെ കടന്നു പോയി എന്ന പ്രയോഗം വ്യക്തമാക്കുന്നത് അവൻ തന്റെ പ്രവൃത്തി പൂർത്തിയാക്കി എന്നാണ്. (2) നമ്മോട് പൂർണ്ണമായി സഹതപിക്കുവാൻ അവനു കഴിയും. (3) പരീക്ഷണങ്ങളിൽ കൂടെയാണ് അവൻ അനുസരണം പഠിച്ചത്. (4) അവൻ നമ്മുടെ നിത്യരക്ഷയുടെ കാരണഭൂതൻ ആണ്. ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവൃത്തി മുഖാന്തരം നമുക്ക് ദൈവത്തോട് സാമീപ്യമുണ്ട് എന്നതാണ് ഉറപ്പിക്കേണ്ട ചിന്ത.

**വാക്യം 14. മഹാപുരോഹിതൻ** എന്ന വാക്ക് (*അർക്കിയെരെയുസ്*) പ്രാഥമികമായും യെഹൂദ മഹാപുരോഹിതന്മാർക്കായിരുന്നു ഉപയോഗിച്ചിരുന്നത്; പക്ഷെ ഇവിടെ അന്തർലീനമാക്കിയിരിക്കുന്നത് **യേശു**വിനെ ആണ്, അവൻ പുരോഹിതനും രാജാവും ആണ്. മശിഹ തന്റെ സിംഹാസനത്തിൽ പുരോഹിതനും രാജാവും ആയിരിക്കും എന്ന് സെഖര്യാ പ്രവാചകൻ പ്രവചിച്ചിരുന്നു (സെഖ. 6:13). പഴയ നിയമകാലത്ത് യിസ്രായേലിലെ ഒരു പുരോഹിതനോ രാജാവിനോ രണ്ടു സ്ഥാനങ്ങളും ഒരുമിച്ചു നിർവ്വഹിക്കുവാൻ അനുവദിച്ചിരുന്നില്ല. എന്നാൽ യെഹൂദമതത്തിൽ യേശു ഏറ്റവും താഴ്ന്ന അവസ്ഥയിലായിരുന്നു എങ്കിലും, പഴയനിയമ പുരോഹിതന്മാരേക്കാൾ വലിയവനായിരുന്നു യേശു. ഇവിടെ തുടങ്ങി അദ്ധ്യായം 10 ൽ കൂടെയും എബ്രായ ലേഖകൻ മോശെയുടെ സ്ഥാപനങ്ങളെയും അവ രൂപപ്പെടുത്തിയിരുന്നതിനേയും മനസിലാക്കി തരികയാണ് ചെയ്യുന്നത്. നമ്മുടെ പുതിയ മഹാപുരോഹിതനെ കുറിച്ചുള്ള വിശദീകരണം 7:28 ഓടുകൂടി അവസാനിക്കുന്നു, പക്ഷെ ആ ചിന്ത വീണ്ടും 8:1 ൽ സ്വീകരിച്ച വസ്തുതയായി പറയുന്നു.

ഇത് വായിച്ച എബ്രായർക്ക് നമ്മുടെ **ദൈവ പുത്രനായ** "യേശു" മഹാപുരോഹിതൻ എന്ന ചിന്ത അസാധാരണമായി തോന്നിയേക്കാം. തീർച്ചയായും, സങ്കീർത്തനങ്ങൾ 110:1 ഉദ്ധരിച്ച് മത്തായി 22:43-46 ൽ യേശു വെല്ലുവിളി നടത്തിയപ്പോൾ, പരീശന്മാർ ഞെട്ടിയതുപോലെ അവർ ഞെട്ടിക്കാണുകയില്ല:

> അവൻ അവരോട്, "എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്നത് എങ്ങനെ?
>
> 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളത്തിന് എന്റെ വലത്തുഭാഗത്ത് ഇരിക്ക' എന്ന് കർത്താവ് എന്റെ കർത്താവിനോട് പറയുന്നുവല്ലൊ."

"ദാവീദ് അവനെ 'കർത്താവ്' എന്നു പറയുന്നു എങ്കിൽ അവന്റെ പുത്രൻ ആകുന്നത് എങ്ങനെ?" എന്നു ചോദിച്ചു. അവനോട് ഉത്തരം പറവാൻ ആർക്കും കഴിഞ്ഞില്ല. അന്നുമുതൽ അവനോട് ആരും ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല.

ദാവീദിന്റെ പ്രസ്താവനയിൽനിന്നുള്ള യേശുവിന്റെ ചോദ്യത്തിൽ "രണ്ട് കർത്താക്കളിൽ ഒരു കർത്താവ് മശിഹയാണെന്നത് യെഹൂദന്മാർക്ക് ഇടർച്ചയായിരുന്നു. ഏക ദൈവമായ കർത്താവിൽ മാത്രമാണ് അവർ വിശ്വസിച്ചിരുന്നത്. -ഒരേ കർത്താവ്. യേശുവിനെ ഇപ്പോൾ മറ്റൊരു "കർത്താവ്" എന്നു വിളിക്കുന്നു. അത്തരം പദവിയും ഉദ്യോഗവും എടുക്കുവാൻ അവൻ "ദൈവത്തിന്റെ പുത്രനായിരുന്നു." അത് യെഹൂദന്മാർക്ക് വലിയ പരീക്ഷണമായിരുന്നു: യേശു ദൈവം ആയിരുന്നു എന്നും ദൈവപുത്രനായിരുന്നു എന്നും ഇപ്പോൾ അവൻ പുതിയ മഹാപുരോഹിതനായിരിക്കുന്നതും മുഴുവനായും അവർക്ക് സ്വീകരിക്കുവാൻ കഴിഞ്ഞോ? "രണ്ട് കർത്താക്കളെ" സ്വീകരിക്കുവാൻ അവർക്ക് കഴിഞ്ഞോ? ഈ ആശയം അവർക്ക് മനസിലാക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ, അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ ശ്രമിക്കുമായിരുന്നു.

തന്റെ ഉദ്ദേശം യേശു മുറുകെ പിടിച്ചതുപോലെ, **നല്ല സ്വീകാരം മുറുകെ പിടിക്കു**[വാൻ] ആണ് നമ്മോട് പറഞ്ഞിരിക്കുന്നത്. "മുറുകെ പിടിപ്പിൻ" എന്നതിനർത്ഥം വിശ്വസിച്ചുകൊണ്ടിരിക്കുന്നതിലധികമാണ്; വിശ്വാസത്തിൽ പരസ്യമായ പ്രദർശനവും ഉൾപ്പെട്ടിരിക്കുന്നു എന്നത് വാസ്തവമാണ്. നാം "മുറുകെ പിടിക്കുകയും, വിടാതിരിക്കുകയും വേണം."[43] ഒരാൾ "പാളയത്തിന് പുറത്തു പോകുവാൻ" മനസ് വെക്കണം (13:13), കർത്താവ് കഷ്ടം സഹിച്ചതുപോലെ, നാമും വാക്കുകൾ കൊണ്ടും ശാരീരികമായും ഉള്ള ആക്രമണത്തെ നാം പ്രതീക്ഷിക്കണം. ദുഷ്ട ലോകത്തിൽ ജീവിക്കുന്ന ഒരു ശിഷ്യന് നിരുൽസാഹവാനായി കഴിയുവാൻ സാധ്യമല്ല. നാം "ജീവന്റെ വചനം" മുറുകെ പിടിച്ചാൽ "ലോകത്തിന്റെ വെളിച്ചം" ആയി തീരും (ഫിലി. 2:15, 16). മറ്റുള്ളവർക്ക് വെളിച്ചമായി തീരുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

പഴയ നിയമത്തിലെ മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്നത് വർഷത്തിൽ ഒരിക്കലായിരുന്നു, എന്നാൽ യേശു നമുക്ക് വേണ്ടി **ആകാശത്തിൽ കൂടെ കടന്നുപോയി**. അതിവിശുദ്ധ സ്ഥലം സ്വർഗത്തെ പോലെയാണ് എന്നത്രെ ജോസെഫസ് പറഞ്ഞത്.[44] അതിവിശുദ്ധ സ്ഥലവും കടന്ന് യേശു "ആകാശത്തിൽ" കൂടെ കടന്നു പോയി എന്ന് എബ്രായ ലേഖകൻ പറഞ്ഞതിൽ നമുക്ക് അതിശയിക്കുവാനില്ല. ഭൂമിയിലുള്ള പുരോഹിതന്മാരുടെ നിലവാരത്തേക്കാൾ അവൻ ഉയർന്നവനാണെന്ന് സൂചിപ്പിക്കുന്നതാണ് ആകാശത്തിൽ "കൂടെ" കടന്നു പോയി എന്നത്.

"ആകാശം" (*ഔരാനോസ്*) പ്രതിഫലിപ്പിക്കുന്നത് എബ്രായ വാക്ക് ഷാമായിയും ആണ്, അത് പഴയ നിയമത്തിൽ മുന്നൂറിലധികം ഉദാഹരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ബഹുവചനത്തിലാണ്. എഫെസ്യർ 4:10 പറയുന്നത് യേശു "സ്വർഗാധിസ്വർഗത്തിന്നു മീതെ കയറി" എന്നാണ്. അവൻ ഇപ്പോൾ എല്ലാ നിയന്ത്രണങ്ങൾക്കുമപ്പുറമാണ്. ഭൗതികമായ ലോകത്തിന്റെ മഹത്വത്തിനും ശക്തിക്കുമപ്പുറമാണ് അവൻ ഇപ്പോൾ. അവൻ "സ്വർഗത്തിലേക്ക് പോയി" എന്നാൽ "സ്വർഗത്തിന് മുകളിലേക്കാണ് പോയത്" എന്ന സാധാരണ ചൊല്ല് ബി. എഫ്. വെസ്റ്റ് കോട്ട് ഉദ്ധരിച്ചിരിക്കുന്നു.[45] യെഹൂദ

പാരമ്പര്യം ഏഴ് സ്വർഗങ്ങളെ കുറിച്ച് പറയുന്നുണ്ട്, എന്നാൽ പൗലൊസ് മൂന്നു സ്വർഗത്തെ കുറിച്ചാണ് പറയുന്നത് (2 കൊ. 12:2). "മൂന്നാം" സ്വർഗം എന്നു പറയുന്നത് ഏറ്റവും ഉയരത്തിലുള്ളതാണ്, നാല് ഉയരത്തിലുള്ള സ്വർഗമുണ്ടെന്ന വാദത്തെ അത് തള്ളിക്കളയുന്നു.[46]

**വാക്യം 15.** യേശു ദൈവവും മനുഷ്യനും ആണ്-ദൈവത്തോട് മനുഷ്യർക്കു വേണ്ടി പ്രതിനിധാനം ചെയ്യുന്ന ദൈവപുത്രനും ആണ്. **പാപം കൂടാതെ സകലത്തിലും** [അവരെ പോലെ] **പരീക്ഷിക്കപ്പെട്ട** ഒരു പുരോഹിതൻ ഇപ്പോൾ തങ്ങൾക്ക് ഉണ്ട് എന്ന് ദൈവാലയത്തിലും അതിന്റെ പ്രൗഢിയിലും അഭിമാനം കൊണ്ടിരുന്ന എബ്രായലേഖനവായനക്കാർ ഗ്രഹിക്കണമായിരുന്നു. ഒരാൾ ചോദിച്ചേക്കാം, "യേശു പാപം ചെയ്തിട്ടില്ല, പിന്നെ അവൻ എങ്ങനെയാണ് നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടത്?" അവന് നമ്മോട് സഹതപിക്കുവാൻ കഴിയുന്നതിന്റെ കാരണം പാപപ്രവൃത്തി ചെയ്യാതെ പാപത്തെ മനസ്സിലാക്കുവാൻ സാധിക്കുന്നത് കൊണ്ടാണ്, എന്നാൽ അതിന്റെ പ്രലോഭനത്തെ പ്രതിരോധിക്കുന്നത് കീഴടങ്ങുവാൻ കൂട്ടാക്കാത്തതിനാൽ അതിജീവിക്കുവാൻ കഴിയും എന്നു യേശു കാണിച്ചു.

"സഹതപിക്കുക" (*സുംപതയോ*) എന്ന വാക്ക് എബ്രായ ലേഖനത്തിൽ മാത്രമാണ് കാണുന്നത്. ആ വാക്ക് ഇവിടെ ഉപയോഗിച്ചതിന് പുറമേ, തടവുകാരോട് *സഹതാപം* കാണിക്കാൻ ക്രിസ്ത്യാനികളെ എബ്രായർ 10:34 ൽ പ്രബോധിപ്പിക്കുമ്പോഴും കാണാം. ക്രിസ്തുവിനെ പോലെ ക്രിസ്ത്യാനികളും സഹതപിക്കുവാൻ കഴിയുന്നവരാകണം. ''സഹതാപം'' എന്ന വാക്ക് ''കഷ്ടപ്പെടുന്നവരോട് വെറും മനസ്സലിവ് കാണിക്കുന്നതല്ല, ഒരാളുടെ കഷ്ടതയിലേക്ക് പ്രവേശിച്ച് തന്റെതാക്കി മാറ്റുന്നതാണ്."[47] ബലഹീനരോടും താഴ്ന്നവരോടും സഹതാപം കാണിപ്പാൻ കഴിവുള്ളവനാണ് നമ്മുടെ മഹാപുരോഹിതൻ.[48] മനുഷ്യർക്ക് അധീനമാക്കുവാൻ പ്രയാസമുള്ള ഗുണമാണ് വാസ്തവത്തിൽ സഹതാപം; എന്നാൽ ക്രിസ്ത്യാനിയും അപക്വതയിലാണെങ്കിലും, തന്റെ കർത്താവിനെ പോലെ ആകുവാൻ അയാൾ പരിശ്രമിക്കുന്നു.

പരീക്ഷയിൽ അകപ്പെടുന്ന ഒരാൾ അതിന്റെ അന്തിമശക്തിയിൽ എത്തുന്നതിന് മുൻപ് പാപത്തെ കുറിച്ച് ആ സമയത്ത് ബോധ്യമാവുകയും, അതിനപ്പുറമായി ചിന്തിക്കാതെയുമിരിക്കുന്നു, കാരണം വലിയ പരിശോധനയ്ക്ക് മുൻപ് അയാൾ കുറ്റത്തിൽ വീഴുകയാണ്.

പരീക്ഷണവുമായി പരിചയപ്പെടുന്നത്, മറ്റുള്ളവരുടെ പാപത്തോട് മനസ്സലിവ് കാണിക്കുവാൻ കാരണമാവുന്നു. മരണത്തോളം യേശു മനുഷ്യത്വം എന്തെന്ന് അനുഭവിച്ചു (ഫിലി. 2:8 നോക്കുക). അവനിപ്പോൾ സ്പർശിക്കുവാൻ കഴിയും (വാ. 15; കെജെവി). അവൻ ജനക്കൂട്ടത്തിന് മുകളിൽ വികാരമില്ലാതെ ഒരു കസേരയിൽ ഇരിക്കുന്നവനല്ല. യേശു മുഴുവനായും നമ്മെപ്പോലെ ആയി. നമുക്കും പ്രതിരോധിക്കുവാൻ കഴിയുമെന്ന് അവന്റെ ശക്തമായ മാതൃക കാണിച്ച് തന്നു.

തന്റെ ബലഹീനതയിലാണ് അവൻ കഷ്ടതയേറ്റത്, നാമും അങ്ങനെ തന്നെ; എന്നാൽ ആ പ്രയാസങ്ങൾ ദൈവത്തോടുള്ള തന്റെ ശുശ്രൂഷയ്ക്ക് ഭംഗം വരുത്തുവാൻ അവൻ അനുവദിച്ചില്ല (വാ. 15). മറ്റുള്ളവരിലെ നിരാശയും ശാരീരികമായ വേദനയും, ക്ഷീണവും അവൻ അഭിമുഖീകരിച്ചു. അവൻ എല്ലായ്പ്പോഴും പിതാവിന്റെ ഇഷ്ടം നിർവ്വഹിപ്പാൻ നിർണ്ണയിച്ചിരുന്നു. "രാജകീയ ഭക്ഷണമോ വീഞ്ഞോ കഴിച്ച് തന്നെത്താൻ അശുദ്ധമാക്കുകയില്ലാ

യെന്ന് മനസ്സിൽ ഉറപ്പിച്ച" ദാനിയേലിനെപ്പോലെ ആയിരുന്നു അവൻ (ദാനി. 1:8). യേശു ഒരിക്കലും പരീക്ഷിക്കപ്പെട്ടില്ല എന്ന് നാം ചിന്തിക്കരുത്! ഏറ്റവും വലിയ അവന്റെ പരീക്ഷണം "മുഴുവനും ത്യജിക്കുവാനുള്ളതും, വീണ്ടെടുപ്പ് ദൗത്യത്തെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നതിനെതിരെ പോരാടുവാൻ അനേകായിരം ദൂതന്മാരെ വിളിക്കുവാൻ അവന് കഴിവുള്ളവനുമായിരുന്നു," അങ്ങനെ ക്രൂശിൽ മരിക്കാതെ അവന് തന്റെ ശത്രുക്കളെ തോല്പ്പിക്കാമായിരുന്നു എന്നാണ് ബർട്ടൺ കോഫ്മാൻ വിചാരിച്ചത്.[49]

ക്രിസ്തു പരീക്ഷണങ്ങളിലൂടെയും കഷ്ടതകളിലൂടെയും കടന്ന് പോയതിനാൽ നമ്മുടെ ബലഹീനതകളെ അവൻ മനസ്സിലാക്കി, അങ്ങനെ മനുഷ്യരോട് സഹതാപം കാണിപ്പാനും അവന് കഴിയണം. "ക്രിസ്തു ഒരിക്കലും പരീക്ഷണത്തിന് വിധേയപ്പെട്ടില്ലെങ്കിലും നികൃഷ്ട പാപിയുടേതിനേക്കാൾ സാത്താന്റെ ശക്തി കൂടുതലായി അവൻ അറിയുന്നു."[50]

"പരീക്ഷിക്കപ്പെട്ടു" എന്നത് (*പീരസോയി*ൽ നിന്നാണ്) അർത്ഥം "പരിശോധിച്ചു." യേശുവിന്റെ "പരീക്ഷണം" എന്ന് പറയുന്നത് അവന്റെ വിശ്വാസത്തെയും സ്ഥിരോത്സാഹത്തെയും പരിശോധിച്ചതാകാം, എന്നാൽ ആ വാക്കിന് "പരീക്ഷണം" എന്നും "പരിശോധന" എന്നും അർത്ഥം വരാം. ആഗ്രഹിക്കാത്ത പെരുമാറ്റത്താൽ യേശു "പരീക്ഷിക്കപ്പെട്ടു" എന്നല്ല എബ്രായ ലേഖകൻ പറയുന്നത്, മറിച്ച് തോട്ടത്തിലെ പ്രാർത്ഥനയിലും ക്രൂശീകരണത്തിലും വേദന അനുഭവപ്പെട്ടതിൽ കൂടെ അവൻ പരിശോധിക്കപ്പെട്ടു (5:7, 8). ഈ ലേഖനം എഴുതപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾക്ക് അനുഭവപ്പെട്ടിരുന്നത് അവൻ അനുഭവിച്ചതുപോലെ ആയിരുന്നു. ശക്തമായ വിശ്വാസം ഉള്ള ഒരാൾക്ക് വലിയ പരീക്ഷണത്തെ അതിജീവിക്കുവാൻ കഴിയും.

യേശു പരീക്ഷണത്തിന് വിധേയനാകാതെ കഷ്ടം അനുഭവിച്ചത് കൊണ്ട് (വാ. 15; 1 പത്രൊ. 2:20–22), ഒരു ചോദ്യം പലപ്പോഴായി ഉയരുന്നത് "യേശുവിന് വാസ്തവത്തിൽ പാപം ചെയ്യുവാൻ കഴിയുമായിരുന്നോ?" അല്ലെങ്കിൽ, ഒരു പരീക്ഷണമില്ലായിരുന്നു! സാത്താന്റെ പരീക്ഷണം യേശു നേരിട്ടതിനെ അവന് പാപം ചെയ്യുവാൻ കഴിയാതിരുന്നതിനെ കുറിച്ച് പറയുന്നു (മത്താ. 4:1–11; മർ. 1:12, 13; ലൂക്കൊ. 4:1–13). യേശു നേരിട്ട പരീക്ഷണത്തെ കീഴ്പ്പെടുത്തുവാൻ അവന് കഴിഞ്ഞില്ലായെങ്കിൽ, ആ സംഭവം മുഴുവൻ അർത്ഥശൂന്യമായ ഒരു നാടകമായി അവശേഷിക്കുമായിരുന്നു.

അവൻ പരീക്ഷിക്കപ്പെട്ടു, എന്നാൽ ഒരു പാപത്തിനും അവനെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞില്ല. താന്താന്റെ മോഹത്താൽ ആണ് ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് എന്നാണ് യാക്കോബ് പറഞ്ഞത് (യാക്കൊ. 1:14). പിശാച് നമ്മുടെ മോഹങ്ങളെ ഉണർത്തുന്നതിൽ വിജയിച്ചേക്കാം, എന്നാൽ യേശു അവയെ അതിജീവിക്കയായിരുന്നു. യേശു ദൈവമാകയാൽ, അവന് പാപം ചെയ്യുവാൻ കഴിഞ്ഞില്ല എന്ന് പറയപ്പെടുന്നു.[51] അവന്റെ ദൈവീക സ്വഭാവത്താൽ അവൻ പാപത്തെ അതിജീവിച്ചു എന്നു പറഞ്ഞാൽ നമുക്ക് തെറ്റുപറ്റിപോയി. അവൻ പരീക്ഷിക്കപ്പെട്ടു എങ്കിലും പാപം ഒന്നും അവനിൽ ഇല്ലായിരുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്.

വിഷമിക്കുന്ന വ്യക്തികൾ പറഞ്ഞേക്കാം, "ഞാൻ നേരിട്ട പരീക്ഷണങ്ങൾ യേശുക്രിസ്തു ഒരിക്കലും അനുഭവിച്ചിട്ടില്ല." "പാപം കൂടാതെ" എന്നു പറഞ്ഞതിനാൽ അവൻ ഒരിക്കലും പരീക്ഷിക്കപ്പെട്ടില്ല എന്നു വിചാരിക്കരുത്. സകലമനുഷ്യരും "പാപസ്വഭാവത്തോടെ" ജനിക്കുന്നു എന്ന് വിശ്വസിക്കുന്ന

വരോട് നമുക്ക് ചോദിക്കാം, “നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ ഒരു ശരീരമായിരുന്നോ യേശു അവകാശമാക്കിയത്? അല്ലെങ്കിൽ പിന്നെ അവന്റെ പരീക്ഷണങ്ങൾ ‘പാപസ്വഭാവത്തോടെ’ ആയിരിക്കയില്ലേ”? അവന് പരീക്ഷക്കപ്പെടുവാൻ കഴിയുമെങ്കിൽ, പാപം ചെയ്യുവാനും കഴിയുമായിരുന്നു; അല്ലെങ്കിൽ പരീക്ഷണം തന്നെ ഇല്ല.

യഹൂദന്മാരുടെ മഹാപുരോഹിതൻ വർഷത്തിൽ ഒരിക്കൽ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുമ്പോൾ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ചെയ്യുന്ന ശുശ്രൂഷ പാപത്തിൽ നിന്നും അഴിമതിയിൽ നിന്നും അകറ്റുന്നതാണ് എന്ന് ഫിലോ പറഞ്ഞിരുന്നു.[52] തീർച്ചയായും, യെരുശലേമിലെ പുരോഹിതന്മാർക്ക് അത് വിശ്വാസത്തിനുപരിയാണെന്ന് അറിയാമായിരുന്നു, എന്നാൽ ഒന്നാം നൂറ്റാണ്ടിലെ യഹൂദന്മാർക്ക് ആ ആശയം കെട്ടിച്ചമച്ചതായി തോന്നിയേക്കാം. ഫിലോ ആവശ്യമെന്ന് ചിന്തിച്ചതായ യോഗ്യതകൾ മുഴുവൻ യേശു നിറവേറ്റിയതായി എബ്രായ ലേഖനത്തിലെ പ്രതികരണം കാണാം.

**വാക്യം 16**. അത്തരം ഗ്രഹിക്കുന്ന മഹാപുരോഹിതൻ ഉള്ളതിനാൽ, നമുക്ക് ദിവസവും, ഉത്സാഹത്തോടെ, ധൈര്യത്തോടെ പിതാവിനടുക്കൽ ചെല്ലാം. അടുത്ത് **ചെല്ലുന്നതിൽ** പാപമോചനത്തിനായി പ്രാർത്ഥിക്കുവാനുള്ള അവസരവും ഉൾപ്പെടുന്നു.

നാം കരുണയ്ക്കായി അപേക്ഷിക്കണം. അത്തരം പ്രാർത്ഥനയ്ക്ക് ധൈര്യം പകരുന്നതാണ് ഈ വാക്യം. “അടുത്തു ചെല്ലുക” എന്ന പ്രയോഗം ഈ ലേഖനത്തിലെ സാധാരണവും മുഖ്യവുമായ കാര്യമാണ്. അത് 7:19, 25; 10:1, 22 ലും 11:6 ലും കാണാം. ആ ചിന്ത 6:18 ൽ അന്തർലീനമാക്കിയിരിക്കുന്നു.

“അടുത്തു ചെല്ലുക” (*പ്രോസെർക്കോമായി*) എന്ന വാക്ക് പുരോഹിതന്മാരുമായി ബന്ധപ്പെട്ടിരിക്കുന്നതിന്റെ കാരണം അവർക്കാണ് ആരാധനാശുശ്രൂഷയുമായി ദൈവസന്നിധിയിൽ പ്രവേശിപ്പാൻ കഴിയു.[53] ആ നേട്ടം ഇപ്പോൾ എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ളതാണ്.[54]

ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ മഹാപുരോഹിതന് മാത്രമേ അവകാശമുണ്ടായിരുന്നുള്ളു. മലിനപ്പെടാത്ത പുരോഹിതന്മാർക്ക് മാത്രമേ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. നിർമ്മലരും ഭക്തിയുള്ളവരുമായ യഹൂദ പുരുഷന്മാർക്ക് പുറത്തുള്ള പ്രാകാരത്തിൽ മാത്രം പ്രവേശിക്കുവാൻ അനുവദിച്ചിരുന്നു. യഹൂദ പ്രാകാരത്തിന് പുറത്ത് ജാതികൾക്കും, അതിനപ്പുറമായിട്ടായിരുന്നു സ്ത്രീകൾക്കുള്ള പ്രാകാരം. ആ തടസ്സങ്ങളെല്ലാം യേശുക്രിസ്തു മാറ്റി. പിതാവിനടുത്തുള്ള ന്യായപീഠം വരെ “അടുത്തു ചെല്ലുവാൻ” നമുക്ക് ഇപ്പോൾ അനുവാദം ലഭിച്ചിരിക്കുന്നു (10:22 നോക്കുക). പ്രാർത്ഥനയിൽ നമുക്ക് ദൈവത്തിന്റെ അടുക്കലേക്ക് പ്രവേശിക്കുവാൻ കഴിയുന്നു. ഏതു സമയത്തും നമുക്ക് അവനെ സമീപിക്കാം. ബിയേഴ്സ്ബേ പറഞ്ഞു,

> ഒരു യിസ്രായേല്യൻ പരീക്ഷിക്കപ്പെടുമ്പോൾ, സഹായത്തിനായി മഹാപുരോഹിതന്റെ അടുക്കലേക്ക് ചെല്ലുവാൻ കഴിഞ്ഞിരുന്നില്ല; ദൈവസഹായത്തിനായി, അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാനും കഴിഞ്ഞിരുന്നില്ല. എന്നാൽ യേശു ക്രിസ്തുവിലുള്ള വിശ്വാസികളായ നമുക്ക്, നമ്മുടെ മഹാപുരോഹിതന്റെ അടുക്കലേക്ക് ഏതുസമയത്തും, ഏതു സാഹചര്യത്തിലും ആവശ്യമുള്ള സഹായത്തിനായി ഓടിചെല്ലാം.[55]

കൂടാതെ, അന്യദേവന്മാർ അവരുടെ ദേവന്മാരുടെ അടുക്കൽ ഭയത്തോടും വിറയലോടും കൂടെ പോകുന്നത് പോലെ, നമുക്ക് അവന്റെ അടുക്കൽ ചെല്ലേണ്ട ആവശ്യമില്ല.

"നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവേ" (മത്താ. 6:9) എന്ന് യഹൂദന്മാർക്ക് പ്രാർത്ഥിക്കുവാൻ കഴിയുമായിരുന്നില്ല. പഴയനിയമത്തിൽ ദൈവത്തോട് അങ്ങനെ ബന്ധപ്പെടുവാൻ സാധിച്ചിരുന്നില്ല. ഇന്ന്, ക്രിസ്ത്യാനികളായ നമുക്ക് അവന്റെ അടുക്കലേക്ക് **ധൈര്യത്തോടെ** ചെല്ലുവാൻ കഴിയും, കാരണം കൃപാസനത്തോട് അടുത്ത് ചെല്ലുവാൻ പുത്രൻ വഴിയൊരുക്കിയിരിക്കുന്നു, അവിടെ അവൻ പിതാവിന്റെ വലത്തുഭാഗത്ത് ശ്രദ്ധയോടെ ഇരിക്കുകയാണ്. തീർച്ചയായും, നാം അവന്റെ അടുക്കൽ സ്വയമായ യോഗ്യതയോടെ ചെന്നാൽ, അവൻ കേൾക്കുകയില്ല.

"കൃപാസനം" എന്ന് പറയുന്നത് "ദൈവത്തിന്റെ സിംഹാസനമാണ്." ദൈവത്തിന്റെ നാമം ദുരുപയോഗം ചെയ്തു പറയാതിരിക്കുന്ന ഒരു യഹൂദ രീതിയായിരുന്നു അത്. "സിംഹാസനം" എന്ന് ഇവിടെ പറയുന്നത് പരുഷമായി പറയുന്നതിനു പകരം ദൈവത്തെ മയപ്പെടുത്തി പറയുന്നതാണ്. അവനെ "സർവ്വ കൃപയുടേയും ദൈവം" എന്നാണ് വിളിച്ചിരിക്കുന്നത് (1 പത്രൊ. 5:10) അവന്റെ സ്വഭാവ സത്ത തന്നെ **കരുണ** ആയതുകൊണ്ട് ആ പേർ അവന് ഉചിതമാണ്. **ആവശ്യമുള്ള സമയത്ത് അവന്റെ സന്നിധിയിൽ നിന്ന് നമുക്ക് സഹായത്തിനുള്ള കൃപ** ലഭ്യമാണ്. നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, നമുക്ക് അത് എല്ലായ്പ്പോഴും ആവശ്യമാണ്. നമ്മുടെ സ്വർഗസ്ഥനായ പിതാവിനോട് പ്രാർത്ഥനയിൽ നമുക്ക് ധൈര്യത്തോടെ സംസാരിക്കുവാൻ കഴിയുന്നത് അവന്റെ കരുണാ സ്വഭാവം നിമിത്തമാണ്. ഈ മഹത്തായ ചിന്ത നമുക്ക് എത്ര ആശ്വാസമാണ് നൽകുന്നത്! ആനുകൂല്യം കണ്ടെത്താവുന്ന സ്ഥലമാണ് ദൈവ സിംഹാസനം. നാം സിംഹാസനത്തോട് അടുത്തു ചെല്ലുമ്പോൾ, നമ്മുടെ രക്ഷകൻ പലപ്പോഴും പങ്കിട്ടതുപോലെ അവന്റെ തേജസ് പങ്കിടുന്നതാണ്.

എബ്രായർ 4:14-16 ഉം 10:19-23 ഉം നോക്കിയാൽ തമ്മിൽ സമാനതകൾ കാണുവാൻ കഴിയും. നല്ല സ്വീകാരം മുറുകെ പിടിക്കുവാനും ധൈര്യത്തോടെ ദൈവത്തോട് അടുത്തു ചെല്ലുവാനുമാണ് രണ്ട് വേദഭാഗങ്ങളും പറയുന്നത്. ഒരു പ്രബന്ധം അവതരിപ്പിക്കുന്നതുപോലെ നന്നായി-ചിട്ടയായി പ്രയോജനകരമായ ചിന്തകളും ആശയങ്ങളും രൂപപ്പെടുത്തി അവതരിപ്പിച്ചിട്ട്, ലേഖകൻ പോയിന്റുകൾ ഓരോന്നായി ഊന്നി പറഞ്ഞിരിക്കുന്നു. ആദ്യം 4:14-16 നമ്മുടെ മഹാപുരോഹിതന്റെ പ്രയോജനം പരിചയപ്പെടുത്തുന്നു, പിന്നെ, 10:19-23 അവയെ വീണ്ടും ഉറപ്പിച്ചു പറയുന്നു. അദ്ധ്യായം 5 മുതൽ 9 വരെ വായനക്കാർക്ക് എടുത്തു കാണിക്കുവാൻ ആ ചിന്തയിലേക്ക് മടങ്ങി വരികയാണ്. പൗരോഹിത്യ വ്യവസ്ഥ യെഹൂദ ക്രിസ്ത്യാനികൾക്ക് പരിചയമുള്ളതായിരുന്നു, ആ വിവേചനം അവരെ ബാധിക്കുന്നതുമായിരുന്നു.

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു പുരോഹിതനും രാജാവുമായി നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ പഴയ നിയമത്തിലെ എല്ലാ പുരോഹിതന്മാരേക്കാളും, ആദ്യ മഹാപുരോഹിതനായിരുന്ന അഹരോനേക്കാളും വലിയവൻ ആകുന്നു. അവൻ പാപം കൂടാതെ ജീവിച്ചു എങ്കിലും, അവന് പരീക്ഷണത്തെയും കഷ്ടതയെയും അറിയാം. അവന് നമ്മുടെ ബലഹീനതകളെ അറിയാവുന്നതിനാൽ, അവൻ നമ്മോട് കരുണ കാണിക്കും.

## കൂടുതൽ പഠനത്തിന്:
## പ്രാണനും ആത്മാവും (4:12)

"ആത്മാവ്" (*ന്യുമാ*), "പ്രാണൻ" (*സൂക്കേ*) തിരിച്ചറിയാമോ, അല്ലെങ്കിൽ, അവ ഒന്നിന്റെ പല രൂപങ്ങളാണോ?ചിലപ്പോൾ അവ തിരിച്ചറിയുവാൻ പ്രയാസമാണ്: പ്രാണൻ നിത്യമായി നഷ്ടമാകുന്നതും ഒരാളുടെ "ആത്മാവ്" നഷ്ടമാകുന്നതും ഒന്നു തന്നെയല്ലേ (മത്താ. 16:26). എങ്ങനെയായാലും, ഒരാളുടെ "പ്രാണൻ" മരിക്കുന്നതായും "ആത്മാവ്" മരിക്കാത്തതായുമാണ് നാം വായിക്കുന്നത്. ക്രൂശിൽ വെച്ച് യേശു തന്റെ "ആത്മാവിനെ" (*ന്യുമാ*) പിതാവിന്ന് ഏൽപിച്ചു കൊടുത്തു (ലൂക്കൊ. 23:46). "പ്രാണനെ" (*സൂക്കേ*) അല്ല. ചിലപ്പോൾ ''പ്രാണൻ'' എന്നു പറയുമ്പോൾ മുഴുവൻ വ്യക്തിയെയും ഉൾപ്പെടുത്തിയിരിക്കുന്നതായി, പെട്ടകത്തിൽ കയറി "എട്ടു പേർ" അല്ലെങ്കിൽ "ആത്മാക്കൾ" രക്ഷ പ്രാപിച്ചു എന്നു പറഞ്ഞപ്പോൾ കാണാം (1 പത്രൊ. 3:20). ചില സന്ദർഭത്തിൽ *സൂക്കേ* "ആത്മാവ്" എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്.

"ആത്മാവ്" എന്ന വാക്കിനാൽ, സൂചിപ്പിക്കുന്നത് മനുഷ്യന്റെ ഉയർന്ന പ്രകൃതത്തെയാണ്. അവന്റെ അടിസ്ഥാന പ്രകൃതമായിരിക്കാം "പ്രാണൻ" (*സൂക്കേ*), അതിന്റെ സാധാരണ അർത്ഥം മനുഷ്യന്റെ മൃഗീയ പ്രകൃതിയാണ്. "ആത്മാവ്" ഒരിക്കലും മനുഷ്യന്റെ താഴ്ന്ന പ്രകൃതിയെ കാണിക്കുന്നില്ല. ദൈവത്തിന്റെ വചനത്തിന് സന്ധിമജ്ജകളെ വേറുവിടുക്കുവാൻ കഴിയുന്നതുപോലെ, ആത്മാവിനേയും പ്രാണനേയും വേർപെടുത്തുവാൻ കഴിയും.[56] എബ്രായ ലേഖനം പറയുന്നത്, "ദേഹം" "ദേഹി" "ആത്മാവ്" ഒരു വ്യക്തി ആണെന്നാണ് (1 തെസ്സ. 5:23). എങ്ങനെയായാലും, ആ വാക്കുകൾ നാം കാണുമ്പോൾ, നമ്മുടെ ആത്മിയ ശരീരങ്ങളടക്കം-വ്യക്തിത്വങ്ങളെ മുഴുവനായും നിത്യമായി തേജസിൽ രക്ഷിക്കും. "ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെല്ലാം ഒരു നാൾ അവൻ വെളിച്ചത്ത് കൊണ്ടുവരും" (1 കൊ. 4:5). നമ്മുടെ ഹൃദയങ്ങളിലും സ്വഭാവങ്ങളിലും മറഞ്ഞുകിടക്കുന്ന എല്ലാം അന്ന് വളരെ വ്യക്തമാകും. ജോർജ് വെസ്ലി ബക്കാനൻ ശരിയായി പറഞ്ഞത്, ദൈവത്തിന്റെ വചനത്തിന്, "മനുഷ്യന് കഴിയാത്ത വ്യത്യാസങ്ങളെ വേർതിരിക്കുവാൻ കഴിയും."[57]

1 തെസ്സലൊനിക്യർ 5:23 അന്തർലീനമാക്കുന്നത് മനുഷ്യന്റെ മൂന്ന് തരത്തിലുള്ള പ്രകൃതത്തെയാണ്. എങ്ങനെയായാലും, ആത്മാവും പ്രാണനും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാൻ പലപ്പോഴും പ്രയാസം നേരിടുന്നു. മനസ്സിലാക്കുവാനുള്ള ഒരു വഴി ഇതാണ്: "പ്രാണൻ വസിക്കുന്ന ഒരു ഭവനമാണ് ശരീരം, അത് ശരീരത്തെ ജീവിപ്പിക്കുന്നു, ആത്മാവ് ദൈവത്താൽ ശരീരത്തിലുള്ള പ്രാണന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു."[58]

## പ്രായോഗികത

### ശേഷിക്കുന്ന സ്വസ്ഥത (4:1–11)

നിത്യമായ "സ്വസ്ഥത" യെ കുറിച്ചുള്ള ധൈര്യം നമുക്ക് മനസമാധാനം നൽകുന്നു. വിശ്വസ്തരായവർക്കായി ദൈവം കാത്തിരിക്കുന്നു. തിരക്കിട്ടതും കലങ്ങി മറിഞ്ഞതുമായ ലോകത്തിൽ തീർച്ചയായും അത്തരം സമാധാനത്തിന്റെ ആവശ്യം നാം മനസിലാക്കുന്നു. പ്രയത്നങ്ങളിൽനിന്നു വിട്ടുമാറു

വാനുള്ള കൽപന കൂടാതെ ക്രിസ്ത്യാനികൾക്ക് ഒരു ശബ്ബത്ത് അനുഭവം ശേഷിച്ചിരിക്കുന്നു.[59]

പഴയ നിയമത്തിലെ ശബ്ബത്ത് വിശ്രമം പുതിയനിയമത്തിലെ സ്വസ്ഥതയുടെ നിഴലായിരുന്നു, പഴയ നിയമത്തിലെ യാഗങ്ങളെല്ലാം പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ പ്രവൃത്തികളുടെ മുന്നോടിയായിരുന്നു. ആ പോയിന്റോടുകൂടി നിഴലും പൊരുളുമായ കാര്യങ്ങൾ ആരംഭിക്കുന്നു. “ദൈവം തന്റെ പ്രവൃത്തികളിൽനിന്നു നിവൃത്തനായതുപോലെ” വിശ്വസ്തരായവർക്ക് ദൈവം ഒരു വിശ്രമം നൽകും (4:10). യെഹൂദന്മാർ ശബ്ബത്ത് ആചരിച്ചതുപോലെ മാത്രമല്ല, നമ്മുടെ സ്വസ്ഥത ദൈവം വിശ്രമിച്ചതുപോലെയും ഉള്ളതാണ്.[60] എങ്ങനെയായാലും, സ്വർഗത്തിൽ ഒന്നും ചെയ്യുവാനില്ല എന്ന ആശയം ബൈബിളിലെ സ്വർഗത്തെ കുറിച്ചുള്ള ആശയമല്ല. നിത്യത മുഴുവൻ നാം തിരക്കുള്ളവരായിരിക്കും, എന്നാൽ നാം ഒരിക്കലും ഭാരമുള്ളവരായിരിക്കുകയില്ല. “സ്നേഹം നിമിത്തം ചെയ്യുന്ന പ്രവൃത്തി ഒരു ശാപമല്ല, സന്തോഷത്തോടെ ചെയ്യുന്ന പ്രവൃത്തി അഭിമാനപൂരിതമാണ്, അങ്ങനെ സേവിക്കുന്നവർക്ക് അത് നന്മയുമാണ്. അത്തരം പ്രവൃത്തി ചെയ്യാതിരിക്കുന്നതാണ് വാസ്തവത്തിൽ ശാപം.”[61]

### “ഭയം” (4:1)

ഭയം എന്ന വിഷയത്തെ കുറിച്ച് തിരുവെഴുത്തിൽ വിരോധാഭാസമെന്ന് തോന്നിക്കുന്ന ഉപദേശത്തിലാണ് പറഞ്ഞിരിക്കുന്നത്. നമ്മോട് ഭയപ്പെടരുത് എന്നാണ് യേശു പറഞ്ഞത് (യോഹ. 14:27). ദൈവം നമുക്ക് “ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല നൽകിയിരിക്കുന്നത്” എന്നാണ് പൗലൊസ് തിമൊഥെയൊസിന് എഴുതിയപ്പോൾ പറഞ്ഞത് (2 തിമൊ. 1:7). അപ്പോഴും നമ്മോട് ദൈവത്തെ ഭയപ്പെടുവാൻ പറഞ്ഞിരിക്കുന്നു (1 പത്രൊ. 2:17; അത് സഭാപ്രസംഗി 5:7) ഉദ്ധരിച്ചതാണ്. “ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ” എന്നും നമ്മോട് പറഞ്ഞിരിക്കുന്നു (ഫിലി. 2:12). ദൈവത്തെ ഭയപ്പെടുന്നതിനെ കുറിച്ച് സങ്കീർത്തനങ്ങളിൽ ഉടനീളം നമുക്ക് കാണാം. സദൃശ്യവാക്യങ്ങൾ 9:10 പറയുന്നു, “... യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു.” “... ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ'' എന്നാണ് യേശു പറഞ്ഞത് (മത്താ. 10:28). പിശാചുക്കൾ വിശ്വസിക്കുകയും വിറെക്കുകയും ചെയ്യുന്നു (യാക്കൊ. 2:19).

ബഹുമാനത്തോടും ഭക്തിയോടും കൂടെ വേണം നാം ദൈവത്തെ ഭയപ്പെടുവാൻ. എബ്രായർ 4:1–ൽ പറയുന്നത് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സ്വസ്ഥത നഷ്ടപ്പെടാതിരിക്കുവാൻ നാം ഭയപ്പെടുക എന്നാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് എല്ലാ ഭയവും തെറ്റല്ല. പുതിയ നിയമത്തിൽ “ഭയം” എന്ന വാക്കിന് മിക്ക കയ്യെഴുത്തു പ്രതികളിലും ഉപയോഗിച്ച ഗ്രീക്ക് വാക്ക് ഫോബെയോ ആണ്, പ്രാഥമികമായ അർത്ഥം “ഭയം” ആണെങ്കിലും അതിൽ ബഹുമാനത്തോടും ഭക്തിയോടും കൂടെയുള്ള ഭയവും ഉൾപ്പെട്ടിരിക്കുന്നു. തീർച്ചയായും തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു (1 യോഹ. 4:18), നമ്മിൽ ആർക്കാണ് *തികഞ്ഞ* സ്നേഹം ഉള്ളത്? ബലഹീനരായവരും, അപക്വതയുള്ളവരും അല്ലെങ്കിൽ ക്രിസ്തീയ തികവിൽ കുറവുള്ളവരും ഭയപ്പെടണം. ഇടുങ്ങിയതും നേരായതുമായ വഴിയിൽ കൂടെ നടക്കുവാൻ നാം

ഭയപ്പെടണം (മത്താ. 7:14; കെജെവി). പരദൂഷണം പറയുന്നവരോട് “ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം” എന്നാണ് (10:31). “ദൈവഹിത പ്രകാരം ഭയപ്പെടുവിൻ” (*യൂലാബെയിയാ*) എന്നാണ് ശിഷ്യന്മാരോട് 12:28 ൽ പറഞ്ഞിരിക്കുന്നത്, അത് ബഹുമാനവും ഭക്തിയും ഉള്ള ഭയമാണ്, അല്ലാതെ യുള്ള ഭയവും അന്തർലീനമാക്കിയിരിക്കുന്നു. “ഫോബിയ” കൂടാതെ നമുക്ക് ദൈവത്തെ പിൻപറ്റുവാൻ സാധ്യമല്ല. “ഭയം” എന്നതിനുള്ള ഗ്രീക്ക് വാക്കിൽ നിന്നും ഉത്ഭവിച്ചതാണ് ആ വാക്ക്. മാനസാന്തരപ്പെടാത്ത പാപികൾ ജീവ നുള്ള ദൈവത്തിന്റെ കയ്യിൽ വീഴേണ്ടി വരുമെന്ന ഭയം ഇല്ലാത്തവർ ദൈവത്തെ അനുസരിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. അത്തരം ഭയ മാണ് ആളുകളെ ദൈവത്തിലേക്ക് തിരിക്കുന്നതും, താഴ്മയുള്ള ഹൃദയത്തോ ടെ, അനുസരിക്കുവാനുള്ള മനസ് കാണിക്കുന്നതും. അവസാനം സ്നേഹം നിമിത്തം ആവശ്യമില്ലാത്ത ഭയം നീങ്ങപ്പെടുകയും ചെയ്യും.

**“വിശ്വാസമായി പരിണമിക്കാതിരിക്കൽ” (4:2)**

ദൈവദൃഷ്ടിയിൽ ജീവനുള്ള വിശ്വാസം എന്നു പറയുന്നത് ആശ്ര യവും അനുസരണവുമുള്ള വിശ്വാസമാണ്. യിസ്രായേൽ ജനം മിസ്രിയിം വിട്ട് കനാനിലേക്ക് യാത്ര തിരിച്ചപ്പോൾ, സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തികളും തേജസും അവർ കണ്ടിരുന്നു. എങ്ങനെയായാലും അവർ നെഫിലിമിനെ കുറിച്ച് “മോശമായ” വിവരം ലഭിച്ചതിനാൽ (സംഖ്യ. 13; 14), അതിരുകളിൽ തന്നെ നിന്നു. നെഫിലിം, ചെറിയ യിസ്രായേൽ ദേശത്തേക്കാൾ വളരെ വലുതായിരുന്നു, അവരുടെ ആഹാരം മിസ്രയിമിലെ അടിമകളുടേത് പോലെ കഷ്ടിച്ച് ഉള്ളതായിരുന്നു. അവരുടെ സൈന്യവലിപ്പം യിസ്രായേലിന് ഊഹിക്കുവാൻ കഴിഞ്ഞതിനേക്കാൾ വലുതായിരുന്നു, അത് അവരുടെ വിശ്വാ സത്തെ തകർത്തു. ദൈവത്തിന് വലുപ്പം കാര്യമല്ല-വിശ്വാസമാണ് കാര്യം.

വിശ്വാസം അനുസരണപ്രവൃത്തിയാൽ പ്രദർശിപ്പിക്കണം. അല്ലെങ്കിൽ, അത് ഒരു “നിർജ്ജീവ വിശ്വാസം” ആകും (യാക്കൊ. 2:17). എങ്ങനെയായാലും, വിശ്വാസം ഒരു പ്രവൃത്തിയാണ്-മനുഷ്യർക്ക് ചെയ്യുവാൻ ദൈവം കല്പിച്ചിരി ക്കുന്നതുമാണ് (യോഹ. 6:28, 29). അവൻ അത്ഭുതകരമായി വിശ്വാസം നമ്മിൽ അടിച്ചേൽപ്പിക്കുകയില്ല; എന്നാൽ അവന്റെ വചനത്തിൽ തെളിവുകളായി നൽകിയിരിക്കുന്നത്, കേട്ടുകൊണ്ട് ശ്രദ്ധയോടെ വിശ്വാസം ജനിപ്പിക്കുന്നു (റോമ. 10:17). അതുകൊണ്ട് നമ്മുടെ രക്ഷ പ്രവൃത്തികളാൽ നേടിയെടുക്കാ വുന്നതല്ല, അത് എഫെസ്യർ 2:8, 9 ലും റോമർ 3:28 ലും പറഞ്ഞിരിക്കുന്നു, അവിടെ “ന്യായപ്രമാണ പ്രവൃത്തികളാൽ” രക്ഷ നേടുന്നതിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. രക്ഷ നേടിയെടുക്കുന്നത് അസാധ്യമായതിനാൽ, നമ്മുടെ ജീവിതത്തിൽ പ്രവൃത്തികളുടെ അഭാവം നിമിത്തം ദൈവ ത്തിന്റെ രക്ഷയുടെ മാർഗ്ഗത്തിൽ-നാം വിശ്വാസം അർപ്പിക്കുകയും ദൈവം നിയമിച്ചിരിക്കുന്ന രക്ഷയ്ക്കായി ചെയ്യുവാൻ ആവശ്യപ്പെ ടുന്നത് അനുസരിക്കുകയും വേണം (യോഹ. 6:29). രക്ഷയ്ക്കായി മനുഷ്യൻ ഒന്നും ചെയ്യേണ്ടതില്ലെങ്കിൽ, ‘‘നിങ്ങളെത്തന്നെ രക്ഷിച്ചു കൊൾവിൻ ...” (റോമർ. 2:40; കെജെവി) എന്നു പറയുമോ? “ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ’’ എന്ന് പൗലൊസ് ഉപദേശിക്കുവാൻ കാരണം എന്ത് (ഫിലി. 2:12)? തീർച്ചയായും, ഞാൻ ദൈവത്തെ അനുസരിക്കുമ്പോൾ, പിതാവ് നമ്മിൽ പ്രവർത്തിക്കുന്നു

-എന്നാൽ യാതൊരു നിർബന്ധവും കൂടാതെ വ്യക്തിപരമായി നാം തന്നെ അനുസരിക്കുവാൻ മനസ്സ് കാണിക്കണം.

ആത്മാക്കളുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെ പലപ്പോഴും ലൗകീ കരായ ആളുകൾ നശിച്ചുപോകുന്ന വസ്തുക്കളിലേക്ക് തിരിയുന്നു. വർഷ ങ്ങൾക്ക് മുൻപ് മൂന്ന് പുരുഷൻമാരുടെ ശവശരീരങ്ങൾ ആസ്ട്രേലിയയുടെ ഉൾപ്രദേശത്ത് കാണപ്പെട്ടു, അവർ പട്ടിണിയാലാണ് മരിച്ചത്, എന്നാൽ അവ രുടെ വയറ് നിറഞ്ഞിരുന്നു. ഭക്ഷണത്തിന് യോഗ്യമല്ലാത്ത ചെടിയായിരുന്നു അവർ തിന്നത്. മനുഷ്യൻ ശേഖരിക്കുന്ന നിസ്സാരവസ്തുക്കൾ-ലൗകീക വിജയം, വിദ്യാഭ്യാസനേട്ടം, സമ്പത്ത്-എന്നിവ ആത്മാക്കൾക്ക് യാതൊരു വിലയുമില്ലാത്തതാണ്. സുവിശേഷം കേട്ടവർ പാപത്തിൽ മരിക്കുന്നു, അവർ ജാതികൾ തിങ്ങിപാർക്കുന്ന ദേശത്ത് ജീവിച്ചിരിക്കാം, ബൈബിൾ അവിടെ അനുവദിക്കുന്നില്ലായിരിക്കാം.

### സൃഷ്ടിയുടെ നാളുകൾ (4:3, 4)

സൃഷ്ടിയുടെ ഓരോ ദിവസവും ഓരോ ആയിരം-വർഷക്കാലമായി കണ ക്കുകൂട്ടി, ഏഴായിരം വർഷങ്ങൾക്ക് ശേഷം ലോകം അവസാനിക്കുമെന്ന് ചിലർ തിട്ടപ്പെടുത്തുന്നു. പിതാക്കന്മാരുടെ കാലയളവിലെ ആയിരമാണ്ടു വാഴ്ചാ കാഴ്ചപ്പാടിൽ നിന്നാണ് ഈ ആശയം ഉരുത്തിരിഞ്ഞത്. അതിന് തിരുവെഴുത്തിൽ യാതൊരു അടിസ്ഥാനവുമില്ല. അതിന് 2 പത്രൊസ് 3:8 പിന്തുണയ്ക്കുന്നു എന്നാണ് അവർ കരുതുന്നത്: "... കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും, ആയിരം സംവത്സരം ഒരു ദി വസം പോലെയും ഇരിക്കുന്നു." കർത്താവിന് ഒരു ദിവസം എന്ന് പറയുന്നത് അക്ഷരീകമായി ആയിരം സംവത്സരം ആണെങ്കിൽ, ആയിരം സംവത്സരം എന്ന് പറയുന്നത് അക്ഷരീകമായി ഒരു ദിവസവും ആകും. അപ്പോൾ അത് ശരിയല്ല. പത്രൊസ് പറയുന്നത് ദൈവം തന്റെ ശരിയായ സമയത്ത്, വാഗ്ദാ നങ്ങൾ നിറവേറ്റും, അത് ആയിരം വർഷങ്ങൾക്ക് ശേഷമാണെങ്കിലും. നാം വാഗ്ദാനം ചെയ്തത് കുറേ കഴിയുമ്പോൾ മറന്നു പോകും, എന്നാൽ ദൈവം അത് മറക്കുകയില്ല. "ദിവസം-ആയിരവർഷക്കാലം" എന്ന ആശയം രണ്ടാം നൂറ്റാണ്ടിൽ നിലനിന്നിരുന്നു; അത് ബർന്നബാസിന്റെ ലേഖനത്തിൽ കാണാം (15:4, 5) അതിന് ശേഷം ഇടവിട്ട് കേട്ടിട്ടുള്ളതുമാണ്.[62] ലോക സൃഷ്ടി പൂർത്തി യാക്കിയ ശേഷം ദൈവം തന്റെ പ്രവർത്തികൾ അവസാനിപ്പിച്ചില്ല; അവൻ തന്റെ സൃഷ്ടിത്വ പ്രവർത്തികളിൽ നിന്നാണ് വിശ്രമിച്ചത്.

### ഇന്നാണ് ദൈവത്തിന്റെ ദിവസം (4:7)

ഓരോ "ഇന്നും," ദൈവം നിയന്ത്രിക്കുന്നു, നാളെയും ദൈവത്തിനു ള്ളതാണ്; നമ്മുടെ ആത്യന്തിക നന്മയ്ക്ക് വേണ്ടി ദൈവം അനുഗ്രഹിക്കും (റോമ. 8:28). ഇന്നും നാളെയും ആവേശകരവും മനോഹരവും ആക്കുവാൻ അവന് കഴിയും. ഈ കാഴ്ചപ്പാട് ഉയർത്തുന്ന ശുഭാപ്തി വിശ്വാസം നാം സൂക്ഷിക്കണം. പഴയ നിയമത്തിലെ സംഭവങ്ങൾ കേട്ട ഒരു പെൺകുട്ടി പറഞ്ഞു, "അപ്പോൾ ദൈവം വളരെ ആവേശം ജനിപ്പിക്കുന്നവനാണ്."[63] സഭ യുടെ ഏറ്റവും നല്ല നാളുകൾ പിന്നിട്ടിരിക്കുന്നു എന്നാണ് നാം ചിന്തിക്കുന്ന ത്. 1950 കളിലും 1960 കളിലും, അമേരിക്കയിൽ കർത്താവിന്റെ സഭ വലിയ തോതിൽ വളർന്നു-എന്നാൽ അതിനുശേഷമുള്ള അൻപതുവർഷക്കാലത്തെ

വളർച്ച മന്ദമായിരുന്നു. ഇപ്പോൾ, ഇരുപത്തി-ഒന്നാംനൂറ്റാണ്ടിൽ, ദൈവരാജ്യ ത്തിന് വളരെയധികം വളർച്ച കാണാം.

ഒരു മതത്തെ സംബന്ധിച്ചു ലോകം തെറ്റിദ്ധാരണയിലാണ്, ആളുകൾ ബൈബിളിലെ ലളിതമായ സത്യത്തിനായി ദാഹിക്കുന്നു. എങ്ങനെയായാ ലും, പലരും ഉത്തരങ്ങൾക്കായി ബൈബിൾ ഒഴിച്ച് മറ്റുള്ള ഉറവിടങ്ങളിലേക്ക് പോകുന്നു. ലോകപ്രകാരമുള്ള വിഭാഗങ്ങളുടെ ഉപേദശങ്ങളെ സംബന്ധിച്ച് ആളുകൾ വളരെ കുറച്ച് മാത്രമേ മതപരമായ ഉപദേശങ്ങളെ മനസ്സിലാക്കി യിട്ടുള്ളു എന്ന് അടുത്ത സമയത്ത് എന്റെ വിദ്യാർത്ഥികളുമായി സംസാരി ച്ചപ്പോൾ മനസ്സിലായി. ഒരു മതപരമായ സംഘത്തിന്റെ ഉപദേശത്തെകുറിച്ച് ഞങ്ങൾ ചർച്ച ചെയ്തപ്പോൾ, ഒരു വിദ്യാർത്ഥി പറഞ്ഞു, “അവർക്ക് അത് എങ്ങനെ വിശ്വസിപ്പാൻ കഴിയുന്നു?” അവർ അതിൽ വളരുന്നു എന്നതാണ് ഉത്തരം; ബാല്യം മുതൽ അത് വിശ്വസിക്കുവാനാണ് പരിശീലിപ്പിക്കുന്നത്. അങ്ങനെ അനേകർ ദൈവത്തെകുറിച്ച് തെറ്റായ വീക്ഷണത്തിൽ എത്തുന്നു, തീർച്ചയായും പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ എരിവ് ലക്ഷ്യമാക്കി സുവിശേഷീകരണം നടത്തുവാൻ നമുക്ക് കഴിഞ്ഞാൽ അവരെ നേടുവാൻ സാധിക്കുന്നു. ആളുകൾക്ക് സത്യം കാണിച്ച് കൊടുത്ത് അവരെ എളുപ്പത്തിൽ പരിവർത്തനം ചെയ്യുവാൻ കഴിയും.

സഭയുടെ വലിയ വളർച്ച കൈവരിക്കുവാനും കർത്താവ് നമ്മിൽ പ്ര വർത്തിക്കുവാനും താമസിച്ചുപോയി എന്ന് നാം ഒരിക്കലും വിചാരിക്കരുത്, ഞങ്ങളിൽ കൂടിയും മറ്റുള്ളവരിൽ കൂടിയും പ്രവർത്തിച്ച് ദൈവം സഭയെ വളരുമാറാക്കും. “ഇന്ന്” എന്നത് ഇപ്പോഴും ദൈവത്തിന്റേതു തന്നെയാണ്!

### “നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്തരുത്” (4:7)

തുറന്ന മനസ്സോടെ ഓരോ ദിവസവും ദൈവത്തിന്റെ വചനം ശ്രദ്ധിക്ക, അങ്ങനെയാകുമ്പോൾ നിങ്ങളുടെ ഹൃദയം ഒരിക്കലും കഠിനപ്പെടുകയില്ല.

> മാറുവാനുള്ള ദൈവത്തിന്റെ അപേക്ഷയെ നിഷേധിക്കുന്ന ഓരോ പ്ര വർത്തിയും, തലകുലുക്കി പറയുന്ന, “എനിക്കറിയാം ഞാൻ മാറണ മെന്ന്, പക്ഷെ ഞാൻ കൂട്ടാക്കുന്നില്ല,” പുറമേ-ഉള്ള തറപ്പിക്കൽ എന്തും, ആന്തരിക സമർപ്പണം ഇല്ലെങ്കിൽ തുടർച്ചയായ ഹൃദയ കാഠിന്യം ആയി രിക്കും ഫലം.[64]

ജീവിതം നീണ്ടു പോകുന്തോറും ഇതാണ് നമ്മുടെ “ഇന്ന്.” മാനസാന്തര പ്പെട്ട് ഹൃദയകാഠിന്യം നമുക്ക് ഒഴിവാക്കി എടുക്കാം.

### സ്വസ്ഥതയിൽ പ്രവേശിക്കാൻ ഉത്സാഹിക്ക (4:11)

ഒരിക്കൽ സുവിശേഷമനുസരിച്ച ശേഷം രണ്ടാമത് “വിശുദ്ധീകരണം” ലഭിക്കുക എന്ന ആശയത്തെ ശാസിച്ചു കൊണ്ട് റെയ്മണ്ട് ബ്രൗൺ “പ്രവൃത്തിയാൽ രക്ഷ നേടാം,” എന്ന ആശയം ഉത്കണ്ഠാജനകമെന്ന് പ്രസ്താവിച്ചു. അതിന്റെ കാരണം അദ്ദേഹം പറഞ്ഞു,“ദൈവത്തെ അനുവദി ക്കുക, എന്ന ആശയം ക്രിസ്ത്യാനിയുടെ വിശുദ്ധീകരണത്തിന്, ധാർമ്മികമായ വിഷമം നേരിടുന്നു എന്ന് പറയേണ്ടി വരും.”[65] അത്തരം ചിന്തകൾ, നമ്മുടെ രക്ഷ സൂക്ഷിക്കുന്നതിന് വേണ്ടി അല്ലെങ്കിൽ അത് രക്ഷയ്ക്കുള്ള “പ്രവൃത്തി

കൾ" ആയിതീരും. ദൈവത്തിൽ നിന്ന് മാനസികമായി ലഭിക്കുന്ന ആശ്വാസം മാത്രമാണ് രക്ഷയും വിശുദ്ധീകരണവുമെങ്കിൽ, ഉത്സാഹമോ "ധാർമ്മികമായ പോരാട്ടമോ" ആവശ്യമില്ല.

ഓരോ വ്യക്തിയുടേയും പോരാട്ടം തിരിച്ചറിയുമ്പോൾ "ദൈവം അത് ചെയ്യട്ടെ!" അസ്ഥിരത ബോധ്യപ്പെടും. പരസ്പരം യോജിക്കാത്ത രണ്ട് ആശയങ്ങൾ തമ്മിൽ ചേർക്കുവാൻ കഴിയുമെന്നാണ് ചില വേദ പണ്ഡിതന്മാർ കരുതുന്നത്, എന്നാൽ അതിന് ഇംഗ്ലണ്ടിലെ അയൺസ്മിത്തിന്റെ ഈ പരസ്യം ആവശ്യമാണ്: "എല്ലാത്തരത്തിലുമുള്ള തിരിക്കലും കോട്ടിമറിക്കലും ഇവിടെ ചെയ്യപ്പെടും!"

"ആ വിശ്വാസം നമ്മെ രക്ഷിക്കുമോ?" എന്ന് യാക്കൊബ് ചോദിക്കുമ്പോൾ, അത് വിശ്വാസത്തോട് കൂടി ചെയ്യേണ്ട പ്രവർത്തികളെയാണ് സൂചിപ്പിക്കുന്നത് (യാക്കോ. 2:14). ഒരു സഹമനുഷ്യനിൽ വെറുതേ വിശ്വാസം അർപ്പിക്കുന്നതിനെ കുറിച്ചല്ല അവൻ പറഞ്ഞത്, മറിച്ച് രക്ഷിക്കുന്ന വിശ്വാസത്തെകുറിച്ചാണ്. യാക്കൊബിന്റെ പ്രഖ്യാപനം നമുക്ക് ത്യജിക്കാവുന്നതല്ല. തീർച്ചയായും രക്ഷാമാർഗ്ഗവും വിശുദ്ധീകരണവും ദൈവമാണ് നൽകുന്നത്, പക്ഷെ അവൻ എല്ലാ പ്രവർത്തികളും നമുക്ക് വേണ്ടി ചെയ്യുന്നില്ല. പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ [*വിശുദ്ധിയെ*] തികെച്ചുകൊൾക" (2 കൊ. 7:1). നമ്മുടെ ഭാഗത്ത് നിന്ന്, അനുസരിക്കാതെ ദൈവം വിശുദ്ധിക്കായി നമ്മിൽ പ്രവൃത്തിക്കയില്ല (ഫിലി. 2:12, 13).

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ" എന്ന് പൗലൊസ് പറഞ്ഞതു പോലെ, നമ്മിൽ പ്രവർത്തിക്കുവാൻ നാം ദൈവത്തെ അനുവദിക്കണം (ഫിലി. 4:13). നമുക്ക് ദൈവത്തിന്റെ "കൂട്ടുവേലക്കാർ" ആകുവാൻ വാസ്തവത്തിൽ കഴിയും (1 കൊ. 3:9). അത് മനോഹരമായ ഒരു ചിന്തയാണ്: നാം ചെയ്യുന്ന "എളിയ സേവനം" ആയാലും, നാം ദൈവത്തോടുകൂടെ പ്രവർത്തിക്കുന്നു എന്ന് നമുക്ക് അറിയാം! മനുഷ്യരുടെ പരിശ്രമം ആവശ്യമാണ്, പക്ഷെ നാം ദൈവത്തോടു കൂടെ പ്രവർത്തിക്കുമ്പോൾ സന്തോഷിക്കുവാൻ കഴിയും!

ക്രിസ്ത്യാനികൾക്ക് ലഭിക്കുന്നതിന്റെ നിഴൽ ആയിരുന്നു കനാനിൽ വച്ച് യിസ്രായേൽ ജനത്തിന് ലഭിച്ച "വിശ്രമം." കൊലൊസ്സ്യർ 2:16, 17 പറയുന്നത്, പഴയനിയമത്തിൻ കീഴിൽ ഉള്ളവർ ആചരിച്ച, പ്രത്യേക ഭക്ഷണവും, ശബ്ബത്ത് ആചരണവും അടക്കമുള്ള എല്ലാ ചടങ്ങുകളും ക്രിസ്തുവിലുള്ള യഥാർത്ഥ സത്തയുടെ നിഴൽ മാത്രമായിരുന്നു. യിസ്രായേലിന്റെ സമാധാനത്തിൽ വാഗ്ദത്ത പ്രദേശത്ത് വിശ്രമവും ഉൾപ്പെട്ടിരുന്നു; നല്ല വിളവുകളും, ശത്രുക്കളുടെ ആക്രമണത്തിൽ നിന്നുള്ള മോചനവും, മോശമായ വിളവും, ക്ഷാമവും വിശ്വാസത്തോടുകൂടെ നേരിട്ടു. എങ്ങനെയായാലും ആ വലിയ അനുഗ്രഹങ്ങളെല്ലാം ഭൗതീകമായിരുന്നതിനാൽ, അവരെ തൃപ്തിപ്പെടുത്തിയില്ല. ക്രിസ്ത്യാനിയുടെ സ്വസ്ഥതയിൽ സമാധാനവും, ദൈവസന്നിധിയിൽ നിത്യമായ തേജസ്സും ആണ് ലഭിക്കുക. ഇതാണ് വാസ്തവത്തിലുള്ള ശബ്ബത്ത് അനുഭവം.

**അനുസരണക്കേടിന്റെ മാതൃക-ഒരു ദിവസം താമസിച്ച് (4:11)**

കാലേബും യോശുവയും ഉടനെ പോയി ദേശം കൈവശം ആക്കുക എന്ന് പറഞ്ഞപ്പോൾ ജനം അതിനെ എതിർക്കുകയും "രാത്രി മുഴുവൻ കരയുകയും ചെയ്തു" (സംഖ്യ. 14:1). കാലേബും യോശുവയും അല്ലെങ്കിൽ മോശെയും അഹരോനും പറഞ്ഞത് ജനത്തിന് ബോധ്യമായിരുന്നില്ല. എങ്ങനെയായാലും, സമാപനകൂടാരത്തിൻ മേൽ "യഹോവയുടെ തേജസ്സ്" പ്രത്യക്ഷമായപ്പോൾ (സംഖ്യ. 14:10) സഭയൊക്കെയും മോശയുടെയും അഹരോന്റെയും പ്രാർത്ഥനയോട് യഹോവ പ്രതികരിച്ചത് മനസ്സിലാക്കി അവരുടെ വിശ്വാസകുറവിനെ ഓർത്ത് ദു:ഖിച്ചു. പിന്നെ അവർ പോയി ദേശം കൈവശമാക്കുവാൻ തീരുമാനിച്ചു (സംഖ്യ. 14:39, 40), എന്നാൽ ഒരു ദിവസം താമസിച്ചു പോയി.[66] അവർ മത്സരിക്കുകയും, അതിന്റെ അനന്തരഫലമായി, മരുഭൂമിയിൽ മരിച്ചുപോയി. ദൈവത്തെ അനുസരിക്കുവാൻ ഒരവസരം ലഭിക്കും, ആ സമയം "ഇന്ന്" ആകുന്നു (എബ്രാ. 4:7). ദൈവം പറയുന്നത് "ഇതുവരെ മതി ഇനി അങ്ങോട്ട് പാടില്ല" എന്നാണ്. ഈ ജീവിതത്തിൽ മാനസാന്തരത്തിനും പാപമോചനത്തിനും അവസരം തരുന്നത് പാപങ്ങളുടെ അനന്തരഫലം നീക്കുവാനല്ല. പാപം ചെയ്ത യിസ്രായേലിനോട് ദൈവം ക്ഷമിച്ചു എങ്കിലും, അവർ മരുഭൂമിയിൽ വച്ച് മരിച്ചു പോയി. നാമും അതു പോലെ ആദ്യം ദൈവത്തെ അനുസരിക്കുവാൻ മടിച്ചിട്ട് പിന്നീട് രക്ഷപ്പെട്ടേയ്ക്കാം. എങ്ങനെയായാലും, നിത്യതയിൽ പ്രവേശിക്കുന്നതിന് മുൻപ് നമ്മുടെ താല്ക്കാലികമായ അനുസരണക്കേടിനുള്ള വിവിധ കഷ്ടതകൾ നേരിട്ടേയ്ക്കാം.

യിസ്രായേലിന്റെ അനുസരക്കേട് നിമിത്തമായിരുന്നു അവരുടെ "വീഴ്ച" (*പിപ്റ്റോ*), അർത്ഥം "പരാജയപ്പെടുക" അല്ലെങ്കിൽ "താഴെ വീഴുക." അതേ വാക്കു തന്നെയാണ് റോമർ 11:22 ൽ ഉള്ളത്, കൃപയിൽ നിന്ന് വീണുപോകാൻ സാധ്യതയുണ്ടെന്ന് വ്യക്തമായി പറയുന്ന ബൈബിൾ വാക്യമാണ് അത്. ഒരാൾ ദൈവത്തിന്റെ നന്മയെ തുടർച്ചയായി നിഷേധിച്ചാൽ, അയാൾ "ഛേദിക്കപ്പെടും." വിശ്വാസത്യാഗത്തിന്റെ അപകടം യഥാർത്ഥമാണ്, ഏത് ഉപദേശവാദവും ഈ സത്യത്തിന് മാറ്റം വരുത്തുവാൻ കഴിയുന്നതല്ല.

**ശക്തിയുള്ള വചനം (4:12, 13)**

വചനത്തിന്റെ, ശക്തി തിരിച്ചറിഞ്ഞ് വീടുകളിലും, ക്ലാസുമുറികളിലും, പ്രസംഗപീഠങ്ങളിലും പ്രസംഗിക്കുകയും ഉപദേശിക്കുകയും വേണം. വചനം-പഴയനിയമത്തിലെയും പുതിയനിയമത്തിലെയും-നിരന്തരമായി പ്രായോഗികതയുള്ള ജ്ഞാനമായി പ്രസംഗപീഠത്തിൽ തുറന്നു കാണിക്കണം. വചനം തുടർച്ചയായി ഉപദേശിക്കുക എന്നത് ആയിരിക്കണം സഭാദ്ധ്യക്ഷൻമാരുടെ പ്രാഥമികമായ ലക്ഷ്യം, കാരണം വചനമാണ് മനുഷ്യഹൃദയങ്ങളിൽ ഉള്ള രഹസ്യങ്ങളെ ത്യജിച്ച് നീതിയിലേക്ക് വരുത്തുന്നത്. ബൈബിൾ ക്ലാസ് പഠനവും, ഭവനപഠനവും നല്ലതാണ്, അത് പരസ്യ പ്രസംഗവും, തുറന്ന ബൈബിൾ ഉപദേശവും നടത്തുന്നതിനേക്കാൾ പ്രായോഗികമാണ്.

വചനത്തിന് "തുളച്ച് ചെല്ലുന്ന" ശക്തിയാണുള്ളത്. ധ്യാനിക്കുവാൻ മാത്രമായി ഹൃദയത്തിൽ സൂക്ഷിക്കുവാനുള്ളതല്ല വചനം. അത് ആത്മാവിനുള്ളിൽ പ്രവേശിച്ച് പാപത്തെ ബോധ്യമാക്കുവാൻ അനുവദിക്കണം. നാം അങ്ങനെ ചെയ്തിട്ടുണ്ടോ? പെന്തെകൊസ്തുവാളിലെ ശ്രോതാക്കൾ വചനം കേട്ടപ്പോൾ

അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു (പ്രവൃ. 2:37), അല്ലെങ്കിൽ പാപത്തെ കുറിച്ച് ദുഃഖമുണ്ടായി. വചനം അവരെ കീറി മുറിച്ചു. പത്രൊസ് അവരോട് കൽപിച്ചപ്പോൾ, അവർ മാനസാന്തരപ്പെടുവാനും സ്നാനപ്പെടുവാനും തയ്യാറായി (2:38). നിങ്ങൾ ഒരിക്കലും ഈ പോയിന്റിൽ എത്തിയിട്ടില്ലെങ്കിൽ, നിങ്ങൾ വചനം കേട്ട് ഹൃദയത്തിൽ കുത്തു കൊണ്ടിട്ടില്ല.

വചനം എന്തു ചെയ്യുമെന്ന് താഴെയുള്ള വാക്യങ്ങൾ 12 ഉം 13 ഉം പറയുന്നു: (1) അത് ദൈവത്തിന്റെ വചനം ആണ്. (2) അത് ജീവനുള്ളതാണ്. (3) അത് ശക്തിയുള്ളതും ഉൾനട്ടതുമാണ്. (4) അത് “ഇരു വായ്ത്തലയുള്ള ഏതു വാളിനേക്കാളും”. ഫലപ്രദമാണ്. (5) അത് തുളച്ചു ചെല്ലുന്നതാണ്. (6) അത് പുനരുൽപാദനശേഷിയുള്ളതാണ്, “പ്രാണനേയും ആത്മാവിനേയും വേറുവിടുക്കുന്നതാണ്.” (7) അത് വെളിപ്പെടുത്തുന്നതാണ്. ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതാണ്.[67] കണ്ണാടിയിൽ നാം നമ്മെ നോക്കി കാണുന്നതിനേക്കാൾ വചനം നമ്മെ പ്രതിഫലിപ്പിക്കും (യാക്കൊ. 1:25; 2 കൊ. 3:18).

**നാം ദൈവത്തോട് കണക്ക് കൊടുക്കണം (4:13)**

വരുവാനുള്ള ന്യായവിധിയെ കുറിച്ച് നാം പ്രസംഗിക്കുന്നതെന്തുകൊണ്ട്? “അവന്റെ മുൻപിൽ സർവ്വവും നഗ്നവും മലർന്നതുമാകുന്നു, അവനോടാകുന്നു നമുക്ക് കാര്യമുള്ളത്” (വാ. 13). വരുവാനുള്ള ന്യായവിധിയെ കുറിച്ച് ലേഖകൻ തന്റെ വായനക്കാരോട് പല പ്രാവശ്യം പറഞ്ഞു എങ്കിലും (6:1, 2; 9:27; 10:27), ഈ ബൈബിൾ ഉപദേശം അവർക്ക് സുപരിചിതമാണ് എന്നു കാണിക്കുന്നു. എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ നിൽക്കേണ്ടതാണ് (2 കൊ. 5:10, 11). ക്രിസ്തുവിനെ അനുസരിക്കുവാൻ “മനുഷ്യരെ സമ്മതിപ്പിക്കുവാൻ” പൗലൊസിനെ പ്രേരിപ്പിച്ചത് ആ സത്യമാണ്.

എല്ലാവർക്കും അവസാനം ഒരു ന്യായവിധിയാണുള്ളത് (എബ്രാ. 9:27). ആയിരം വർഷത്തിനുള്ളിൽ രണ്ടോ അല്ലെങ്കിൽ മൂന്നോ ന്യായവിധി എന്ന ഒന്നില്ല, കാരണം നാമെല്ലാവരും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റവന്റെ മുൻപിലേക്കാണ് ന്യായവിധിക്ക് ചെല്ലുന്നത് (യോഹ. 5:28, 29). തങ്ങളുടെ ചുമതലയിലുള്ള ആടുകളെ കുറിച്ച് ഇടയൻ കണക്ക് കൊടുക്കണം (എബ്ര. 13:17). അനുസരിക്കാത്ത ആത്മാക്കൾക്ക് ന്യായവിധി നാളിൽ ഭയങ്കര വിധിയായിരിക്കും അനുഭവപ്പെടുക: “... ‘ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ’ ” എന്നു പറയും (മത്താ. 25:41). നിത്യമായ നരകമെന്ന നിത്യശിക്ഷാവിധി നൽകുന്നില്ലെങ്കിൽ, ന്യായവിധിയുടെ ശക്തിക്ക് വലിയ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല. പൊതുവിൽ പ്രചാരത്തിലിരിക്കുന്ന ഭയത്തെ നമുക്ക് ഒഴിവാക്കാവുന്നതല്ല. നരകത്തെ കുറിച്ചും അതിന്റെ യഥാർത്ഥ സത്യത്തെ കുറിച്ചും നിസാരമായി സംസാരിക്കുന്നവർ, ഇപ്പോൾ ആ വിഷയത്തെ കുറിച്ച് ശക്തമായി സംസാരിക്കും. ന്യായവിധിയെ കുറിച്ച് ഭീരുത്വത്തോടെ പ്രസംഗിച്ച പ്രാസംഗികൻ ന്യായവിധി നാളിൽ എങ്ങനെ അതിനെ അഭിമുഖീകരിക്കും! ഒരുപക്ഷെ അയാളുടെ അവസാന നാളുകളിലെ പ്രസംഗങ്ങൾ “കൃപ നിറഞ്ഞതും” നഷ്ടപ്പെടുന്നവരെ മുന്നറിയിക്കാതെയും ഇരുന്നേക്കാം!

**നമ്മെ പോലെ പരീക്ഷിക്കപ്പെട്ടു (4:14, 15)**

താഴെ കൊടുത്ത വിവരണത്താൽ, യേശുവിന്റെ ഭൂമിയിലെ അനുഭവങ്ങളെ ഒരു ചിത്രീകരണമായി ജി. സി.ബ്രീവെർ നൽകിയിരിക്കുന്നു ടെന്നസിയിലെ ചറ്റനൂഗാ എന്ന സ്ഥലത്ത് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. നാം നേരിടുന്ന സകല വികാരങ്ങളെയുമാണ് യേശു സഹിച്ചത് എന്ന് അദ്ദേഹം പറഞ്ഞു. ആ ഇടവക 1920 കളിൽ മറ്റു പല പരിപാടികളും നടത്തിയിരുന്ന ഒരു ഹാളിലായിരുന്നു ആരാധിച്ചിരുന്നത്. ആരാധന കഴിഞ്ഞ് ബ്രീവെർ പുറത്തിറങ്ങിയപ്പോൾ വാതിൽക്കൽ നിന്ന ചെറുപ്പക്കാരൻ അയാളോട് പറഞ്ഞത് ആ പ്രസംഗത്തിൽ അയാൾ വിശ്വസിക്കുന്നില്ല എന്നാണ്. ആ ചെറുപ്പക്കാരൻ പറഞ്ഞു, "ഞാൻ അനുഭവിച്ചതൊന്നും ഒരിക്കലും യേശു അനുഭവിച്ചിട്ടില്ല." സഹോദരൻ ബ്രീവെർ അയാളെ ശാന്തമായ ഒരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി സംസാരിച്ചു, തന്റെ ഭാര്യയെയും കൊച്ചു കുട്ടിയെയും മറ്റൊരു പുരുഷൻ തട്ടിക്കൊണ്ടുപോയ സംഭവം അയാൾ നിരാശയും ദുഃഖവും കലർന്ന സ്വരത്തിൽ വിവരിച്ചു. അന്നു മുഴുൻ ഭാര്യയെയും കുഞ്ഞിനേയും മടക്കി വാങ്ങുവാനും അയാളെ കൊല്ലുവാനുമായി അയാളെ തിരഞ്ഞു നടന്നുവെങ്കിലും കിട്ടിയില്ല എന്നു പറഞ്ഞു. "യേശു ഒരിക്കലും വിവാഹം കഴിക്കുകയോ, ഭാര്യയും കുഞ്ഞും നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല!" നിരാശയോടെ ആ മനുഷ്യൻ കരഞ്ഞു. സഹോദരൻ ബ്രീവെർ പുറകോട്ട് നോക്കിയപ്പോൾ ആ മുറിയിൽ വേറെ ആരോ ഉപയോഗിച്ച് വെച്ചിരുന്ന ഒരു പിയാനോ ഇരിക്കുന്നതു കണ്ടു. അങ്ങനെ അദ്ദേഹത്തിന് ഒരു ആശയം ഉദിച്ചു. ആ പിയാനോ ശ്രദ്ധിക്കുവാൻ സഹോദരൻ ബ്രീവെർ ആ മനുഷ്യനോട് ആവശ്യപ്പെട്ടു പറഞ്ഞു, "ലോകം കേട്ടിട്ടുള്ള എല്ലാ സംഗീതത്തിനുമായി അതിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗിച്ചിട്ടില്ല, എന്നാൽ എല്ലാ ശ്രുതികളും മീട്ടുന്നതിനുള്ള ഭാഗങ്ങളെല്ലാം, ഉപയോഗത്തിനായി അതിൽ ഉണ്ട്" എന്നു പറഞ്ഞു. അതുപോലെ, "യേശുവിന് നിങ്ങളുടെ അതേ അനുഭവം ഉണ്ടായിട്ടില്ലായിരിക്കാം-പക്ഷെ താൻ ആഴത്തിൽ സ്നേഹിച്ച ഒരു ശിഷ്യന്റെ നഷ്ടത്തിൽ അവൻ അതിയായി ദുഃഖിച്ചിരിക്കണം. നിങ്ങൾ അനുഭവിക്കുന്ന വേദന തീർച്ചയായും അവന് അറിയാം."

നാം വേദനയിലും നിരാശയിലും ആണെന്ന് വിചാരിക്കുന്നു എങ്കിൽ, നമുക്ക് യേശുവിലേക്ക് നോക്കാം. അവന്റെ ജീവിതത്തിൽ ആരംഭം മുതൽ അവസാനം ക്രൂശിൽ കിടക്കുന്നതുവരെ അത്തരം നിറയെ അനുഭവങ്ങൾ നേരിട്ടിരുന്നത് കാണാം അവിടെ കിടന്ന് അവൻ അത്യുച്ചത്തിൽ നിലവിളിച്ചു, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" (മത്താ. 27:46). കർത്താവ് നമ്മോടുകൂടെ ഉള്ളതിനാൽ, അവൻ ക്രൂശിൽ ഏകനായിരുന്നതുപോലെ നാം അങ്ങനെ ആയിരിക്കുന്നില്ല. നമുക്ക് പ്രാർത്ഥന മുഖാന്തരം ക്രിസ്തുവിൽ പിതാവിനോട് "ധൈര്യത്തോടെ" അടുത്തു ചെല്ലാം (വാ. 16). നമ്മുടെ ആഴമേറിയ ആവശ്യങ്ങളോട് നമ്മുടെ കർത്താവ് എപ്പോഴെങ്കിലും "ഇല്ല" എന്നു പറഞ്ഞിട്ടുണ്ടോ? എനിക്ക് സംശയമാണ് കാരണം നമ്മുടെ കർത്താവ് പലപ്പോഴും "അതെ!" എന്നാണ് പറയുന്നത് (2 കൊ. 1:19, 20 നോക്കുക).

എല്ലാം തെറ്റായി ചലിക്കുമ്പോൾ, പ്രാർത്ഥനയോടെ ദൈവത്തോട് അടുത്ത് ചെല്ലുക. ഈ "പ്രായോഗിക" യുഗത്തിൽ ഒരു ദൈവപൈതലിനെ സംബന്ധിച്ച് നമ്മുടെ സ്വർഗസ്ഥനായ പിതാവിനെ ഉപേക്ഷിക്കുന്നതിനേക്കാൾ

വലിയ മറ്റൊരു പാപം ഇല്ല എന്നു പറയാം. മനോഹരമായ ഈ പഴയ ഗാനം നമ്മുടെ ആവശ്യത്തെ മനോഹരമായി പ്രകടിപ്പിച്ചിരിക്കുന്നു:

കഷ്ടം ശോധനകളുണ്ടോ ഏവിധ ദുഃഖങ്ങളും?
ലേശവുമധൈര്യം വേണ്ടാ ചൊല്ലാം യേശുവോടെല്ലാം
ദുഃഖം സർവ്വം വഹിക്കുന്ന, മിത്രം മറ്റാരുമുണ്ടോ?
ക്ഷീണമെല്ലാം അറിയുന്ന യേശുവോട് ചൊല്ലിടാം
ഉണ്ടോ ഭാരം വൈഷമ്യങ്ങൾ, തുമ്പങ്ങളും അസംഖ്യം
രക്ഷകനല്ലോ സങ്കേതം, യേശുവോടറിയിക്കാം.
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ? പോയ് ചൊല്ലേശുവോടെല്ലാം;
ഉള്ളം കയ്യിൽ ഈശൻ കാക്കും അങ്ങുണ്ടാശ്വാസമെല്ലാം.[68]

**സഹതപിക്കുന്ന കർത്താവ് (4:15)**

ഈ അദ്ധ്യായത്തിലെ അവസാന വാക്കുകൾ ശക്തമായ പ്രോൽസാഹനം നൽകുന്നവയാണ്. "ആകാശത്തുകൂടെ കടന്നു പോയവൻ" നമ്മെ കുറിച്ചു കരുതലുള്ളവനാണ്! പല അവസരങ്ങളിലും യേശു തന്റെ സഹതാപവും മനസലിവും കാണിച്ചു. ഇടയനില്ലാത്ത ആടുകളെ പോലെ കണ്ട ജനക്കൂട്ടത്തോട് യേശുവിന് മനസലിവുണ്ടായതായി മത്തായി 9:36-ൽ നാം വായിക്കുന്നു. തന്നെ അനുഗമിച്ച അയ്യായിരത്തിലധികം പുരുഷന്മാർക്ക് (സ്ത്രീകളെയും പുരുഷന്മാരെയും കൂടാതെ) വിശന്നപ്പോൾ അവന് അവരോട് മനസലിവ് തോന്നി അവരെ പോഷിപ്പിച്ചതായി മത്തായി 14:14 കാണിക്കുന്നു. സ്ത്രീകളെയും കുട്ടികളെയും കൂടാതെ നാലായിരത്തോളം പുരുഷന്മാരെ അവൻ പോഷിപ്പിച്ചതായി മത്തായി 15:32-38 ൽ വായിക്കാം.

മനസലിവുണ്ടാകേണ്ടതിനുള്ള ഒരു പാഠം യേശു മത്തായി 18:23-35 ലെ ഉപമയിൽ പഠിപ്പിക്കുന്നു. യെരിഹോവിലെ രണ്ട് കുരുടന്മാരോട് മനസലിവ് തോന്നി അവൻ സൗഖ്യമാക്കിയത് മത്തായി 20:30-34 ൽ വിവരിക്കുന്നു. മർക്കൊസ് 1:40-45 ൽ അവൻ ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കി. അശുദ്ധാത്മാവ്-ബാധിച്ച ഒരു മനുഷ്യനെ യേശു കരുണ തോന്നി സൗഖ്യമാക്കിയതായി മർക്കൊസ് 5:1-20 ൽ പറയുന്നു. മർക്കൊസ് 9:14-27 ൽ "ദയ" തോന്നി ഒരു ബാലന്റെ ഭൂത-ബാധ ഒഴിപ്പിച്ചതായി വിവരിക്കുന്നു. ലൂക്കോസ് 7:11-17 ൽ, നയിനിലെ ഒരു വിധവയുടെ ഏക മകനെ അവൻ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു. മനസലിവ് ഒരു പ്രത്യേക രീതിയിൽ പഠിപ്പിക്കുന്നതിന് ശമര്യക്കാരന്റെ സംഭവം ലൂക്കൊസ് 10:30-37 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കൊസ് 15:11-24 ൽ, പരീശന്മാരുടെ തെറ്റായ മനോഭാവത്തെ തിരുത്തുവാൻ, തെറ്റിപ്പോയ മകനോടുള്ള ഒരു അപ്പന്റെ മനസലിവ് അവൻ കാണിച്ചുകൊടുക്കുന്നു. ദരിദ്രന്മാരോടും, തരംതാഴ്ത്തപ്പെട്ടവരോടും, രോഗികളോടും, അടിച്ചമർത്തപ്പെട്ടവരോടും യേശുവിന് നിറഞ്ഞ സഹതാപവും മനസലിവുമാണ് ഉള്ളത്. നമുക്ക് അതിൽ കുറഞ്ഞിരിപ്പാൻ കഴിയുമോ? തീർച്ചയായും കരുണ കാണിക്കുന്നവനോട് അവൻ കരുണയുള്ളവനും, മനസലിവ് കാണിക്കുന്നവനോട് മനസലിവുള്ളവനും ആയിരിക്കും. ഏറ്റവും താഴ്ന്ന സേവനം ചെയ്യുവാൻ അവൻ എപ്പോഴും തയ്യാറായിരിക്കും-നമ്മുടെ കാലുകൾ കഴുകുവാനും, നമ്മുടെ വീഴ്ച്ചയിൽ നിന്ന് നമ്മെ എഴുന്നേൽപ്പിക്കുവാനും, രക്ഷയുടെ സന്തോഷം നമുക്ക് തിരികെ നൽകുവാനും അവൻ സന്നദ്ധനാണ്. നാം മാനസാന്തരപ്പെട്ട്, അവൻ ചെയ്ത

തുപോലെ നാം മനസലിവ് കാണിക്കുമ്പോഴാണ് ഇതെല്ലാം സാധ്യമാകുന്നത്.

**മനസലിവുള്ള നമ്മുടെ രക്ഷകൻ (4:15)**

ഒന്നാം നൂറ്റാണ്ടിലെ ആളുകൾക്ക് ആവശ്യമായിരുന്നതുപോലെ നമുക്കും ഒരു മനസലിവുള്ള രക്ഷകൻ ആവശ്യമാണ്. യവന ഭാഷ സംസാരിക്കുന്ന വർക്കിടയിൽ സ്റ്റോയിക് തത്വശാസ്ത്രം ശക്തമാണ്. മനുഷ്യരുടെ വികാരങ്ങൾ മനസിലാക്കുവാനോ വ്യക്തികളെ കുറിച്ചു കരുതുവാനോ ദൈവത്തിന് കഴിയു കയില്ല എന്നാണ് സ്റ്റോയിക്കുകാരുടെ വിശ്വാസം. ദൈവത്തെ കുറിച്ചുള്ള അവ രുടെ ആശയം വ്യക്തമാക്കുന്ന വാക്കാണ് *അപാതെയിയ*, അതിൽ നിന്നാണ് നമുക്ക് "അപാതെറ്റിക്" എന്ന ഇംഗ്ലീഷ് വാക്ക് ലഭിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുവാൻ വരുന്നവർ ജീവിതത്തെ കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് മുഴുവൻ മാറ്റേണ്ടി വരുന്നു. പലർക്കും ആ വാർത്ത ഭയങ്കര ഭാരമായി തീർന്നി രുന്നു. "നമ്മുടെ ദൈവം കരുതുന്നവനാണ്!" അവന്റെ കരുതലിനെ കുറിച്ച് ധാരാളം തെളിവുകൾ ലോകത്തിൽ കാണാം (റോമ. 1:19, 20). അവൻ സൂര്യ പ്രകാശവും, മഴയും, സമർത്ഥമായ വിളവും നൽകി അവന്റെ സൃഷ്ടികളെ യെല്ലാം പോഷിപ്പിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്ന ജാതികൾ "ഭൂമി യെ അവകാശമാക്കും" (മത്താ. 5:5), വാസ്തവത്തിലുള്ള വിശ്വാസികൾക്ക് മാത്രമേ ദൈവത്തിൽ നിന്ന് വരുന്ന നന്മയെ കാണുവാൻ കഴിയുകയുള്ളു. തന്റെ സൃഷ്ടികൾ കരയുമ്പോൾ, "ഞാൻ ശ്രദ്ധിക്കും!" അവൻ ഒരിക്കലും ഉദാസീനനായ ദൈവമല്ല.

ക്രിസ്ത്യാനികൾക്ക് പ്രശ്നങ്ങളും വേദനകളും ഉണ്ടാകുമ്പോൾ, വ്യത്യ സ്ത മനോഭാവത്തോടെയാണ് അതിനെ കാണുന്നത്. സ്വർഗ്ഗീയ ഭവനത്തിലെ തേജസ്സിനെകുറിച്ച് ഓർക്കുമ്പോൾ ഈ ലോകത്തിലെ താൽക്കാലികമായ കഷ്ടങ്ങൾ ഒന്നും അല്ലായെന്ന് നമുക്ക് തിരിച്ചറിയുവാൻ കഴിയും (2 കൊ. 4:16–18). സ്വർണ്ണനിറമുള്ള സൂര്യാസ്തമയമോ അല്ലെങ്കിൽ തഴച്ചുവളരുന്ന വസ ന്തത്തിന്റെ സന്തോഷമോ അ-ക്രൈസ്തവർക്ക് അജ്ഞാതമാണ്. ക്രിസ്തുവി ലുള്ള ആശ്രയം നിമിത്തം ലോകത്തെ നമുക്ക് കൂടുതലായി ആസ്വാദിക്കാൻ കഴിയും.

**അവന്റെ നാമത്തിൽ ചെല്ലുന്നത് (4:16)**

ആഭ്യന്തര യുദ്ധത്തിന് പോയ ഒരു ബാങ്കറുടെ മകന്റെ സംഭവം പ റഞ്ഞ് കേട്ടിട്ടുണ്ട്. ആ അപ്പൻ തന്റെ മകനെ കുറിച്ചും, യുദ്ധത്തിൽ ഏർപ്പെ ട്ടിരുന്നവർക്കും മുറിവേറ്റ ഭടൻമാർക്കും ധാരാളം പണം മുടക്കിയിരുന്നതി നാൽ അവരെ കുറിച്ച് വിചാരപ്പെട്ടിരുന്നു. ആ പ്രവർത്തനത്തിലേർപ്പെട്ടി രുന്ന ബാങ്കറോട് മേലുദ്യോഗസ്ഥൻ, അതു നിർത്തുവാൻ കർശന താക്കീതു നൽകിയിരുന്നു. ഒരു ദിവസം, എങ്ങനെയായാലും, ഒരു യുവാവ് അവന്റെ ഓഫീസിലേക്ക് ചെന്നു. അവന്റെ മുഖം വാടിയും മുറിവേറ്റ് ഭേദമാകാതി രിക്കുന്ന നിലയിലുമായിരുന്നു ആ പടയാളി മടങ്ങി വന്നത്. ആ യുവാവ് പോക്കറ്റിൽ നിന്നും നനഞ്ഞ്-കീറിതുടങ്ങിയ ഒരു എഴുത്ത് എടുത്ത് ബാങ്കർക്ക് കൊടുത്തു, അതിൽ ഇങ്ങനെ വായിച്ചു "പ്രിയപ്പെട്ട അപ്പാ: ഈ എഴുത്തുമായി വരുന്നയാൾ, എന്നോടു കൂടെ യുദ്ധത്തിൽ മുറിവേറ്റയാളാണ്. ദയവായി എന്നെ കരുതുന്നത് പോലെ അപ്പൻ അവനെ കരുതണം. അപ്പന്റെ മകൻ, ജോൺ." ആ യുവഭടന് ആവശ്യമുള്ളതെല്ലാം ബാങ്കർ ചെയ്ത് കൊടുത്തു;

അവൻ സ്വന്തം പേരിൽ വന്നിരുന്നു എങ്കിൽ, ബാങ്കർ ഒന്നും ചെയ്യുമായിരുന്നില്ല. എന്നാൽ ബാങ്കറുടെ മകന്റെ പേരിൽ വന്നതിനാലാണ് എല്ലാം ചെയ്ത് കൊടുത്തത്. പിതാവിന്റെ അടുത്ത് നമുക്ക് ഒരു കാര്യസ്ഥൻ ഉള്ളത് എത്ര അനുഗ്രഹപ്രദമാണ്! ക്രിസ്തു നിമിത്തം, നമ്മുടെ പുതിയ മഹാപുരോഹിതൻ, നമ്മുടെ അപേക്ഷകൾ കേൾക്കുന്നവനാണ്!

**ദൈവത്തോട് അടുത്ത് ചെല്ലുക (4:16)**

ക്രിസ്ത്യാനികളായതു കൊണ്ട് നമുക്ക് ദൈവത്തോട് അടുത്ത് ചെല്ലുവാൻ നിയന്ത്രണമില്ല. നമുക്ക് അവനോട് സംസാരിപ്പാൻ കഴിയുന്നത് കൊണ്ട്, ഇടയ്ക്ക്-വെച്ച് മനുഷ്യർക്കിടയിൽ മറ്റാരുടെയും ആവശ്യമില്ല. നാം ഓരോരുത്തരും ദൈവത്തിന് പുരോഹിതൻമാരും, വിശുദ്ധ രാജകീയ പുരോഹിത വർഗ്ഗവുമാണ് (1 പത്രൊ. 2:5, 9). അതിനർത്ഥം നാം ദൈവത്തിന് വിലയുള്ളവരാണ്. ഓരോ വിശുദ്ധനും പ്രാർത്ഥനയിൽ ദൈവത്തോട് അടുത്ത് ചെല്ലുവാനും കർത്തവ്യങ്ങൾ നിർവ്വഹിപ്പാനുമാണ് ദൈവം നിയമിച്ചിരിക്കുന്നത്. “എന്റെ മദ്ധ്യസ്ഥനായ യേശുക്രിസ്തു മുഖാന്തരം, അവനോട് കൂടെ ദൈവസിംഹാസന മുറിയിലേക്ക് ആത്മീയമായി പ്രവേശിക്കുവാൻ എനിക്ക് കഴിയും.”

**കൃപാസനത്തോട് അടുത്ത് ചെല്ലുക (4:16)**

നീതി നിർവ്വഹിക്കുന്നതിന് ഒന്നും, കരുണ കാണിക്കുന്നതിന് മറ്റൊന്നും എന്ന നിലയിൽ, ദൈവത്തിന് രണ്ട് സിംഹാസനങ്ങളില്ല. മത്സരികൾക്ക് ഭയപ്പെടുത്തുന്നതും വിശ്വസ്തർക്കു ആശ്വാസം നൽകുന്നതുമായ വിധി ഒരേ സിംഹാസനത്തിൽ നിന്നാണ് പുറപ്പെടുവിക്കുന്നത്. ദൈവത്തിന്റെ മക്കൾക്ക് ഇങ്ങനെ പറയുവാൻ കഴിയും, “നമ്മുടെ പിതാവ് ...” നമുക്ക് നിർവൃതി നൽകും. പാപിക്ക് ഒന്നും പറയുവാൻ കഴിയുകയില്ല, ദൈവത്തോട് ധൈര്യത്തോടെ അടുത്ത് ചെല്ലുവാനും സാധ്യമല്ല. നമുക്ക് അവനോട്, “ധൈര്യമായിരിക്ക!” എന്ന് പറയുവാൻ സാധ്യമല്ല. എങ്ങനെയായാലും, ദൈവമക്കൾക്ക് പുരാതനകാലം മുതൽക്ക് സ്നേഹവാനായ പിതാവിന്റെ അടുക്കൽ ധൈര്യത്തോടെ പ്രവേശിക്കാം. ദൈവപുത്രനോട് കൂടെ പ്രാർത്ഥനയിൽ ചേർന്ന് പിതാവിനോട് അപേക്ഷിക്കാം, കാരണം അവൻ കരുണയോടെ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു (എബ്ര. 7:25). അവൻ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥൻ ആയിരിക്കയാൽ, സ്വർഗ്ഗത്തിൽ എപ്പോഴും മനുഷ്യരുടെ പ്രതിനിധിയായി ഇരിക്കുന്നു (1 തിമൊ. 2:5 നോക്കുക).

---

കുറിപ്പുകൾ

[1]എഫ്. എഫ്. ബ്രൂസ്, ദ എപ്പിസ്റ്റിൽ റ്റു ദ ഹീബ്രൂസ്, ദ ന്യൂ ഇന്റർനാഷണൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 73, എൻ. 17. [2]ഫിലൊ പറഞ്ഞത് ദൈവത്തിന് “സ്വസ്ഥത എന്നേക്കും ആസ്വാദിപ്പാൻ കഴിയുന്നത് ... നിർത്തുവാൻ സാധ്യമല്ല എന്നാണ്” (ഫിലൊ ഓൺ ദ കെരുമ്പിം 87-90). നീൽ ആർ. ലൈറ്റ്ഫുട് ‘‘സ്വസ്ഥത’’ എന്ന് സമ്മതിച്ചത് വർത്തമാനകാലത്തിലാണ്, അത് മത്തായി 11:28 ലേതു പോലെയാണ്. (നീൽ ആർ. ലൈറ്റ്ഫുട്, ജീസസ് ക്രൈസ്റ്റ് റ്റുഡേ: എ കമന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ് [ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.:

ബേക്കർ ബുക്ക് ഹൗസ്, 1976], 96.) [3]വില്യം ബാർക്ലേ, ദ ലെറ്റർ ടു ദ ഹീബ്രൂസ്, 2ഡ് എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലഡെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്സ്, 1957), 31. [4]അലെക്സാണ്ടർ സി. പുർഡി, "ദ എപ്പിസ്റ്റിൽ റ്റു ദ ഹീബ്രൂസ്: ഇൻട്രൊഡക്ഷൻ ആന്റ് എക്സെജെസിസ്," ഇൻ ദ ഇന്റർപ്രെട്ടേഴ്സ് ബൈബിൾ (നാഷ്‌വില്ലേ: അബിങ്ഡൺ പ്രസ്സ്, 1955), 11:630–31. [5]ജിമ്മി അലെൻ, സർവേ ഓഫ് ഹീബ്രൂസ്: 2ഡ് എഡി (സിയേർസി, ആർക്ക്.: ബൈ ദ ആദർ, 1984), 51. [6]1 കൊരിന്ത്യർ 10:1–13 ഉം റോമർ 15:4 ഉം പഴയനിയമത്തിലേക്കാണ് വിരൽ ചൂണ്ടുന്നത് അത് വിലയുള്ള ഒരു കാരണമാണ്. [7]തോമസ് ഹെവിറ്റ്, ദ എപ്പിസ്റ്റിൽ റ്റു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 86. [8]സുവിശേഷം സകല ദേശത്തേക്കും വ്യാപിച്ചതായി പൗലൊസ് അന്തർലീനമാക്കിയപ്പോൾ ലോകം മുഴുവൻ പരിവർത്തനം ചെയ്തതായി ഒരിടത്തും ഇല്ല (കൊലൊ. 1:5, 6, 23). [9]എൻകെജെവിയിൽ ഒരു വ്യത്യാസം കയ്യെഴുത്തു പ്രതിയിൽ നിന്ന് കാണാവുന്നത് തർജിമ ചെയ്താണ് "കേട്ടവർ അത് വിശ്വാസത്തിലേക്ക് ചേർത്തില്ല." അർത്ഥം എൻഎഎസ്ബിയിലേത് ആണ്. [10]ഡൊണാൾഡ് ഗത്രി, ദ ലറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി, ദ ടിൻഡേയിൽ ന്യൂ ടെസ്റ്റ്മെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 112. കൂടാതെ നോക്കുക പ്രവൃ. 19:1–6, അവിടെ അപ്പല്ലോസിന്റെയും മറ്റു ചിലരുടേയും പരിവർത്തനങ്ങളെ കുറിച്ച് ചോദിച്ചത് "നിങ്ങൾ വിശ്വസിച്ചപ്പോൾ," എന്നാണ്. പരിശുദ്ധാത്മാവിനെ കുറിച്ച് അവർ കേൾക്കാതിരുന്നതിനാൽ അവരുടെ സ്നാനം അസാധു ആയിരുന്നു, അത് യോഹന്നാന്റെ സ്നാനം ആയിരുന്നു എന്ന് അവൻ മനസ്സിലാക്കി. ആരെങ്കിലും വിശ്വസിച്ചു എന്ന് അവകാശപ്പെട്ടാൽ അതിൽ സ്നാനവും കൂടെ ഉൾപ്പെട്ടിരുന്നതായി അനുമാനിക്കാം.

[11]ഇബിഡ്. [12]എഎസ്‌വിയിലും എൻകെജെവിയിലും ഏകദേശം ഒരേ തർജിമയാണ്. എൻഐവി "അവർ ഒരിക്കലും എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നാണ്." [13]ഗാരത് എൽ. റീസ്, എ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (മോബെർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്സ്, 1992), 54, എൻ. 4. [14]ഇബിഡ്., 57, എൻ. 20. നോക്കുക എബ്ര. 9:26; മത്താ. 13:35; 25:34; ലൂക്കൊ. 11:50; യോഹ. 17:24; എഫെ. 1:4; 1 പത്രൊ. 1:20; വെളി. 13:8; 17:8. [15]ആർതർ ഡബ്ളിയൂ. പിൻക്, ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 205. [16]എടുത്തിരിക്കുന്നത്, ജെ. ഹാരി കോട്ടൺ, "ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ്: എക്സ്പൊസിഷൻ," ഇൻ ദ ഇന്റർപ്രെട്ടേഴ്സ് ബൈബിൾ, എഡി. ജോർജ് ആർതർ ബട്രിക്ക് (നാഷ്‌വില്ലേ: അബിങ്ഡൺ പ്രസ്സ്, 1955), 11:631. [17]ബ്രൂക്ക് ഫോസ്സ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ്: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്സ് ആന്റ് എസ്സെയിസ്റ്റ് (ലണ്ടൻ: മാക്മിലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1973), 96. ക്ലെമന്റ് ഓഫ് റോമിന്റെയും ഫിലൊയുടെയും ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത് ആ ഉപയോഗം സാധാരണയായിരുന്നു എന്നാണ്. [18]എങ്ങനെയായാലും "മസ്റ്റ്" ഗ്രീക്ക് ടെക്സ്റ്റിൽ കാണുന്നില്ല. [19]മിദ്രാശ് കോഹലെത് 10:20.1. മരുഭൂമിയിൽ വച്ച് വിശ്വാസകുറവ് നിമിത്തം അവരെല്ലാവരും നശിച്ച് പോയി എന്നത് റബ്ബിമാർക്ക് ഒരു പ്രശ്നമായിരുന്നു. പുത്രൻ രാജധാനിയിൽ ഒരിക്കലും പ്രവേശിക്കുവാൻ പാടില്ല എന്ന വാർത്ത കേട്ട് രാജാവ് ക്ഷുഭിതനായി തീർന്നു എന്ന ഉപമയുമായിട്ടാണ് അവർ വന്നത്. അവന്റെ കോപം ശമിച്ചപ്പോൾ, പഴയ രാജധാനി

പൊളിച്ച് കളയുകയും, പുതിയത് ഒന്ന് പണിയുകയും ചെയ്തു (റീസ്, 59, എൻ. 27). സമാനതകൾ ഒന്നും തെളിയിക്കുന്നില്ല; അവ പലപ്പോഴും "പഴുത് കണ്ടെത്തുന്നവയാണ്," അത് എബ്രായ ലേഖനം ചെയ്യുന്നില്ല. [20]ഗത്രി, 114.

[21]എങ്ങനെയായാലും, അവൻ പാറയിൽ പ്രത്യക്ഷനായതിനാൽ, വേദഭാഗം പറയുന്നത് വാസ്തവത്തിൽ യേശുവിനെയാണെന്ന് പലരും വിശ്വസിക്കുന്നു (1 കൊ. 10:4) "ക്രിസ്തുവിന്റെ നിന്ദ"യെ കുറിച്ച് മോശെ മനസ്സിലാക്കുകയും ചെയ്തു (എബ്ര. 11:26). [22]വെസ്റ്റ്കോട്ട്, 98. [23]ഫിലിപ്പ് എഡ്കുംമ്പേ ഹ്യൂഗ്സ്, എ കമന്ററി ഓൺ ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 160–61, എൻ. 67; പ്ലൂടാർക് മോറൽസ് 166. [24]റോബർട്ട് മില്ലിഗൻ, എ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ന്യൂ ടെസ്റ്റമെന്റ് കമന്ററീസ് (സിൻസിനാറ്റി: ചെയ്സ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്വില്ലേ: ഗോസ്പൽ അഡ്വക്കേറ്റ് കമ്പനി., 1975), 166. [25]"ഒരുവൻ" എന്ന് പറഞ്ഞിരിക്കുന്നത് യേശുക്രിസ്തുവിനെ ആണെന്നാണ് റീസ് ഉദ്ധരിച്ചത് പറഞ്ഞത്, 3:1. (റീസ്, 61–62.) [26]ആൽബർട്ട് ബാർണെസ് നോട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്: ഹീബ്രൂസ് ടു ജൂഡ് (ലണ്ടൻ: ബ്ലാക്കി ആന്റ് സൺ, 1884–85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ബേക്കർ ബുക്ക് ഹൗസ്, 1985), 103. [27]ഹ്യൂഗ്സ്, 62, എൻ. 44. [28]ഐസക് വാട്സ്, "ആം ഐ എ സോൾജിയർ ഓഫ് ദ ക്രോസ്സ്?" സോങ്സ് ഓഫ് ദ ചർച്ച്, കോംപ്. ആൻഡ് എഡി. ആൾട്ടൺ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷേസ്, 1977). [29]അലെൻ, 52. [30]റെയ്മണ് ബ്രൗൺ, ദ മെസ്സേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബൗ ആൾ, ദ ബൈബിൾ സ്പീക്ക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1982), 90.

[31]റീസ്, 63. [32]കെന്നത്ത് സാമുവൽ വൂസ്റ്റ്, ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1947), 88. [33]ഹ്യൂഗ്സ്, 167. [34]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്," ഇൻ ദ ഇന്റർനാഷണൽ ബൈബിൾ കമന്ററി, എഡി. എഫ്. എഫ്.ബ്രൂസ്, എച്ച്. എൽ. എലിസൺ, ആന്റ് ജി. സി. ഡി. ഹാവ്ലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1986), 1513. [35]യോഹ. 1:1–3, 14; 1 യോഹ. 1:1, 10; വെളി. 19:13 നോക്കുക. ലോഗോസ് എന്ന വാക്ക് ഫിലൊ ഉപയോഗിച്ചതിന് സമാന്തരമായി ചില എഴുത്തുകാർ അതിനെ "ദൈവീക ചിന്ത" ആയി കാണുന്നു. ഇവിടെയും യോഹന്നാൻ (1:1) ലും ലോഗോസ് ഉപയോഗിച്ചിരിക്കുന്നു, എന്നാൽ എബ്രായ ലേഖനത്തിൽ യേശുവിനെ എന്ന് പറയാതെ "ദൈവവചനം" എന്ന് പറഞ്ഞിരിക്കുന്നു (വെസ്റ്റ്കോട്ട്, 101). [36]വാരെൻ ഡബ്ളിയൂ. വിയേഴ്സ്ബെ, ബി കോൺഫിഡെന്റ്: ആൻ എക്സ്പോസിറ്ററി സ്റ്റഡി ഓഫ് ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ് (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1982), 44. [37]ഗത്രി, 117. [38]കോട്ടൺ, 11:630. [39]ഹെവിറ്റ്, 90. വെസ്റ്റ്കോട്ട് ഇതേ അഭിപ്രായം പറഞ്ഞിരിക്കുന്നു: "അത് [വചനം] ഭൂമിയിലെ നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും കാണാം" (വെസ്റ്റ്കോട്ട്, 102). [40]ആർ. സി. എച്ച്. ലെൻസ്കി, ദ ഇന്റർപ്രെട്ടേഷൻ ഓഫ് ദ എപ്പിസ്റ്റിൽ റ്റു ദ ഹീബ്രൂസ് ആന്റ് ദ എപ്പിസ്റ്റൽ ഓഫ് ജെയിംസ് (കൊളംബസ്, ഓഹിയോ: വാർട്ട്ബർഗ് പ്രസ്സ്, 1946), 144.

[41]ജെയിംസ് ബർട്ടൺ കോഫ്മാൻ, കമന്ററി ഓൺ ഹീബ്രൂസ് (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 90–91. [42]റേ സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1992), 60. [43]ബ്രൗൺ, 95. [44]ജോസഫസ് ആന്റികിറ്റീസ് 3.6.4.

[45]വെസ്റ്റ്കോട്ട്, 106. [46]ലൈറ്റ്ഫൂട്ട്, 100. [47]വെസ്റ്റ്കോട്ട്, 107. [48]ഇത് അന്തർലീനമാക്കുന്നത് ബലഹീനതയല്ല, ശക്തിയാണ്. [49]കോഫ്മാൻ, 94. [50]അലെൻ, 55–56.

[51]ജെറാൾഡ് എഫ്. ഹാവ്ത്രോൺ പറഞ്ഞത് യേശു മനുഷ്യനായിരുന്നപ്പോൾ, അവന്റെ അറിവ് പരിമിതമായിരുന്നതിനാൽ, അവൻ പാപത്തെ കുറിച്ച് അറിഞ്ഞിരിക്കുവാൻ സാധ്യതയില്ലെന്നാണ് (മർ. 13:32) (ഹാത്രോൺ, 1513). തിരുവെഴുത്ത് പറയുന്നത് അവൻ ചെയ്തിട്ടില്ല എന്നു മാത്രമാണ് (2 കൊ. 5:21; 1 പത്രൊ. 2:21, 22; യോഹ. 8:29, 46; 10:32; 1 യോഹ. 3:6, 7). [52]ഫിലൊ ഓൺ ഡ്രീംസ് 2.230–32. [53]ആ വാക്ക് LXX ൽ സാങ്കേതിക വാക്കാണ്. "പൗരോഹിത്യ ശുശ്രൂഷക്കായി പുരോഹിതന്മാർ ദൈവത്തിന്റെ സന്നിധിയിൽ എത്തുന്നത്" (വെസ്റ്റ്കോട്ട്, 108). അതിന് വിശാലമായ അർത്ഥമുണ്ടെങ്കിലും, ലേവ്യാപുസ്തകം 21:17, 21; 22:3 ൽ ഉപയോഗിച്ചിരിക്കുന്നത് ഈ രീതിയിലാണ്. [54]ഇബിഡ്. [55]വിയേഴ്സ്ബെ, 48. [56]ലെൻസ്കി എതിർത്തു പറഞ്ഞു, "നാം ഇപ്പോഴും ആത്മാവും പ്രാണനും രണ്ടായി വേർപിരിയുന്നതു കാണുവാൻ കാത്തിരിക്കുകയാണ്'' (ലെൻസ്കി, 144). [57]ജോർജ് വെസ്ലീ ബുക്കാനാൻ, റ്റു ദ ഹീബ്രൂസ്: ട്രാൻസ്ലേഷൻ, കമന്റ്, ആന്റ് കൺക്ലൂഷൻസ്, ദ ആങ്കർ ബൈബിൾ, വാല്യം. 36 (ഗാർഡൻ സിറ്റി, ന്യൂയോർക്ക്: ഡബിൾഡേ, 1972), 75. [58]റീസ്, 64, എൻ. 52. [59]ക്രിസ്ത്യാനികൾക്ക് "ശബ്ബത്ത് സ്വസ്ഥത" വാഗ്ദാനം ചെയ്ത് നിറവേറ്റുകയും സ്വർഗീയ ഭവനം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടും ചിലർ (ഉദാഹരണമായി പിൻക്, 210–11) ശബ്ബത്ത് ഇപ്പോഴും കെട്ടപ്പെട്ടിരിക്കുന്നു എന്നു പറയുന്നത് അതിശയിപ്പിക്കുന്നു. [60]ക്രെയിഗ് ആർ. കോസ്റ്റർ, ഹീബ്രൂസ്: എ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യൂയോർക്ക്: ഡബിൾഡേ, 2001), 279.

[61]കോട്ടൺ, 632. [62]ബ്രൂസ്, 74–75, എൻ. 20. ബ്രൂസ് ഈ കാര്യങ്ങളെ കുറിച്ച് രണ്ടാം നൂറ്റാണ്ടിലെ ബർന്നബാസിന്റെ കാഴ്ച്ചപ്പാടിൽനിന്നു ദീർഘമായി പ്രസ്താവിച്ചിരിക്കുന്നു. [63]അഡാപ്റ്റഡ് ഫ്രം ബാർക്ലേ, 33. [64]സ്റ്റെഡ്മാൻ, 57. [65]ബ്രൗൺ, 90. [66]ദ "ഡേ ടൂ ലെയ്റ്റ്" എന്ന ആശയം പറഞ്ഞിരിക്കുന്നത് പിൻക്, 214. [67]പിൻക്, 217. പിൻകിന്റെ ആറാമത്തെ പ്രസ്താവന ഈ ഭാഗത്തെ സംബന്ധിച്ച് കാഴ്ചപ്പാട് കാണിക്കുന്നു-അർത്ഥം വ്യക്തമാക്കുന്നത് "ആത്മാവിനെയും പ്രാണനെയും തമ്മിൽ വേർപിരിക്കുന്നു എന്നാണ്." [68]ജോസഫ് എം സ്ക്രിവൻ, "വാട്ട് ഏ ഫ്രന്റ് വി ഹാവ് ഇൻ ജീസസ്,"സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയ്സ് കോമ്പ്. എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994).